# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മാർച്ച് 24 | ദീപം 55 | നാളം 4 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org



# യുദ്ധം നിറുത്തൂ... അതു ഭ്രാന്താണ്



ടോണി ചിറ്റിലപ്പള്ളി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ യൂറോപ്പിലെ ആദ്യത്തെ യുദ്ധമാണ് യുക്രെയ്നിലെ റഷ്യൻ അധിനിവേശം. അതു ലോകത്തിനു പല വെല്ലുവിളികൾ ഉയർത്തുന്നുമുണ്ട്. ലോകം സാർവത്രികമായി അംഗീകരിച്ച ധാർമികാധികാരത്തിന്റെ ശബ്ദമായ ഫ്രാൻസിസ് മാർപാപ്പാ, ആ വെല്ലുവിളികളെ നേരിടാൻ മുന്നിട്ടിറങ്ങിയിരിക്കുന്നു. യുദ്ധം പൊട്ടിപ്പുറപ്പെട്ട ദിവസംതന്നെ അദ്ദേഹം റഷ്യൻ എംബസിയിലേക്കു പോയി. ആ സന്ദർശനം ഉറപ്പായും യുദ്ധത്തിനെതിരേ ശക്തമായ സന്ദേശം നൽകി.

മാർച്ച് 6 ന്, തന്റെ പ്രതിവാരപ്രസംഗത്തിൽ മാർപാപ്പ കൂടുതൽ കൃത്യമായി പറഞ്ഞു: "യുക്രെയ്നിൽ രക്തത്തിന്റെയും കണ്ണീരിന്റെയും നദികൾ ഒഴുകുന്നു. ഇതു കേവലം ഒരു സൈനികനടപടിയല്ല; മറിച്ച്, മരണവും നാശവും ദുരിതവും വിതയ്ക്കുന്ന ഒരു യുദ്ധമാണ്."

ഇവിടെ ആക്രമണകാരി ഒരു ആണവശക്തിയാണ് എന്നതാണ് ശ്രദ്ധയാകർഷിക്കുന്ന ആദ്യത്തെ വസ്തുത. ലോകസമാധാനത്തിനുവേണ്ടിയുള്ള ഏതൊരു നടപടി സ്വീകരിക്കുന്നതും ആണവായുധങ്ങൾ ഉപയോഗിക്കുന്നതിന് ഉത്തരവിടാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ പ്രേരിപ്പിച്ചേക്കാവുന്ന സാധ്യതയ്ക്കെതിരേ വേണം. റഷ്യയുടെ ഹൈപ്പർസോണിക് ആണവമിസൈലുകൾ ലോകത്തിന് ഒരു യഥാർത്ഥഭീഷണിയാണെന്ന് റഷ്യൻ അനലിസ്റ്റ് ഫിയോണ ഹിൽ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തിലൂടെ, വംശീയ - ദേശീയതയുടെ വർദ്ധിച്ചുവരുന്ന വെറുപ്പ് സമാധാനപരവും ഏകീകൃതവുമായ യൂറോപ്പിന്റെ കാഴ്ചപ്പാടിനെ വെല്ലുവിളിച്ചിരിക്കുകയാണ്. ഈ സ്ഥലങ്ങളിൽ വത്തിക്കാൻ ഇത്രയും കാലം സമാധാനത്തിനായി പരിശ്രമിച്ചു എന്നതു കണക്കിലെടുക്കണം. സമാധാനത്തിനായുള്ള യുക്തികൾ എല്ലാ സ്വാർത്ഥ താത്പര്യകണക്കുകൂട്ടലുകളെയും ആയുധോപയോഗം നൽകുന്ന ഉറപ്പുകളെയുംകാൾ ശക്തമാണ്.

നവലിബറലിസവും അതിന്റെ ദുഷിച്ച ഫലങ്ങളും, വരുമാന അസമത്വം, പരിസ്ഥിതിത്തകർച്ച എന്നിവയെയും പാപ്പാ അപലപിക്കുന്നു. ലോകനേതാക്കൾക്കിടയിലും വിവിധ തരത്തിലുള്ള മതനേതാക്കൾക്കിടയിലും ഫ്രാൻസിസ് പാപ്പ അതുല്യനായി നിൽക്കുന്നത് അതുകൊണ്ടുതന്നെയാണ്. ലോകജനസംഖ്യയുടെ ആറിലൊന്നു വരുന്ന 1.3 ബില്യൺ ജനങ്ങളുടെ ആത്മീയനേതാവാണ് ഫ്രാൻസിസ് മാർപാപ്പ. കത്തോലിക്കാസഭയുടെ ദീർഘകാല യാഥാസ്ഥിതിക പ്രതിച്ഛായ മാറ്റുകയെന്നത് അദ്ദേഹം തന്റെ വ്യക്തിപരമായ ദൗത്യമാക്കി മാറ്റിയിരിക്കുന്നു.



യുക്രെയ്നിനെതിരായ ആക്രമണത്തിന്റെ ബാക്കിപത്രങ്ങൾ ലോകത്തിൽ മാർപാപ്പയുടെ ധാർമിക ശബ്ദം കൂടുതൽ അനിവാര്യമാക്കുന്നു. ഇപ്പോൾ, എല്ലാ ദിവസവും, കീവിലെയും, ഖാർകീവിലെയും അപ്പാർട്ട്മെന്റുകളിൽ റഷ്യൻ ബോംബുകൾ പതിക്കുന്ന വീഡിയോകൾ ലോകമെമ്പാടുമുള്ള ടെലിവിഷനുകളിൽ എത്തുന്നു. പരിശുദ്ധ പിതാവ് തുടർച്ചയായി യുക്രെയ്നിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നു.

വ്യക്തതയോടെ ഒരു ധാർമികദർശനം പ്രകടിപ്പിക്കാൻ ഫ്രാൻസിസ് മാർപാപ്പ പ്രാപ്തനാണെന്നു നമുക്കറിയാം. തന്റെ ഒമ്പതു വർഷത്തെ മാർപാപ്പ പദവിയിലുടനീളം, ലോകമെമ്പാടുമുള്ള നിരവധി സംഘട്ടനങ്ങളെക്കുറിച്ച് അദ്ദേഹം വിലപിച്ചിട്ടുണ്ട്. നാം 'മൂന്നാം ലോകമഹായുദ്ധം' നേരിടുന്നുവെന്ന് പല തവണ മാർപാപ്പ നമ്മെ ഓർമിപ്പിച്ചു. മ്യാൻമർ, സിറിയ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നിവയുൾപ്പെടെയുള്ള വ്യക്തിഗതസർക്കാരുകളെയും മാർപാപ്പാ നിശിതമായി വിമർശിച്ചിട്ടുണ്ട്.

ഫ്രാൻസിസ് മാർപാപ്പായുടെ വിമർശനങ്ങൾ നമ്മുടെ ധാർമികനിഘണ്ടുവിൽ പ്രവേശിച്ചുകഴിഞ്ഞു. 'വലിച്ചെറിയുന്ന സംസ്കാരം', 'ഉദാസീനതയുടെ ആഗോളീകരണം' 'ഒഴിവാക്കലിന്റെ സമ്പദ്‌വ്യവസ്ഥ' എന്നീ പദങ്ങൾ ഇപ്പോൾ ലോകമെമ്പാടുമുള്ള ദൈവശാസ്ത്രജ്ഞരും ധാർമികവാദികളും ഉപയോഗിക്കുന്നു. യുദ്ധപ്രതിസന്ധിയെ നയതന്ത്രപരിഹാരത്തിലൂടെ മറികടക്കാനുള്ള വത്തിക്കാൻ ശ്രമങ്ങളുടെ വ്യാപ്തി നമുക്കറിയില്ല. വത്തിക്കാൻ ഈ സംഘർഷത്തിനിടയിൽ മധ്യസ്ഥനായി സ്വയം മുന്നോട്ടു വരികയും മാനുഷികതയുടെ ഇടനാഴികൾ സ്ഥാപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

യുക്രെയ്ൻ എന്ന രക്തരൂഷിതരാജ്യത്ത് മനുഷ്യത്വപരമായ സഹായത്തിന്റെ ആവശ്യകത മണിക്കൂറുകൾ കഴിയുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും, 'യുദ്ധം ഭ്രാന്താണ്, ദയവായി നിർത്തുക' എന്നും ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചാവശ്യപ്പെടുന്നു. സമാധാനചർച്ചകൾക്കുള്ള നമ്മുടെ അവസാനപ്രതീക്ഷയായിരിക്കാം ഫ്രാൻസിസ് മാർപാപ്പയുടെ വ്യക്തിപരമായ ഇടപെടൽ അർത്ഥമാക്കുന്നത്.

യുക്രെയ്നിലെ പ്രതിസന്ധിക്ക് അഹിംസാത്മകമായ പരിഹാരം തേടുന്നതു തുടരേണ്ടതും അതേസമയം ആക്രമണം തടയാനുള്ള ശ്രമവും പ്രധാനമാണ്. ഫ്രാൻസിസ് മാർപാപ്പായുടെ ഇടപെടൽ, യുക്രെയ്നിലെ ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും വിനാശകരമായ യുദ്ധപ്രത്യാഘാതങ്ങളും ഒഴിവാക്കാൻ സഹായിക്കുമെന്നുതന്നെ ലോകം കരുതുന്നു. ■

# കോൺഗ്രസ് ഇനി എങ്ങോട്ട്?



ജോർജ് കള്ളിവയലിൽ

**കോ**ൺഗ്രസ് പ്രവർത്തകസമിതി പതിവു തെറ്റിച്ചില്ല. തകർച്ചയുടെ പടുകുഴിയിലേക്കു വീണിട്ടും തിരഞ്ഞെടുപ്പുതോൽവികൾക്ക് ആരും ഉത്തരവാദികളായില്ല. തോൽവിയുടെ കാരണങ്ങളെക്കുറിച്ചു കൃത്യമായ വിലയിരുത്തലുകളോ തിരുത്തലുകളോ ഇല്ല. സോണിയാ ഗാന്ധിതന്നെ അധ്യക്ഷയായി തുടരും. 'അയ്യോ അച്ഛാ പോകല്ലേ' എന്ന സിനിമാ ഡയലോഗു പോലെ സോണിയ തുടരണമെന്ന് നേതാക്കൾ ഒന്നടങ്കം ആവശ്യപ്പെട്ടു. സംഘടനാതിരഞ്ഞെടുപ്പു പൂർത്തിയാകുംവരെ സോണിയ തുടരണമെന്നു വർക്കിങ് കമ്മിറ്റിയിലെ ഓരോ അംഗവും ആവശ്യപ്പെട്ടെന്നാണു പാർട്ടി മാധ്യമവിഭാഗം തലവൻ രൺദീപ് സുർജേവാല പറഞ്ഞത്. സോണിയാ ഗാന്ധിയിലും കുടുംബത്തിലും പാർട്ടിക്കുള്ള വിശ്വാസം ഏകകണ്ഠമായി ആവർത്തിക്കാനും സമിതി മറന്നില്ല.

ദോഷം പറയരുതല്ലോ, പാർട്ടിക്ക് ആവശ്യമെങ്കിൽ താനും കുടുംബാംഗങ്ങളും എല്ലാ പദവികളിൽ നിന്നും മാറി നിൽക്കാമെന്നു കഴിഞ്ഞ ഞായറാഴ്ച നടന്ന വർക്കിങ് കമ്മിറ്റിയോഗത്തിന്റെ തുടക്കത്തിൽ സോണിയ പറഞ്ഞു. അതും പ്രതീക്ഷിച്ചതുതന്നെ. അമരീന്ദർ സിങ്ങിനെ മാറ്റിയതിൽ തനിക്കു പിഴച്ചെന്നു സോണിയയും തന്ത്രങ്ങൾ പിഴച്ചെന്നു സംഘടനാചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും ഏറ്റുപറഞ്ഞതുതന്നെ ഭാഗ്യം.

കേരളം, ആസാം, ബംഗാൾ, പുതുച്ചേരി സംസ്ഥാനങ്ങളിലെ നാണംകെട്ട തോൽവിക്കു പിന്നാലെ യു പി, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഗോവ, മണിപ്പൂർ നിയമസഭാതിരഞ്ഞെടുപ്പുകളിലും തോറ്റമ്പിയിട്ടും കോൺഗ്രസിൽ നേതൃമാറ്റത്തിനോ തിരുത്തലുകൾക്കോ ആർക്കും ഒരു തിരക്കുമില്ല. സോണിയ - രാഹുൽ പ്രിയങ്ക ത്രിമൂർത്തികളും അവരുടെ കൂട്ടാളികളും തുടരുമത്രേ. സോണിയ-രാഹുൽ-പ്രിയങ്ക ബ്രിഗേഡുകളുടെ സ്തുതിപാഠകഗീതാലാപനം നിർണായകവർക്കിങ് കമ്മിറ്റിയിലും ഉണ്ടായി. തോൽവി അതീവ ഗൗരവതരമാണെന്ന് 54 അംഗ കോൺഗ്രസ് പ്രവർത്തകസമിതി വിലയിരുത്തി. സാധാരണജനത്തിനുപോലും അറിയാവുന്ന ഒരു യാഥാർഥ്യം!

**മാറ്റത്തിനു വിസമ്മതിക്കുന്ന നേതാക്കൾ**

കോൺഗ്രസിലെ ഐക്യത്തിനു ഗാന്ധികുടുംബം വളരെ പ്രധാനപ്പെട്ടതാണെന്നു വർക്കിങ് കമ്മിറ്റിയോഗത്തിനുമുമ്പ് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട് പരസ്യമായി പറഞ്ഞപ്പോൾത്തന്നെ പ്രവർത്തകസമിതിയിൽ നേതൃമാറ്റം അടക്കമുള്ള പ്രധാന കാര്യങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പായിരുന്നു. അഞ്ചു സംസ്ഥാനങ്ങളിലെ കനത്ത തോൽവിക്കു പിന്നാലെ നേതൃമാറ്റത്തിനുവേണ്ടി ഉയർന്ന ആവശ്യങ്ങൾ വെറുതെയാകുമെന്ന സംശയം യോഗം അവസാനിച്ചപ്പോൾ ശരിവച്ചു.

കോൺഗ്രസിനെ ശക്തിപ്പെടുത്തണമെന്നതിലും ജനവിശ്വാസം വീണ്ടെടുക്കണമെന്നതിലും നേതാക്കൾക്കു സംശയമേയില്ല.



ഓരോ തോൽവിക്കുശേഷവും ഇക്കാര്യം പറയാറുമുണ്ട്. എന്നാൽ, ബിജെപിയെയും എഎപി പോലുള്ള പാർട്ടികളെയും തടുക്കാൻ എന്തു ചെയ്യണമെന്ന് ഇനിയും ആർക്കും പിടിയില്ല. ഭാവിയിൽ സ്വീകരിക്കേണ്ട തന്ത്രങ്ങളെക്കുറിച്ചു വിശദമായി ചർച്ച ചെയ്യാൻ മേയ് മാസത്തിൽ ചിന്തൻ ശിബിരം (ബ്രെയിൻസ്റ്റോമിങ് സെഷൻ) നടത്താൻ തീരുമാനിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിനുമുമ്പു ഷിംലയിൽ ചേർന്ന ചിന്തൻ ശിബിരത്തിനുശേഷവും കോൺഗ്രസിൽ ഒരു മാറ്റവും ഉണ്ടായില്ലെന്ന് അവിടെ ഉണ്ടായിരുന്ന ഈ ലേഖകനറിയാം.

അടുത്ത ചിന്താശിബിരത്തിനു മുന്നോടിയായി പാർലമെന്റു സമ്മേളനത്തിനുശേഷം മറ്റൊരു വർക്കിങ് കമ്മിറ്റി യോഗവുമുണ്ടാകും. ഓഗസ്റ്റ് 20 ന് എഐസിസി അധ്യക്ഷ തിരഞ്ഞെടുപ്പു നടത്താനും നിർദേശമുണ്ട്. അതിനുമുമ്പായി സംഘടനാതലപ്പത്തു വേണ്ട മാറ്റം വരുത്താൻ സോണിയയെ ചുമതലപ്പെടുത്തി. താനടക്കം ആരെ വേണമെങ്കിലും മാറ്റാൻ സോണിയയ്ക്ക് അധികാരമുണ്ടെന്നു കെ.സി. വേണുഗോപാൽ പറഞ്ഞു. പക്ഷേ, രാഹുൽ ഗാന്ധിയുമായി ആലോചിച്ചു മാത്രമേ സോണിയ തീരുമാനമെടുക്കുവെന്ന് വേണുഗോപാലിനും അറിയാം.

**വായിക്കേണ്ട ചുവരെഴുത്തുകൾ**

ജനവിധികളുടെ ചുവരെഴുത്തു വായിക്കാൻ കോൺഗ്രസ് നേതൃത്വം ഇനിയും തയ്യാറായിട്ടില്ല. അനിവാര്യമായ മാറ്റമോ വഴിത്തിരിവാകുന്ന തീരുമാനങ്ങളോ എടുക്കാനാകാതെ ഇക്കഴിഞ്ഞ ദിവസവും കോൺഗ്രസ് പ്രവർത്തകസമിതി പിരിഞ്ഞതിലൂടെ ഇക്കാര്യം വ്യക്തമാണ്. തല്ലണ്ടമ്മാവാ ഞാൻ നന്നാകില്ലെന്ന നിലയിലാണ് ഓരോ നേതാവും. മാറിക്കൊടുക്കാനോ തെറ്റു തിരുത്താനോ അധികാരത്തിനും പദവികൾക്കുമായുള്ള ആർത്തി അവസാനിപ്പിക്കാനോ 99 ശതമാനം നേതാക്കളും ഇപ്പോഴും തയ്യാറല്ല.

സവർണ, പിന്നാക്ക, ദളിത്, ആദിവാസി, ന്യൂനപക്ഷ വോട്ടുബാങ്കുകളുടെ മിശ്രിതരാഷ്ട്രീയത്തിന്റെ പഴയ കാലം കഴിഞ്ഞുവെന്നതാണു പ്രധാനം. അരനൂറ്റാണ്ടോളം സ്വതന്ത്രേന്ത്യയിൽ കോൺഗ്രസ് വിജയകരമായി പരീക്ഷിച്ച തന്ത്രം. ഇതിൽ ആദ്യമായി വലിയ മാറ്റം വരുത്തിയത് മണ്ഡൽരാഷ്ട്രീയമാണ്. പിന്നാക്ക, ദളിത് വിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പാണ് അക്കാലത്തു രാജ്യം ദർശിച്ചത്. പിന്നീടാണു ബിജെപിയുടെ മന്ദിർരാഷ്ട്രീയത്തിന്റെ ആവിർഭാവം. അയോധ്യയിലെ ബാബ്റി മസ്ജിദ് തകർത്തു രാമക്ഷേത്രം നിർമിക്കുകയെന്നതു ഭൂരിപക്ഷവോട്ടുകളുടെ ധ്രുവീകരണത്തിനുള്ള വജ്രായുധമായിരുന്നു. ഗുജറാത്ത് കലാപവും നരേന്ദ്രമോദിയുടെ ഉയർച്ചയും കണ്ട കാലം.

ഇതിനു പിന്നാലെയാണ് അരാഷ്ട്രീയപ്രവർത്തകനിൽനിന്നു മുഴുസമയ രാഷ്ട്രീയക്കാരനായുള്ള അരവിന്ദ് കേജരിവാളിന്റെ രൂപാന്തരം രാജ്യം കണ്ടത്. ഇന്ത്യൻരാഷ്ട്രീയം മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്ത ഭീമാകാരമായ വർഗീയരാഷ്ട്രീയം ബിജെപിക്കു വലിയ മേൽക്കോയ്മയാണു നൽകിയത്. എന്നാൽ, ഡൽഹിയിൽ ബിജെപിയെ മുട്ടുകുത്തിച്ചുള്ള ആം ആദ്മി പാർട്ടിയുടെ കടന്നുവരവ് മോദിയുടെപോലും കണക്കുകൂട്ടലുകൾ തെറ്റിച്ചു. ആക്റ്റിവിസവും രാഷ്ട്രീയവും ജനകീയഭരണമോഡലും ഡൽഹിയിൽ ഹിന്ദുത്വവും പഞ്ചാബിൽ സിഖ്, ഹിന്ദു കളികളും എല്ലാം ചേർത്തൊരു പുതിയ മസാലയാണു എഎപി.

**ബിജെപിയെ മലർത്തിയടിച്ചവർ**

കേജരിവാളിനു പുറമേ പശ്ചിമബംഗാളിൽ മമത ബാനർജിയും കേരളത്തിൽ പിണറായി വിജയനും തമിഴ്നാട്ടിൽ എം.കെ. സ്റ്റാലിനും മഹാരാഷ്ട്രയിൽ ഉദ്ധവ് താക്കറെയും ഒഡീഷയിൽ നവീൻ പട്നായിക്കും ആന്ധ്രപ്രദേശിൽ വൈ.എസ്. ജഗൻമോഹൻ റെഡ്ഡിയും തെലുങ്കാനയിൽ കെ. ചന്ദ്രശേഖരറാവുവും എല്ലാം ബിജെപിയെ മലർത്തിയടിച്ചു ഭരണം കൈപ്പിടിയിലൊതുക്കി. പ്രാദേശിക, മത-സാമുദായിക-വികസന-ക്ഷേമസമവാക്യങ്ങൾ എല്ലാം വേണ്ടപോലെ കൂട്ടിക്കുഴച്ചാണ് ഇവരെല്ലാം മുഖ്യമന്ത്രിക്കസേര പിടിച്ചത്.

എല്ലായിടത്തും തന്നെ കോൺഗ്രസാണു കൂടുതൽ ശോഷിച്ചത്. ബംഗാളിലും ത്രിപുരയിലും സിപിഎമ്മും നാമാവശേഷമായി. ഇതേസമയം, കേരളത്തിൽ പിണറായിയുടെ എൽഡിഎഫ് പുതുചരിത്രം രചിച്ചാണു തുടർഭരണം നേടിയത്. കേരളത്തിലും നഷ്ടം കോൺഗ്രസിനുതന്നെ. സംഘടനാപരമായി രാജ്യത്തുതന്നെ ഏറ്റവും അടിത്തറയുള്ള കേരളത്തിലും പാർട്ടിക്ക് അടിപതറിയതിനു കാരണങ്ങൾ പലതാണ്.

ഒരു വഴിക്ക് മൃദുഹിന്ദുത്വവും മറുവശത്ത് മുസ്‌ലിം പ്രീണനവുമാകും കോൺഗ്രസിന്റെ അടിത്തറയിളക്കിയതിൽ പ്രധാനം. തുടർച്ചയായ ക്ഷേത്രസന്ദർശനങ്ങളിലൂടെയും ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്ന ജയ്പൂരിലെ വിവാദപ്രസംഗത്തിലൂടെയും രാഹുൽ നടത്തിയ കപടനാടകം മതേതരവിശ്വാസികളായ രാജ്യത്തെ ബഹുഭൂരിപക്ഷം വോട്ടർമാർ നിഷ്കരുണം തള്ളി. ഭേദപ്പെട്ട മറ്റു പാർട്ടികൾക്കു മാറി വോട്ടു ചെയ്യാൻ മതേതരവാദികൾ നിർബന്ധിതമായി.

**ബൂമറാങ്ങായ നയവ്യതിയാനങ്ങൾ**

ഹിന്ദുത്വവാദത്തിനാണെങ്കിൽ ബിജെപി പോരേയെന്ന ചോദ്യംപോലും രാഹുൽ ബ്രിഗേഡും കോൺഗ്രസിലെ മുണ്ടിനടിയിൽ കാക്കിയിട്ട നേതാക്കളും കേട്ടില്ല. മൃദുഹിന്ദുത്വകളികൾ ബൂമറാങ് പോലെ തിരിച്ചടിച്ചെന്നു യു പി, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഗോവ, മണിപ്പൂർ ഫലങ്ങളിൽ വ്യക്തമാണ്. ഇതോടൊപ്പം, മുസ്‌ലിം വോട്ടർമാർക്കു നിർണായകസ്വാധീനമുള്ള വയനാട്ടിൽ വന്നു മത്സരിക്കാനുള്ള രാഹുലിന്റെ തീരുമാനവും മുസ്‌ലിം പ്രീണനനിലപാടുകളും ഗുണത്തെക്കാളേറെ ദോഷം ചെയ്തു.

അമേത്തിയും ഉത്തരേന്ത്യയിലെ പല സീറ്റുകളും കോൺഗ്രസിൽനിന്നു പിടിച്ചെടുക്കാൻ ബിജെപിക്ക് സഹായകമായതു മിച്ചം. ഹിന്ദുവോട്ടർമാരും ഒരു വിഭാഗം ക്രൈസ്തവവോട്ടർമാരും കോൺഗ്രസിനെ കൈവിട്ടു. യുപിയിൽ അടക്കം മുസ്‌ലിം വോട്ടർമാർ കോൺഗ്രസിനെ തുണച്ചതുമില്ല. ഒറ്റാലിൽ കിടന്നതും പോയി കിഴക്കുനിന്നു വന്നതും പോയി എന്ന പഴഞ്ചൊല്ല് അന്വർഥമായി. വർഗീയത അതു ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും ഒരുപോലെ ചെറുത്തു തോല്പിക്കപ്പെടേണ്ടതാണെന്ന തിരിച്ചറിവാണു മുഖ്യം.

ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള നേതാക്കൾ അടിത്തറ പാകിയ കോൺഗ്രസിന്റെ ശക്തമായ മതേതരത്വമൂല്യങ്ങളുടെ അടിക്കല്ലിളക്കിയ അഴകൊഴമ്പൻ നിലപാടുകളിലൂടെ നേതാക്കളും പാർട്ടിയിൽ ജനങ്ങൾക്കുള്ള അടിയുറച്ച വിശ്വാസം തകർത്തു. കരുത്തുറ്റ, പ്രതീക്ഷ നൽകുന്ന നേതൃത്വത്തിന്റെ അഭാവവും സംഘടനാദൗർബല്യങ്ങളും നേതാക്കളുടെ തമ്മിലടികളും അധികാരക്കൊതിയും എല്ലാം ചേർന്നപ്പോൾ സ്ഥിതി വഷളായി.

**പുതുസമീപനവും പുതുനേതാവും പ്രധാനം**

മതേതരത്വം അടക്കമുള്ള കോൺഗ്രസിന്റെ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ബിജെപി, എഎപി തുടങ്ങിയ പാർട്ടികൾക്കു ബദൽതന്ത്രങ്ങൾ രൂപീകരിക്കുകയാണു രാജ്യത്തെ മുഖ്യപ്രതിപക്ഷമായ കോൺഗ്രസിന് അനിവാര്യമായത്. കുടുംബവാഴ്ചയും സ്തുതിപാഠകരീതികളും ഗ്രൂപ്പുകളികളും അവസാനിപ്പിച്ചു പാർട്ടിക്കു നയവ്യക്തതയും ലക്ഷ്യബോധവും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

എഐസിസിമുതൽ താഴെത്തട്ടുവരെ സംഘടനാസംവിധാനം ശക്തിപ്പെടുത്തുക പ്രധാനമാണ്. പ്രവർത്തകർക്കും ജനങ്ങൾക്കും പ്രതീക്ഷയും പ്രത്യാശയും ആവേശവും നൽകാൻ കഴിയുന്ന കരുത്തുറ്റ നേതാക്കളും നയപരിപാടികളും ഉണ്ടായാലേ ബദൽ രാഷ്ട്രീയത്തിന് ഇനി പ്രസക്തിയുള്ളൂ. അടിമുടി ഉടച്ചുവാർക്കാതെ നിർവാഹമില്ല.

പുതുതലമുറയുടെ ചിന്തകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചുള്ള നയസമീപനങ്ങളുണ്ടാകാതെ ഒരു പാർട്ടിക്കും ഇനി നിലനിൽക്കാനാകില്ല. കർഷകരും തൊഴിലാളികളും അടക്കമുള്ള സാധാരണക്കാർക്കു പിന്തുണയും ക്ഷേമവും ഉറപ്പാക്കാനും ജനകീയ പ്രശ്നങ്ങളിൽ മുന്നിൽനിന്നു നയിക്കാനും കഴിയേണ്ടതുണ്ട്. ദേശീയതയും മതേതരത്വവും കാര്യക്ഷമമായ സാമ്പത്തിക, സോഷ്യലിസ്റ്റ്, ക്ഷേമ, വികസന കാഴ്ചപ്പാടുകളും അവതരിപ്പിക്കാനാകണം. ■

## കേരള ബജറ്റ്

# ധനമന്ത്രി കണ്ടതും കാണാത്തതും



പി.സി. സിറിയക് I.A.S.

1.34 ലക്ഷം കോടി രൂപ വരവും 1.57 ലക്ഷം കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഇക്കുറി കേരള ധനമന്ത്രി കെ.എൻ. ബാലഗോപാ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ സമ്പദ്വ്യവസ്ഥ കൊവിഡിന്റെ പീഡനവും താഡനവും കഴിഞ്ഞ് ഉയിർത്തെഴുന്നേറ്റ് വളരാൻ കാത്തിരിക്കുന്ന സമയത്ത് അവതരിപ്പിക്കുന്ന ബജറ്റിൽ സമ്പദ്വ്യവസ്ഥയുടെ വളർച്ചയയ്ക്കു പ്രതിബന്ധമായി നിൽക്കുന്ന തടസ്സങ്ങൾ നീക്കിയെടുക്കാനുള്ള നിർദ്ദേശങ്ങൾ കുറവാണെന്നു പറയേണ്ടിയിരിക്കുന്നു.

കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തികപ്രതിസന്ധിയാണ്. വരവറിയാതെ നാം ചെലവു ചെയ്യുന്നു. ഒഴിവാക്കാവുന്ന ചെലവിനങ്ങൾ കണ്ടെത്താനോ ചോർച്ച ഒഴിവാക്കാനോ ഒരു ശ്രമവും നടക്കുന്നില്ല. സർക്കാർവകുപ്പുകളിലും കെ.എസ്.ആർ.ടി.സി., വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലും ആവശ്യത്തിലേറെ ജീവനക്കാർ. അഞ്ചു ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാർക്കും പൊതുമേഖലാസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്കും പിൻകാലപ്രാബല്യത്തോടെ വേതനവും പെൻഷനും ഉയർത്തി നൽകാൻ കഴിഞ്ഞ കൊല്ലം തീരുമാനിച്ചത് ഒരു വലിയ ബാധ്യതയായിത്തീർന്നിരിക്കുകയാണ്.

ഇതെല്ലാമായിട്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നു. അവിടെ പലയിടങ്ങളിലും പിൻവാതിൽനിയമനങ്ങൾ നടത്തുന്നു. വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ സ്ഥിരം ശമ്പളക്കാർ മെയിന്റനൻസ് ജോലികൾ ചെയ്യാറില്ല. ജോലിഭാരം കാരണം കാട്ടി പണികളെല്ലാം കോൺട്രാക്ടർമാരെക്കൊണ്ടോ ദിവസശമ്പളക്കാരെ വച്ചോ നടത്തുന്നു. ഈ പണിയെടുക്കേണ്ട സ്ഥിരം ശമ്പളക്കാർ 'മേൽനോട്ടം വഹിക്കുന്നു.' അങ്ങനെയും ചെലവേറുന്നു. ഈ ഭാരമെല്ലാം അധികനിരക്കുകളുടെ രൂപത്തിൽ പൊതുജനങ്ങളുടെ തലയിൽ വയ്ക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ഇന്ന് ബസ് യാത്ര, വൈദ്യുതി, വെള്ളം മുതലായവയ്ക്കെല്ലാം ഏറ്റവുമുയർന്ന നിരക്കുകൾ ചുമത്തുന്ന സംസ്ഥാനമാണ് കേരളം.

എന്നിട്ടും, കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ മിക്കവയും നഷ്ടത്തിൽ നടക്കുന്നു. അവയെല്ലാംകൂടി കഴിഞ്ഞ കൊല്ലം ഉണ്ടാക്കിയ മൊത്തം നഷ്ടം 6055 കോടി രൂപ. (മുൻകൊല്ലത്തെ നഷ്ടം 1738 കോടി).

150 ൽപ്പരം സ്ഥാപനങ്ങളിൽ ചിലത് ലാഭമുണ്ടാക്കിയിട്ടുണ്ട്. ഉദാ. കെ.എസ്.എഫ്.ഇ. എന്ന സർക്കാർ ചിട്ടിക്കമ്പനി, ലാഭം 146 കോടി. ചവറയിലെ കേരള മിനറൽസ് & മെറ്റൽസിന്റെ ലാഭം 85 കോടി. കേരള ഫീഡ്സ് 36 കോടി ലാഭമുണ്ടാക്കി. ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയവ കെ.എസ്.ആർ.ടി.സി. (1976 കോടി രൂപ), വൈദ്യുതിബോർഡ് കമ്പനി (1822 കോടി രൂപ).

ഇങ്ങനെ നഷ്ടക്കച്ചവടം തുടരുന്നതിനിടയ്ക്കാണ് കേരള സർക്കാർ കേന്ദ്രസർക്കാരിന്റെ ചില പൊതുമേഖലാസ്ഥാപനങ്ങളെ ഏറ്റെടുക്കുന്നത്. വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ ഈയിടെ കേരള സർക്കാർ ഏറ്റെടുത്തു; 370 കോടി രൂപയ്ക്ക്. അതു ലാഭകരമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടേയുള്ളൂ. ഇപ്പോഴിതാ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന തിരുവനന്തപുരത്തെ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (പഴയ ഹിന്ദുസ്ഥാൻ ലാറ്റക്സ് കമ്പനി) സംസ്ഥാന സർക്കാരിനു നൽകാൻ നാം ആവശ്യപ്പെടുന്നു.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം 25 ൽനിന്നു പത്താക്കി കുറയ്ക്കുന്ന കാര്യവും പാർട്ടിക്കാരെ അവിടെ നിയമിച്ച് രണ്ടു കൊല്ലം ജോലി ചെയ്യിപ്പിച്ച് ജീവിതകാലം മുഴുവൻ പെൻഷൻ നൽകുന്ന പരിപാടി അവസാനിപ്പിക്കണമെന്ന നിർദ്ദേശവും സുപ്രീംകോടതിയുടെ വിമർശനത്തിനു പാത്രമായിക്കഴിഞ്ഞിട്ടും കേരളസർക്കാർ പരിഗണിക്കുന്നില്ല.

കേരളസർക്കാർ കൈക്കൊള്ളുന്ന മറ്റൊരു തെറ്റായ സമീപനമാണ് ഓരോ വകുപ്പിലുമുള്ള പുതിയ പദ്ധതികൾ ആ വകുപ്പിലെ ഉദ്യോഗസ്ഥരെക്കൊണ്ട് ചെയ്യിക്കുന്നതിനുപകരം പുതിയ സ്ഥാപനങ്ങൾ അതിനുവേണ്ടി സൃഷ്ടിക്കുക. മൂല്യവർദ്ധിതോത്പാദനം നടത്താൻവേണ്ടി, ബജറ്റ് നിർദ്ദേശിക്കുന്നു, ഒരു മൂല്യവർദ്ധിത ഉത്പാദനമിഷൻ. കൃഷിവകുപ്പ് ചെയ്യേണ്ട കാര്യങ്ങൾ ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതിനുപകരം സ്ഥാപിച്ചു, ഹരിതകേരളമിഷൻ. ഹൗസിങ് ബോർഡ് ചെയ്യേണ്ട പണി ചെയ്യാൻ ലൈഫ് മിഷൻ! മറ്റൊന്ന്, നവകേരള മിഷൻ! അവിടെയെല്ലാം പുതിയ ചെയർമാനും വൈസ് ചെയർമാനും പുതിയ ജീവനക്കാരും.

കേരളത്തിൽ തകർന്നുകിടക്കുന്ന മറ്റൊരു മേഖലയാണ് കൃഷി. ഏറ്റവും ആദായകരമായി വിവിധ വിളകൾ കൃഷി ചെയ്യാൻ പര്യാപ്തമായ മണ്ണും മഴയും സൂര്യപ്രകാശവുമുള്ള നാട്, കഠിനാദ്ധ്വാനികളും സാഹസികരുമായ കർഷകർ. അവരുടെ ഉത്പന്നത്തിന് ന്യായമായ വില കിട്ടുന്നില്ല. ഉദാഹരണം, റബർ.



ബജറ്റിൽ 500 കോടി രൂപ റബറിന് സബ്സിഡി എന്നു പറഞ്ഞ് നീക്കിവച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോൾ റബർവില 170 രൂപയ്ക്കു മുകളിലാണ്. റബർ കർഷകർക്ക് ഒരു പ്രയോജനവുമില്ലാത്ത സ്ഥിതിയാണ്. നേരേ മറിച്ച്, ന്യായവില 250 രൂപയാക്കി ഉയർത്തുമെന്നു പറഞ്ഞ തിരഞ്ഞെടുപ്പു വാഗ്ദാനം നിറവേറ്റാൻ സർക്കാർ തയ്യാറായിരുന്നെങ്കിൽ മാറ്റിവച്ചിരിക്കുന്ന തുക നമ്മുടെ കർഷകർക്കു ലഭിക്കുമായിരുന്നു.

മറ്റൊരു പ്രശ്നം; ചില നാണ്യവിളകൾക്കു മാത്രം അനുവദിച്ചിട്ടുള്ള ഭൂപരിധി നിർണയ നിയമത്തിൽ നിന്നുമുള്ള ഒഴിവാക്കൽ എല്ലാ വിളകൾക്കും അനുവദിക്കുക. അതായത്, കർഷകന് തന്റെ കൃഷിഭൂമിയിൽ ഇഷ്ടമുള്ള വിള കൃഷി ചെയ്യാൻ അനുവാദം നൽകുക. കർഷകനെ സ്വതന്ത്രനാക്കുക. 60 കൊല്ലം മുമ്പ് ഭൂപരിധി നിർണയം സാമൂഹികനീതി ഉറപ്പുവരുത്താനായി ആവശ്യമായിരുന്നു. അന്നു കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായി അതു കർശനമായി നടപ്പാക്കി. ഇന്നു ഭൂമിയുടെ ഉടമസ്ഥാവകാശമല്ല പ്രധാന വിഷയം; തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ആദായകരമായ കൃഷി ചെയ്യാനും തന്റെ ഭൂമി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള പദ്ധതികൾക്കായി ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം കർഷകനു ലഭിക്കുന്നതോടെ 'ഫാം ടൂറിസം' തുടങ്ങിയ മേഖലകൾക്കും കേരളത്തിൽ വൻതോതിലുള്ള വളർച്ചയുണ്ടാകും. വിപണിയിലെ ഡിമാന്റനുസരിച്ചുള്ള വിളകളുടെ കൃഷി നടക്കും. ഉത്പന്നങ്ങൾ വിപണിയിലെത്തും. മൂല്യവർദ്ധിതോത്പന്നനിർമാണത്തിനുള്ള വ്യവസായങ്ങളും കർഷകരുടെ മനസ്സിലെത്തും.

പക്ഷേ, വ്യവസായസംരംഭങ്ങൾ പൊന്തിവരണമെങ്കിൽ മറ്റൊരു വലിയ പ്രശ്നം പരിഹരിക്കപ്പെടണം, നോക്കുകൂലി. ലോകത്തിൽ മറ്റൊരിടത്തുമില്ലാത്ത നോക്കുകൂലി കേരളത്തിലെ ചുമട്ടുതൊഴിലാളി യൂണിയനുകൾ നിർലജ്ജം നടപ്പാക്കുന്നു. എതിർക്കുന്നവരെ ആക്രമിക്കുന്നു, മർദ്ദിക്കുന്നു. കേരളമുഖ്യമന്ത്രി, നോക്കുകൂലി പാടില്ലെന്നു പ്രഖ്യാപിക്കുന്നു. ഹൈക്കോടതി ജഡ്ജിമാർ നോക്കുകൂലി നിയമവിരുദ്ധമെന്നു വിധി പ്രസ്താവിക്കുന്നു. പക്ഷേ, യൂണിയൻകാർ ജനങ്ങളെ ഭീഷണിപ്പെടുത്തി നോക്കുകൂലി തുടരുന്നു. ഇത് അവസാനിപ്പിക്കാൻ ഒരേയൊരു മാർഗമേയുള്ളൂ. ചുമടിറക്കാനും കയറ്റാനും ചുമട്ടുതൊഴിലാളി യൂണിയനുകൾക്കു നിലവിലുള്ള നിയമം നൽകുന്ന കുത്തകാധികാരം എടുത്തുകളയുക. ഒരു ഡ്രൈവറെയോ മെക്കാനിക്കിനെയോ പ്ലംബറെയോ നമുക്കാവശ്യമുണ്ടെങ്കിൽ അവരുടെ യൂണിയനെ സമീപിക്കേണ്ട കാര്യമില്ല. നമുക്കിഷ്ടമുള്ളയാളെ വിളിച്ചുവരുത്തി ജോലി ചെയ്യിക്കാം. പക്ഷേ, ചുമടിറക്കാനോ കയറ്റാനോ നമുക്ക് അവരുടെ യൂണിയനുകളെ സമീപിച്ചേ പറ്റൂ. ഈ കുത്തകാവകാശം അവർക്കു ലഭിച്ചതുകൊണ്ടാണ് ജനങ്ങളെ അവർ ബന്ദികളാക്കി പീഡിപ്പിച്ചും മർദ്ദിച്ചും അധികക്കൂലിയും നോക്കുകൂലിയുമെല്ലാം വാങ്ങിയെടുക്കുന്നത്.

ബജറ്റിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം സ്കിൽ ഡെവലപ്മെന്റ്. നമ്മുടെ ചെറുപ്പക്കാർക്ക് പുതിയ 'സ്കിൽ' ലഭ്യമാക്കാൻ ഏറ്റവും ഫലപ്രദമായ ഒരു മാർഗമുണ്ട്. അറുപതും എഴുപതും കൊല്ലം മുമ്പ് നെഹ്റുവിന്റെ കാലത്തു തുടങ്ങിയ ഐ.ടി.ഐ.കളെ സാങ്കേതികമായി നവീകരിക്കുക. പുതിയ ടെക്നിക്കുകൾ പരിചയപ്പെടാനും പുതിയ യന്ത്രങ്ങൾ ഉപയോഗിക്കാനും പഠിപ്പിക്കുക. ഉദാഹരണമായി സാധാരണ 'ലേത്തു' മെഷീനുകൾ ഉപയോഗിക്കുന്നവരെ കംപ്യൂട്ടറൈസ്ഡ് സി.എൻ.സി. ലേത്തുകൾ ഉപയോഗിക്കാൻ പഠിപ്പിക്കുക. സാധാരണ വെൽഡിംഗ് മാത്രം അറിയാവുന്നവരെ നൂതനവിദ്യകൾ submerged arc welding തുടങ്ങിയവയിൽ പരിശീലനം നൽകുക.

ബജറ്റിൽ പറയുന്ന മറ്റൊരു നല്ല കാര്യം, ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എടുക്കുന്ന നടപടികളാണ്. ഗവേഷണത്തിനു പ്രാധാന്യം നൽകേണ്ടതാവശ്യമാണ്. നമ്മുടെ കോളജുകൾ വെറും ടീച്ചിങ് ഷോപ്സ് ആയി പ്രവർത്തിക്കുന്നതിനുപകരം ഗവേഷണം, കൺസൾട്ടൻസി തുടങ്ങിയ മേഖലകളിലും സജീവമാകണം. പക്ഷേ, ഇതു ഫലപ്രദമായി നടപ്പാക്കാൻ, നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഘടനയിലും പ്രവർത്തനരീതിയിലും മാറ്റങ്ങൾ വരുത്തേണ്ടതാവശ്യം. സെനറ്റിലും സിൻഡിക്കേറ്റിലുമെല്ലാം അല്പജ്ഞാനികളായ രാഷ്ട്രീയപ്രവർത്തകരെയും വിദ്യാർത്ഥിയൂണിൻകാരെയും അധ്യാപകയൂണിയൻ നേതാക്കളെയും കയറ്റിയിരുത്തുന്നതിനുപകരം അക്കാദമിക് മികവുള്ള അധ്യാപകർക്ക് അവിടെ അവസരം നൽകണം.

അടിസ്ഥാനസൗകര്യവികസനം, പ്രത്യേകിച്ചും ഗതാഗതമേഖലയിൽ ആവശ്യമാണ്. ഇന്നു നമ്മുടെ റോഡുകൾ വാഹനനിബിഡമാണ്. എല്ലാത്തരം വണ്ടികളും മത്സരിച്ചോടുന്നു. അപകടങ്ങൾ, അധികമായ ഇന്ധനോപയോഗം, കാർബൺ വാതകങ്ങളുടെ ബഹിർഗമനം അന്തരീക്ഷതാപനം എന്നിവയെല്ലാം ഉണ്ടാകുന്നു. ഇതെല്ലാമൊഴിവാക്കാൻ റെയിൽ ഗതാഗതമാണ് വികസിപ്പിക്കുകയും വേഗമേറിയതും സുരക്ഷിതവുമാക്കേണ്ടതും. മുഖ്യമന്ത്രിയുടെ ഈ വാദം ശരിയാണ്. പക്ഷേ, അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന സിൽവർ ലൈൻ പ്രോജക്ട് ഒരുവിധത്തിലും അംഗീകരിക്കാൻ പാടുള്ളതല്ല.

■

# കുരുവീ, കുരുവീ, നീലക്കുരുവീ കൂട്ടിനു പോരാമോ?



സാംസൺ പാലാ

## മാർച്ച് 20 : ലോകകുരുവിദിനം



അന്റാർട്ടിക്ക ഒഴിച്ചുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും ധാരാളമായി കണ്ടുവരുന്ന ഒരിനം ചെറിയ പക്ഷിയാണ് കുരുവി. ജന്മദേശം നോർത്ത് ആഫ്രിക്കയിലാണെങ്കിലും വലുതും ചെറുതുമായ എല്ലാ പട്ടണങ്ങളിലും ഇവയെ ധാരാളമായി കാണാം. അതുകൊണ്ടുതന്നെ ഇവയെ അങ്ങാടിക്കുരുവികൾ എന്നും വിളിക്കുന്നു. ആറ്റക്കുരുവി, മഞ്ഞക്കുരുവി, നീലക്കുരുവി, അടയ്ക്കാക്കുരുവി, ചുണ്ടങ്ങാക്കുരുവി എന്നിങ്ങനെ വിവിധയിനമുണ്ട്. അരി, ഗോതമ്പ്, ചെറുപ്രാണികൾ എന്നിവയെല്ലാമാണ് ഇവയുടെ ഭക്ഷണം. ലോകത്തിലുള്ള വിവിധയിനം കുരുവികൾക്കായി മാറ്റിവച്ചിരിക്കുന്ന ഒരു ദിവസമാണ് മാർച്ച് 20. എങ്കിലും അങ്ങാടിക്കുരുവികളുടെ ദിനമായിട്ടാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ആദ്യമായി കുരുവിദിനം ലോകമെമ്പാടും ആഘോഷിച്ചത് 2010 മാർച്ച് 20 നായിരുന്നു.

ഒരുകാലത്ത് അരിവ്യാപാരക്കടകളുടെയും പലചരക്കുകടകളുടെയും മുറ്റത്തു സജീവമായിരുന്ന അങ്ങാടിക്കുരുവികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കു വസിക്കാനും മുട്ടയിടാനുമുള്ള സൗകര്യങ്ങൾ നാം ചെയ്തുകൊടുത്താൽ മനുഷ്യരുമായി ഇവ വേഗത്തിൽ ഇണങ്ങും. ഉയരമുള്ള കെട്ടിടങ്ങളിലും മേൽക്കൂരകളിലും വൃക്ഷങ്ങളിലും ഇവ കൂടുകൂട്ടുന്നു. വളർച്ചയെത്തിയ ഒരു കുരുവിക്ക് 12 സെന്റിമീറ്റർ നീളവും 25 ഗ്രാം തൂക്കവുമുണ്ട്. നാലു മുതൽ ഏഴുവരെ വയസ്സുമാത്രമേ ഇവയ്ക്ക് ആയുസ്സുള്ളൂ. ഒരു സെക്കന്റ് പാഴാക്കാതെ സദാസമയവും ചലിച്ചും ചിലച്ചുമിരിക്കുന്ന ഈ കുരുവികൾ ഒരു മണിക്കൂറിൽ 24 മൈൽവരെ മിന്നൽവേഗത്തിൽ പറക്കും. എന്തെങ്കിലും അപകടം മണത്തറിഞ്ഞാൽ 31 മൈൽ വേഗത്തിൽ പറക്കാനും ഇവയ്ക്കു കഴിയും.

മറ്റൊരു പ്രത്യേകത, ഇവയുടെ ഭദ്രമായ കുടുംബജീവിതമാണ്. കാരണം, ഒരിണയെ മാത്രമേ ഇവ സ്വീകരിക്കുകയുള്ളൂ. ആൺപക്ഷിയുടെ കണ്ണിനോടു ചേർന്ന് ഒരു കറുത്തപൊട്ട് കാണാം. വെള്ളയും ബ്രൗണും കറുപ്പും നിറമാണ് അങ്ങാടിക്കുരുവികൾക്ക്. വൃത്താകൃതിയിലുള്ള ചിറകുള്ളതിനാൽ വളരെ സ്പീഡിൽ ഇവയ്ക്കു പറക്കാൻ കഴിയുന്നു. എട്ടു മുട്ടകൾവരെയിടുന്ന ഈ കുരുവികൾ പതിനൊന്നു ദിവസം അടയിരുന്ന് മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നു. ഇപ്പോൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കുരുവികളുടെ സംരക്ഷണത്തിനു പല സംഘടനകളും ആരംഭിച്ചിട്ടുണ്ട്.

ബ്രിട്ടനിലെ റോയൽ സൊസൈറ്റി ഫോർ പ്രൊട്ടക്ഷൻസ് ഓഫ് ബേഡ്സ്, നേച്ചർ ഫോർ എവർ സൊസൈറ്റി എന്നീ സംഘടനകൾ ഇതിൽ പ്രധാനമായും പ്രവർത്തിക്കുന്നു. കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസിന്റെ മേൽനോട്ടത്തിൽ അങ്ങാടിക്കുരുവികൾക്കായി ധാരാളം കൂടുകൾ ഒരുക്കിയിട്ടുണ്ട്. നേച്ചർ ഫോറെവർ സൊസൈറ്റി എന്ന സംഘടന 2012 ൽ ഡൽഹിയുടെ ഔദ്യോഗികപക്ഷിയായി അങ്ങാടിക്കുരുവിയെ പ്രഖ്യാപിച്ചു. ഇതിന്റെ ശാസ്ത്രനാമം പാസ്സർ ഡൊമെസ്റ്റിക്കസ് (Passer Domesticus) എന്നാണ്. ഫ്രാൻസിലെ പിസാഗോപുരത്തിന്റെ മുകളിൽ പതിനായിരക്കണക്കിനു പാസറിഡേ എന്ന ചെറുകുരുവികൾ കൂടുകൂട്ടി വസിക്കുന്നു. ഇവയെല്ലാംകൂടി ഒന്നിച്ചു പറന്നുയർന്ന് ഒരേ ദിശയിൽ വട്ടമിട്ടു പറക്കുന്ന കാഴ്ച ആരെയും അമ്പരപ്പിക്കും. ■

# മരവിക്കുന്ന തലച്ചോറ്



ടി.പി. ശാസ്തമംഗലം




സംഗീതചികിത്സ (Music therapy) വ്യാപകമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. പല അസുഖങ്ങൾക്കും ഇതു ഫലപ്രദമാണെന്ന് ഇതിനകം തെളിഞ്ഞിട്ടുണ്ട്. സംഗീതവീചികൾ മനുഷ്യന്റെ കാതുകളിൽക്കൂടി പ്രവേശിച്ചു തലച്ചോറിൽ പ്രത്യേക തരത്തിലുള്ള പ്രകമ്പനങ്ങൾ സൃഷ്ടിക്കുന്നു. ബഹളമയമായ ഒരു പാട്ടു കേൾക്കുമ്പോൾ ഇലക്ട്രോ എൻസെഫലോഗ്രാം (EEG) നമ്മുടെ തലച്ചോറുമായി ബന്ധിപ്പിച്ചാൽ ബീറ്റാ തരംഗങ്ങളായിരിക്കും രേഖപ്പെടുത്തുന്നത്. ജാഗ്രദവസ്ഥ എന്നാണ് ഇതറിയപ്പെടുന്നത്. അതേസമയം, ശാന്തസുന്ദരമായ ഒരു ഗാനം ആസ്വദിക്കുമ്പോൾ ആൽഫാ തരംഗങ്ങളാണു രേഖപ്പെടുത്തുന്നത്. തലച്ചോറിന് ഏറെ സുഖവും ശക്തിയും പകരുന്നവയാണ് ഈ തരംഗങ്ങൾ. ഇവ മനസ്സിനു ധ്യാനഗ്രസ്ത അവസ്ഥയും ലയവും പ്രദാനം ചെയ്യുന്നു.

ഇക്കാലത്ത് നമ്മുടെ കാതുകളിൽ വന്നലയ്ക്കുന്ന ഗാനങ്ങളുടെ സാഹിത്യവും ഏതാണ്ട് ഇമ്മട്ടിലാണ്. ഗാനങ്ങളിലെ വരികളും വാക്കുകളും നമ്മെ അലോസരപ്പെടുത്തും. രണ്ടാമതൊന്നുകൂടി കേൾക്കാൻ ഇഷ്ടപ്പെടാത്തവിധം അത്രയ്ക്കു നിലവാരമില്ലാത്ത പ്രയോഗങ്ങളായിരിക്കും അവയിൽ നിറഞ്ഞുനില്ക്കുക. ഇതാ ഈ ഗാനം ശ്രദ്ധിക്കുക:

“ദൂരങ്ങൾ തേടി
തീരങ്ങൾ തേടി
പോവുന്നിതാരാരോ
നേരങ്ങൾ നോക്കി
കാലങ്ങൾ നീക്കി
പാറുന്നിതാരാരോ
മേലേ വാനിൽ
നിന്നീ രാവിൽ
പൊഴിഞ്ഞു വീണൊരു
താരം
താനേ മൂളി വരുന്നൊരു
കാറ്റിൽ മായും
പലവഴി താളം
വാടാമുല്ലേ
പൂക്കാൻ വയ്യേ
തോനെ നാളായില്ലേ
വേരും നീരും
കൂട്ടായില്ലേ
കാണാക്കനവുകളില്ലേ” (ചിത്രം-അർച്ചന 31 നോട്ട് ഔട്ട്; രചന-ജോ പോൾ; സംഗീതം-രജത് പ്രകാശ്; ആലാപനം - ടെസ്സ ചാവറ)

ഈ വരികൾ കണ്ടാലറിയാം ആധുനികഗാനം എത്രമാത്രം ശോഷിച്ചുപോയി എന്ന്. പ്രാസമൊപ്പിച്ചു പദങ്ങൾ നിരത്തിയാൽ എല്ലാമായി എന്നാണു പുത്തൻകൂറ്റുകാരായ പാട്ടെഴുത്തുകാർ ധരിച്ചുവച്ചിരിക്കുന്നത്. അവർ അതിനുവേണ്ടി ഏതറ്റംവരെയും താഴാൻ തയ്യാറാണുതാനും. ഈ ഗാനത്തിന്റെ ആരംഭംമുതൽ കല്ലുകടി അനുഭവപ്പെടുകയാണ്. ദൂരം എത്രയുണ്ടെങ്കിലും ദൂരങ്ങൾ എന്നു ഭാഷയറിയാവുന്ന ഒരാൾ എഴുതുമോ? ദൂരങ്ങൾ വന്നാൽ തൊട്ടുപിന്നാലെ തീരങ്ങളും വരും. പ്രാസമൊപ്പിക്കാൻ അതാണല്ലോ കുറുക്കുവഴി? ദൂരങ്ങൾക്കു പുറമേ നേരങ്ങൾ എന്നും എഴുതിയിട്ടുണ്ട് ജോ പോൾ. വചനം പഠിപ്പിച്ച ദിവസം അദ്ദേഹം ക്ലാസിൽ കയറിയിട്ടില്ല എന്നുണ്ടോ?

മേലേ വാനിൽനിന്ന് രാത്രിയിൽ ഒരു താരകം പൊഴിഞ്ഞുവീണു. അതു താനേ മൂളി വരുന്ന കാറ്റിൽ മാഞ്ഞുപോയി. എന്നിട്ട് ഒരു ബന്ധവുമില്ലാത്ത മട്ടിൽ വാടാമുല്ലയോടു ചോദിക്കുന്നു, ‘വാടാമുല്ലേ പൂക്കാൻ വയ്യേ?’ എന്ന്. തിരുവനന്തപുരത്തുകാരുടെ സംസാരഭാഷ അത്ര ഭേദമാണെന്നു പറയുക വയ്യ. തമിഴുമായുള്ള ബാന്ധവമാണ് അതിനു കാരണം. തിരുവനന്തപുരത്ത് ഗ്രാമപ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്നതാണ് ‘തോനെ’ എന്ന പ്രയോഗം. ധാരാളം എന്നർത്ഥം. മറ്റൊന്നും കിട്ടാതെ ഗാനരചയിതാവ് ആ പദംതന്നെ ഗാനത്തിൽ തിരുകിക്കയറ്റിയിരിക്കുന്നു. എന്നിട്ടു വാടാമുല്ലയോടു മറ്റൊരു ‘ഉശിരൻ’ ചോദ്യം: “വേരും നീരും കൂട്ടായില്ലേ?” പ്രാസവാദം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്താണ് ഈ പാട്ടെഴുത്തുകാരൻ ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിനു പട്ടും വളയും സമ്മാനമായി ലഭിക്കുമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനു കിട്ടുന്നത് തോനെ എന്ന അവജ്ഞ മാത്രമാണ്. ശാന്തം പാവം! ■

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത്.

സങ്കീർത്തനങ്ങൾ 118:8

**എഡിറ്റോറിയൽ**

# യൂണിഫോം വിവാദം തുടർക്കഥയാകുമ്പോൾ

**ക**ർണാടകത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് വിലക്കിയുള്ള സർക്കാരിന്റെ ഉത്തരവ് കർണാടക ഹൈക്കോടതി ശരിവച്ചിരിക്കുന്നു. ഹിജാബ് ധരിക്കുന്നത് ഇസ്‌ലാം മതവിശ്വാസത്തിന്റെ അവിഭാജ്യഘടകമല്ലെന്നു വ്യക്തമാക്കിയാണ് ഹൈക്കോടതി വിശാലബെഞ്ചിന്റെ വിധി. ക്ലാസിൽ ഹിജാബ് (ശിരോവസ്ത്രം) ധരിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഉഡുപ്പി, കുന്ദാപുര എന്നീ ഗവ. കോളജുകളിലെ ഒൻപതു വിദ്യാർത്ഥിനികൾ നല്കിയ ഹർജി തള്ളിയതിനു തൊട്ടുപിന്നാലെ ഒരു വിദ്യാർത്ഥിനി സുപ്രീംകോടതിയിൽ അപ്പീൽ നല്കിയിരിക്കുകയാണ്.

ഹിജാബ് ഭരണഘടനയുടെ 25-ാം അനുച്ഛേദപ്രകാരമുള്ള മതസ്വാതന്ത്ര്യത്തിന്റെ കീഴിൽ വരുന്നില്ലെന്നും, സ്കൂൾ യൂണിഫോം സംബന്ധിച്ച സർക്കാരിന്റെ നിർദേശം അനുച്ഛേദം 19-1 (എ) പ്രകാരമുള്ള അഭിപ്രായസ്വാതന്ത്ര്യത്തിന്റെയോ 21-ാം അനുച്ഛേദപ്രകാരമുള്ള സ്വകാര്യതയുടെയോ ലംഘനമല്ലെന്നും കോടതി വിലയിരുത്തി. ചീഫ് ജസ്റ്റീസ് റിതുരാജ് അവസ്തി, ജസ്റ്റീസുമാരായ കൃഷ്ണ എസ്. ദീക്ഷിത്, ജെ. എം. ഖാസി എന്നിവരടങ്ങിയ ബെഞ്ചിന്റേതാണു വിധി.

മൂന്നു ചോദ്യങ്ങളാണു കോടതി പ്രധാനമായും പരിഗണിച്ചത്. 1. ഹിജാബ് ഇസ്‌ലാം മതവിശ്വാസപ്രകാരം ഒഴിച്ചുകൂടാൻ പറ്റാത്ത ആചാരമാണോ? 2. വിദ്യാലയങ്ങളിൽ യൂണിഫോം നിർബന്ധമാക്കുന്നതു മൗലികാവകാശലംഘനമാണോ? 3. യൂണിഫോം ഉള്ള സ്കൂളുകളിൽ മതവസ്ത്രങ്ങൾ പാടില്ലെന്ന ഉത്തരവ് മൗലികാവകാശങ്ങൾ ലംഘിക്കുന്നുണ്ടോ? പതിനൊന്നു ദിവസത്തെ വാദപ്രതിവാദങ്ങൾക്കു ശേഷമാണ് ഓരോ ചോദ്യത്തിനും കൃത്യമായ ഉത്തരം നല്കി ഹൈക്കോടതി നിർണായകവിധി പുറപ്പെടുവിച്ചത്.

മെഡിക്കൽ എൻട്രൻസ് പരീക്ഷാ ഡ്രസ്കോഡ് സംബന്ധിച്ച കേസിൽ ഹിജാബ് ഇസ്‌ലാം മതാചരണത്തിന്റെ ഭാഗമാണെന്ന കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധി (2016) ഹർജിക്കാർ ചൂണ്ടിക്കാട്ടിയിരുന്നത് വിശാലബെഞ്ച് പരിഗണിച്ചില്ല. യൂണിഫോം സംബന്ധിച്ച മറ്റൊരു കേസിൽ (2018) വിദ്യാഭ്യാസസ്ഥാപനത്തിന്റെ മാനേജുമെന്റ് നിർദേശിക്കുന്ന യൂണിഫോം ധരിക്കേണ്ടതാണെന്നും അതിൽ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാനാവില്ലെന്നും കോടതി വിധിച്ചിരുന്നു.

വിദ്യാലയങ്ങളിൽ മതാചാരപ്രകാരമുള്ള വസ്ത്രങ്ങൾ ധരിക്കണമെന്നു വിദ്യാർത്ഥികൾ നിർബന്ധം പിടിക്കരുതെന്നു കർണാടക ഹൈക്കോടതി 2022 ഫെബ്രുവരിയിലെ ഒരു ഇടക്കാല ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. യൂണിഫോമുകളിൽ മത-രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാവരുതെന്ന നിലപാടിൽ നീതിപീഠം ഉറച്ചുനിന്നു എന്നാണ് അതിനർത്ഥം. ഈ വിഷയത്തിൽ 2018 ലെ കേരള ഹൈക്കോടതിയുടെ ഒരു വിധിപ്രസ്താവം (WP-C 35293/2018) ശ്രദ്ധേയമാണ്. മതാചാരപ്രകാരം തല മറയ്ക്കുന്ന ഹിജാബും ഫുൾസ്ലീവ് ഷർട്ടും യൂണിഫോമിനൊപ്പം ധരിക്കാനുള്ള അനുമതി തേടി തിരുവനന്തപുരത്തെ രണ്ടു സ്കൂൾ വിദ്യാർത്ഥിനികൾ ഹൈക്കോടതിയിൽ എത്തിയതിനെത്തുടർന്നുണ്ടായ വിധിയാണത്. എന്നാൽ, അവരുടെ ആവശ്യം കോടതി നിരസിക്കുകയാണുണ്ടായത്. മാത്രമല്ല, യൂണിഫോം സംബന്ധിച്ച തീരുമാനം സ്കൂൾ മാനേജുമെന്റിന്റെ സ്വാതന്ത്ര്യത്തിൽപ്പെട്ടതാണെന്നും പ്രത്യേകാവശ്യങ്ങൾക്കുള്ള അനുമതിയുടെ കാര്യത്തിലും വ്യക്തമായ നിലപാടെടുക്കാൻ അവർക്കു പൂർണാധികാരമുണ്ടെന്നും കോടതി വിലയിരുത്തി. സ്കൂൾ മാനേജുമെന്റിന്റെ മൗലികാവകാശത്തിനു മുകളിലല്ല കുട്ടികളുടെ വ്യക്തിഗതാവകാശങ്ങളെന്നു കോടതി നിരീക്ഷിച്ചു. യൂണിഫോമിന്റെ കാര്യത്തിൽ മാനേജുമെന്റ് നിലപാടുകളോടു യോജിക്കാൻ കഴിയാത്തപക്ഷം ടി.സി. വാങ്ങി മറ്റു സ്കൂളുകളിലേക്കു പോകാവുന്നതാണെന്ന് ഒറ്റവാക്യത്തിൽ കോടതിവിധിയിൽ പരാമർശവുമുണ്ടായി.

ഉടുതുണിയുടെ പേരിലുള്ള രാഷ്ട്രീയവും മതതീവ്രവാദവും, മതേതരത്വം മുറുകെപ്പിടിച്ചിരിക്കുന്ന ഒരു രാജ്യത്ത് തർക്കവിതർക്കങ്ങൾക്കു കാരണമാകുന്നതു ശരിയായ സമീപനമല്ല. സമത്വവും സാഹോദര്യവും കുട്ടികൾക്കിടയിൽ പ്രബലപ്പെടാനും, സമൂഹത്തിൽ നിലനില്ക്കുന്ന സമ്പത്തിന്റെയോ ജാതിയുടെയോ പേരിലുള്ള ഉച്ചനീചമനോഭാവങ്ങൾ കുട്ടികൾക്കിടയിൽ വിവേചനങ്ങളോ വേർതിരിവുകളോ സൃഷ്ടിക്കാതിരിക്കാനും വേഷവിധാനത്തിലെ ഐകരൂപ്യം സഹായകമാകുമെന്ന കാര്യത്തിൽ തർക്കമില്ല. ലിംഗസമത്വത്തെ പ്രതിഷ്ഠിക്കാനുള്ള പെടാപ്പാടിന്റെ ഭാഗമായി ജെൻഡർ ന്യൂട്രൽ യൂണിഫോം എന്ന കാഴ്ചപ്പാട് മലയാളിമനസ്സുകളിൽപ്പോലും സജീവമാകുന്ന ഇക്കാലത്ത് ഉടുതുണി വിവാദങ്ങൾ ഉടനെയൊന്നും കെട്ടടങ്ങുമെന്നു തോന്നുന്നില്ല.

എന്തൊക്കെയായാലും, ഇതുവരെയുള്ള കോടതിവിധികളുടെ വെളിച്ചത്തിൽ വിലയിരുത്തിയാൽ, ഉടുതുണിയെ സംബന്ധിച്ചുള്ള ജാതി, മത, രാഷ്ട്രീയവിവാദങ്ങൾ ബാലിശവും സമത്വാധിഷ്ഠിതദർശനങ്ങൾക്കു കടകവിരുദ്ധവുമാണ്. മതേതരത്വം ഉയർത്തിപ്പിടിച്ചിരിക്കുന്ന ഒരു രാജ്യത്ത് സങ്കുചിതചിന്തകൾ കുട്ടിമനസ്സുകളിലേക്കുപോലും പ്രവേശിക്കുന്നതു ഗൗരവമായി വിലയിരുത്തേണ്ടതാണ്. അതിന്റെ പേരിൽ കുട്ടികൾ പഠിപ്പു മുടക്കുന്നതും തെരുവുകളിലേക്കിറങ്ങുന്നതും സാംസ്കാരികഭാരതത്തിനു ഭൂഷണമല്ല. യൂണിഫോം സ്കൂൾ മാനേജുമെന്റിന്റെ മൗലികാവകാശങ്ങളുടെ പരിധിയിൽ സർക്കാരും കോടതിയും കൊണ്ടുവന്നിരിക്കുന്നതിനാൽ തർക്കങ്ങൾ അവസാനിപ്പിച്ച് സാഹോദര്യ, സമാധാനാന്തരീക്ഷത്തിൽ വളരാൻ നമ്മുടെ കുട്ടികളെ അനുവദിക്കാം. ■

## കാലോചിതമായ കഥ, നക്ഷത്രശോഭയുള്ള വാക്കുകൾ

മാർച്ച് 10 ലക്കം ദീപനാളത്തിൽ നിഷ ആന്റണി എഴുതിയ 'ചാവുമണം' കാലോചിതമായി. മനോനില തെറ്റിയ സമ്പന്നനായ ഒരു ഇന്ത്യൻ പൗരന്റെ പ്രതിനിധികളാണ് വട്ടപ്പാറ ബെഞ്ചമിയും മാർട്ടിയും.

ആധുനികമനുഷ്യന്റെ സ്വാർത്ഥത വല്ലാത്ത ബന്ധനമാണല്ലോ. രവീന്ദ്രനാഥ ടാഗോർ ഗീതാഞ്ജലിയിൽ പറയുന്നതുപോലെ, "രാജകുമാരന്റെ വേഷമിട്ട കുട്ടി. രത്നം പതിപ്പിച്ച കണ്ഠാഭരണങ്ങളുമായി കളിക്കാനിറങ്ങുന്നു. പക്ഷേ, അവനു കളികളിൽ മുഴുകാൻ കഴിയുന്നില്ല. അവന്റെ രാജവേഷം അവനു ചലനസ്വാതന്ത്ര്യംപോലും നിഷേധിക്കുന്നു. വസ്ത്രങ്ങളുടഞ്ഞുപോകുന്നു. അതിൽ പൊടി പിടിക്കില്ലേ? കറ പുരളില്ലേ? അവൻ മാറിനില്ക്കുന്നു. അവന് അനങ്ങാൻപോലും ഭയമാകുന്നു."

ഇന്ന് ഇന്ത്യയുടെ ഭൂരിഭാഗം സമ്പത്തും ചെറിയ ന്യൂനപക്ഷമായ സമ്പന്നർ കൈവശപ്പെടുത്തിയിരിക്കുകയാണല്ലോ. ഭാവിയിൽ തങ്ങളുടെ സമ്പന്നഗോപുരങ്ങളിൽ കയറി പ്രപഞ്ചഗോളങ്ങളെ സ്വന്തമാക്കാമെന്നുള്ള മിഥ്യാധാരണയല്ലേ ഇതിന്റെ ഭാഷ്യം.

ഇതേ ലക്കത്തിലെ 'നക്ഷത്രശോഭയുള്ള വാക്കുകൾ' എന്ന ജിൻസ് കാവാലിയുടെ ലേഖനവും നല്ലൊരു വായനാനുഭവം നല്കിയെന്നു പറയട്ടെ. ആണ്ടോടാണ്ടു വൃക്ഷങ്ങൾ ഇലകൊഴിച്ചു പുത്തനിലകൾ ചൂടുന്നതുപോലെ എഴുത്തുകാരും തങ്ങളുടെ സർഗവൃക്ഷങ്ങളിൽ പുത്തൻ വാക്കിലകൾ തുന്നിച്ചേർക്കുകയും നിരന്തരോപയോഗത്താൽ നിറം മങ്ങിയവയെ അടർത്തിമാറ്റുകയും ചെയ്യേണ്ടതാണ്.

ഉലാവ് എച്ച് ഹേഗ് തന്റെ കാവ്യജീവിതത്തെ വിലയിരുത്തിക്കൊണ്ട് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "താനിപ്പോഴും അസ്തിവാരത്തിനു കല്ലു നിരത്തുന്നതേയുള്ളൂ. മുകളിൽ വരാൻ പോകുന്ന വീടിനെക്കുറിച്ച് എനിക്കു സ്വപ്നം കാണാനേ കഴിയൂ." നമ്മുടെ എഴുത്തുകാരും ഇത് അനുകരിച്ചാൽ ശോഭയേറും.

ജിൻസ് കാവാലിക്കും നിഷ ആന്റണിക്കും അഭിനന്ദനങ്ങൾ.

**ജോസ് കൂട്ടുമ്മൽ**
**കടനാട്**



**പ്രതികരണം**

## വയോധികർ വഴിയരികിലോ? സർക്കാർ പൊതുഭവനങ്ങൾ തയ്യാറാക്കണം

എൺപഞ്ചുകാരിയായ, പത്തു മക്കളുടെ മാതാവ്, മക്കളിൽ ആരെടുക്കണമെന്ന തർക്കത്തിൽ, പെരുവഴിയിൽ ആംബുലൻസിൽ നാലുമണിക്കൂർ കാത്തുകിടന്നതായി പത്രവർത്ത (15.02.22).

പണക്കാരാകട്ടെ, പാവങ്ങളാകട്ടെ, വാർദ്ധക്യത്തിൽ ധൈര്യമായി വസിക്കാൻ ഇനി സർക്കാർ പൊതുഭവനങ്ങൾ കൂടിയേ കഴിയൂ.

വശമുള്ളവരിൽനിന്നു നിയമപരമായി യുക്തമായ തുക ഇടാക്കിക്കൊണ്ടും, അല്ലാത്തവർക്കു സൗജന്യമായും സർക്കാർ പൊതുഭവനങ്ങൾ തയ്യാറാക്കണം. ആവശ്യമനുസരിച്ചു ജില്ലാടിസ്ഥാനത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ ഇത്തരം കമ്മ്യൂണിറ്റി സെന്ററുകൾ ഉണ്ടാക്കണം. വിദേശരാജ്യങ്ങളെ ഈ കാര്യത്തിൽ മാതൃകയാക്കണം. വയസ്സുകാലത്ത് ആരുടെയും ദയ കാത്തു വഴിയിൽ കിടക്കാൻ വയോധികരെ വിധിക്കരുത്.

സർക്കാർ നിയമനിർമാണം നടത്തണം, സ്ഥിരമായ വഴി കണ്ടെത്തണം, പണം കണ്ടെത്തണം. ഇത്തരം സംഭവങ്ങളും വാർത്തകളും ഒഴിവാക്കണം.

## വായ്പാ തട്ടിപ്പുകളും പെൻഷൻ റിവിഷനും

തമ്മിൽ ബന്ധമുണ്ടോയെന്നു തോന്നാം, എങ്കിലും പറയട്ടെ. കഴിഞ്ഞ ദിവസത്തെ (16.02.22) പത്രങ്ങളിൽ, പലശതം കോടികളുടെ ബാങ്കു തട്ടിപ്പുകളുടെ വാർത്തകൾ കണ്ടു.

നാട്ടിലെ പാവങ്ങളാണോ ഈ തട്ടിപ്പെല്ലാം നടത്തിയത്? അല്ലേയല്ല. ഭീമൻ തട്ടിപ്പുകൾക്കു കാരണം സാദാ ജീവനക്കാരുമല്ല.

അത്യന്തികമായി ഇതിന്റെ കാരണക്കാർ ഭരണാധികാരികൾ തന്നെ. അഴിമതി എവിടെയുണ്ടോ, കൂട്ടുഭരണാധികാരികളാണ്, എന്നതാണ് അതിദയനീയമായ അവസ്ഥ!

ഇന്ത്യാ രാജ്യത്ത് ഇപ്പോൾ ആകെ എത്ര കോടികൾ, ബാങ്കു തട്ടിപ്പുവഴി നാടിനു നഷ്ടപ്പെട്ടിട്ടുണ്ടെന്നു കണക്കു പറയാൻ ആർക്കു കഴിയും?

ഇക്കൂട്ടത്തിൽ വേറൊരു കാര്യംകൂടി ചിന്തിച്ചാലും. ബാങ്ക് പെൻഷൻകാർക്ക് പെൻഷൻ റിവിഷൻ കൊടുക്കാതായിട്ടു വർഷങ്ങൾ അനേകമായി. വിരമിച്ചു മരിക്കുന്നവരുടെ പെൻഷൻ റിവിഷൻ തടയുന്നതും ഇതേ ഭരണാധികാരികൾ തന്നെ. എന്തേ, ഈ തട്ടിപ്പ് തടയാൻ ഇവരൊന്നും തുനിയാത്തത്? പെൻഷൻ വർധന ഓർത്തിരുന്നു നീറി മരിക്കുന്ന പെൻഷൻകാർ ഈ അന്യായങ്ങൾ പൊറുക്കട്ടെ!

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# സമാനതകളില്ലാത്ത സമരപോരാട്ടം

## ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറയിളക്കിയ ഉപ്പുസത്യാഗ്രഹത്തിന് മാർച്ച് 12 ന് 92 വർഷം



എബി ജെ. ജോസ്

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക സന്ദർഭങ്ങളിൽ ഒന്നായിരുന്നു ഉപ്പുസത്യാഗ്രഹം. സ്വാതന്ത്ര്യസമരപോരാട്ടത്തിനു ദിശാബോധം നൽകിയ ഉപ്പുസത്യാഗ്രഹത്തിനു മുന്നോടിയായ ദണ്ഡിമാർച്ച് ആരംഭിച്ചത് 1930 മാർച്ച് 12 നായിരുന്നു. സ്വാതന്ത്ര്യസമരം തിളച്ചുമറിയുമ്പോഴാണ് 92 വർഷം മുമ്പ് ഗാന്ധിജി ഉപ്പുസത്യാഗ്രഹമെന്ന അഹിംസാസമരത്തിനു രൂപം നൽകിയത്.

ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പിനു നികുതി ചുമത്തിയതിൽ പ്രതിഷേധിച്ചായിരുന്നു ഉപ്പുസത്യാഗ്രഹം സംഘടിപ്പിച്ചത്. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പൂർണസ്വരാജ് പ്രഖ്യാപിച്ചശേഷം നടന്ന ആദ്യ പ്രഖ്യാപിതസമരവുമായിരുന്നു ഇത്. സബർമതി ആശ്രമത്തിൽനിന്ന് 390 കിലോമീറ്റർ അകലെയുള്ള ദണ്ഡിയിലേക്കു ഗാന്ധിജിയും 78 സന്നദ്ധപ്രവർത്തകരും യാത്രയാരംഭിച്ചു. 21 കിലോമീറ്ററായിരുന്നു ആദ്യ ദിവസത്തെ യാത്ര. തുടർന്നു യാത്ര പോകുന്ന ഇടങ്ങളിലെല്ലാം നിരവധി സന്നദ്ധപ്രവർത്തകർ ജാഥയിൽ അണിചേർന്നു. ഏപ്രിൽ 5 ന് ജാഥ ദണ്ഡി കടപ്പുറത്ത് എത്തിച്ചേർന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറ ഞാൻ ഇളക്കിയിരിക്കുന്നുവെന്നാണ് അന്ന് ഗാന്ധിജി പ്രഖ്യാപിച്ചത്.

നികുതി നല്കാതെ ഉപ്പു നിർമിക്കുന്നതിനുവേണ്ടിയായിരുന്നു ഗുജറാത്തിലെ സബർമതി ആശ്രമം മുതൽ ദണ്ഡി കടപ്പുറംവരെയുള്ള ആ യാത്ര സംഘടിപ്പിക്കപ്പെട്ടത്. ഉപ്പിനുമേലുള്ള നികുതിനിയമം ലംഘിച്ചതിന് ലക്ഷക്കണക്കിന് ഇന്ത്യാക്കാർക്കെതിരേ ബ്രിട്ടീഷ് സർക്കാർ കേസു ചുമത്തി.

ഉപ്പുസത്യാഗ്രഹം അപൂർവമായ ഒരു സമരമുറയായി മാറുകയായിരുന്നു. അതിലൂടെ സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചൈതന്യം ഗാന്ധിജി ജനതയ്ക്കു പകർന്നുനൽകി. സ്വാതന്ത്ര്യത്തിനായുള്ള തീപ്പൊരി ഉപ്പ് സത്യഗ്രഹത്തിലൂടെ കത്തിപ്പടർന്നു. കോടിക്കണക്കിന് ഭാരതീയരെ ചൂഷണത്തിൽനിന്നു മോചിപ്പിക്കാനുള്ള യാത്രയായി മാറുകയായിരുന്നു ദണ്ഡിയാത്ര. ലോകചരിത്രത്തിൽ അഹിംസയിലൂന്നിയ ഇങ്ങനെയൊരു ബൃഹത് സമരം മുമ്പുണ്ടായിട്ടില്ല.



1919 ലാണ് ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പുനിയമം കൊണ്ടുവന്നത്. ബ്രിട്ടനിൽനിന്നു തിരികെയെത്തുന്ന കപ്പലുകളിൽ കൊണ്ടുവന്ന ഉപ്പുചാക്കുകൾ വിറ്റൊഴിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം ആവിഷ്കരിച്ചത്. ഈ പശ്ചാത്തലത്തിലാണ് ഗാന്ധിജി ഉപ്പിനെ സമരമാർഗമായി തിരഞ്ഞെടുത്തത്. ജനങ്ങളെ ഒന്നിച്ചുനിർത്താനും അവരുടെ ആത്മാഭിമാനം വളർത്താനുമുതകുന്ന ഒരായുധമാണ് ഉപ്പെന്ന് അദ്ദേഹം മനസ്സിലാക്കി.

പാവപ്പെട്ടവർക്കും പണക്കാർക്കും ഒരുപോലെ ആവശ്യമാണ് ഉപ്പ്. ഇന്ത്യയിലെ സാധാരണക്കാർ കാലാകാലങ്ങളായി കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കിവന്നവരായിരുന്നു. അവരുടെ അവകാശമാണ് ബ്രിട്ടീഷ്സർക്കാർ നിഷേധിച്ചത്. അതുകൊണ്ടുതന്നെ ഉപ്പിന്റെ കഥ സ്വാതന്ത്ര്യത്തിന്റെ കഥകൂടിയായി മാറി.

പട്ടിണിപ്പാവങ്ങളെക്കുറിച്ചായിരുന്നു ഗാന്ധിജിയുടെ ശ്രദ്ധ. അവരുടെ കഷ്ടപ്പാടുകൾ ഇല്ലാതാകണം. അവരുടെ പുരോഗതി രാഷ്ട്രത്തിന്റെ പുരോഗതിയാണെന്നും അദ്ദേഹം വിശ്വസിച്ചു. മറ്റുള്ളവർക്കും സങ്കല്പിക്കാനാകാത്ത പ്രാധാന്യമാണ് ഗാന്ധിജി ഉപ്പിൽ ദർശിച്ചത്.

അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇന്ത്യൻമനസ്സിനെ തെളിച്ചെടുത്ത യാത്രയായിരുന്നു അത്. തങ്ങൾ സ്വതന്ത്രരാവുകയാണെന്ന ചിന്ത ജനങ്ങളിലുണ്ടാക്കാൻ ദണ്ഡിയാത്രയ്ക്കു കഴിഞ്ഞു. ഉപ്പുസത്യാഗ്രഹത്തിനു ലഭിച്ച സ്വീകാര്യതയാണ് ലക്ഷക്കണക്കിനു സാധാരണക്കാരായ ജനങ്ങളെ ഇന്ത്യൻസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് ആകർഷിച്ചത്. ■




# മുറിവുകളെ നിറവുകളാക്കിയ സ്നേഹവീട്



ആഷ്‌ലി ടെസ് ജോൺ

"അന്നക്കുട്ടിക്ക് എൽ.കെ.ജി.യിൽ അഡ്മിഷൻ ചോദിച്ചു പോയതും, അവളെ അവിടെ ചേർത്തതും സേറയാണ്. മക്കളെപ്പറ്റി ഏറെ അഭിമാനവും സന്തോഷവും തോന്നുന്ന ചില നിമിഷങ്ങളുണ്ടാവില്ലേ ഓരോരുത്തരുടെയും ജീവിതത്തിൽ. ഇതും അതുപോലൊന്നായിരുന്നു. മൂത്തമോൾ സേറയും ഏറ്റവും ഇളയമോൾ ഫൗസ്റ്റീനായും തമ്മിൽ പതിനാല് വയസ്സോളം വ്യത്യാസമുണ്ട്. മൂത്ത രണ്ടു പെൺമക്കളും എനിക്ക് ഇടത്തും വലത്തുമുള്ള രണ്ടു കാവൽമാലാഖാമാരെപ്പോലെ തോന്നാറുണ്ട്." മക്കളെപ്പറ്റിപ്പറയുമ്പോൾ അഭിമാനംകൊണ്ട് മീബയുടെ കണ്ണുകൾ തിളങ്ങി. കോട്ടയംജില്ലയിലെ ഭരണങ്ങാനം കിഴപറയാർ മാന്നാത്തു വീട്ടിൽ പയസിന്റെയും മീബയുടെയും ചിറകുകൾക്കു കീഴിൽ കുഞ്ഞിക്കിളികൾ ഒന്നും രണ്ടുമല്ല, ഏഴാണ്. പല നിറത്തിലുള്ള, ചന്തമുള്ള തൂവലുകൾകൊണ്ട് തൊങ്ങലുകൾ തീർത്തവർ.

"പയസിന്റെ വീട്ടിൽ അവർ എട്ടു മക്കളാണ്. അതുകൊണ്ടുതന്നെ ഒരു ഡസൺ മക്കളെങ്കിലും വേണമെന്ന് പയസിന് ആഗ്രഹമുണ്ടായിരുന്നു. 19-ാം വയസ്സിലായിരുന്നു വിവാഹം. അതിനുശേഷമാണ് ഡിഗ്രി കംപ്ലീറ്റ് ചെയ്തത്. ആദ്യത്തെ രണ്ടു പെൺകുട്ടികൾക്കുശേഷം രണ്ട് ആൺകുട്ടികൾകൂടി ജനിച്ചപ്പോൾ എല്ലാവരും ചോദ്യം തുടങ്ങി,



ഭരണങ്ങാനം കിഴപറയാർ മാന്നാത്തുവീട്ടിൽ പയസും മീബയും മക്കളോടൊപ്പം

പോരേ? ഇനി മതിയാക്കരുതോ? എന്ന്. പക്ഷേ, കുഞ്ഞുങ്ങളൊരിക്കലും ഞങ്ങൾക്കൊരു ഭാരമായി തോന്നിയിട്ടേയില്ല. ഉറങ്ങാത്ത വർഷങ്ങളുടെ കണക്കെടുത്താൽ അത് ഒരു കൈയിൽ എണ്ണിത്തീരില്ല.

"ആൺകുട്ടികൾ തമ്മിൽ വലിയ പ്രായവ്യത്യാസം ഇല്ല. അവർ വളർന്ന കാലങ്ങൾ ഇപ്പോഴോർക്കുമ്പോൾ എനിക്കദ്ഭുതമാണ്, എങ്ങനെ കടന്നുപോയെന്നറിയില്ല. എല്ലാക്കാലവും ഒരുപോലെയല്ലെങ്കിലും, എല്ലാക്കാലത്തും കൂടെ ഉണ്ടായിരുന്നവൻ താങ്ങി നടത്തി. അവനാണു നന്ദി പറയേണ്ടത്, എല്ലാറ്റിനും." ക്രൂശിതനിലേക്കു കണ്ണുകൾ ഉയർത്തുന്നവരാരും നിരാശരാവില്ലല്ലോ, ഭഗ്നാശരും.

"ഞാനേറ്റവും നന്ദി പറയേണ്ടതു മീബയോടാണ്. ജീവിതത്തിന്റെ കയറ്റിറക്കങ്ങളിലെല്ലാം പരാതികളില്ലാതെ എന്നോടൊപ്പം സഞ്ചരിക്കുന്നതിന്, കുടുംബത്തെ കരുതുന്നതിന്, അവളുടെ ഉറക്കമിളപ്പുകളും ഉണ്ണാവ്രതങ്ങളുമാണ് വീടിന്റെ വെട്ടമായി മാറുന്നത്." പയസിന്റെ വാക്കുകളിൽ പ്രിയപ്പെട്ടവളോടുള്ള നന്ദി തുളുമ്പുന്നുണ്ട്. പരസ്പരം മതിലുകളുയർത്താതെ, പാലങ്ങൾ തീർക്കുകയാണവർ, ഈ കനലിന്റെ കാലത്തും.

"പയസിന്റെ സഹോദരങ്ങൾ ഞങ്ങൾക്കെപ്പോഴും ആശ്രയമാണ്. എട്ടു മക്കളുള്ളതിന്റെ നിറവ് ശരിക്കറിഞ്ഞവരാണ് ഞങ്ങൾ. അതുകൊണ്ടുതന്നെ മക്കളുടെ എണ്ണത്തെപ്പറ്റി ആകുലതകളില്ല. ഞങ്ങളിലൂടെ വന്നൂ എന്നല്ലേ ഉള്ളൂ, ദൈവത്തിന്റെ മക്കളാണവർ. മൂത്തമോൾ സേറ - സി.എ. ഫൗണ്ടേഷൻ കോഴ്സ് ചെയ്യുകയാണ്. രണ്ടാമത്തെയാൾ ക്ലെയർ പ്ലസ്‌വൺ വിദ്യാർത്ഥിനിയാണ്. പിന്നെയുള്ള ആൺകുട്ടികൾ - എട്ടിലും ഏഴിലും ആറിലും നാലിലും പഠിക്കുന്ന ഫ്രാൻസീസ്, ജോനാഥൻ, ജോബ്, ജോയൽ - അവർ നാലു പേരും ഒറ്റക്കെട്ടാണ്. എന്തിനും ഏതിനും തയ്യാർ. തേങ്ങയിടാനും, ചക്ക പറിക്കാനും പുല്ലു ചെത്താനും തടമെടുക്കാനുമെല്ലാം അവർ റെഡിയാണ്. ഒരു മിച്ചായതുകൊണ്ട് കളിക്കാനും പഠിക്കാനുമൊന്നും പുറത്തുനിന്ന് ആളെ എടുക്കേണ്ട. ഇളയവൾ ഫൗസ്റ്റീന ചേട്ടന്മാരുടെ അരുമശിഷ്യയായാണു വളരുന്നത്. വികൃതിക്കൊരു കുറവുമില്ല. മൂത്ത ചേച്ചിമാർ ഇളയവർക്ക് ഗൈഡിങ്ങും കൗൺസലിങ്ങും ഒക്കെ കൊടുത്തോളും. ഡ്രസ് സെലക്ഷൻ, ഷോപ്പിങ് എല്ലാം ചേച്ചിമാരുടെ ഡിപ്പാർട്ട്മെന്റാണ്. ഒരു കുഞ്ഞിവാവ കൂടി വേണമെന്നെപ്പോഴും മക്കൾ പറയും. അതു കേൾക്കുമ്പോൾ ഞങ്ങൾക്കും സന്തോഷമാണ്. അവർ തമ്മിൽത്തമ്മിൽ പങ്കുവയ്ക്കുന്നതു ഭക്ഷണം മാത്രമല്ല, വിചാരങ്ങളും വികാരങ്ങളും ജീവിതം തന്നെയുമാണ്. കിട്ടുന്നതൊക്കെ പ്രസാദത്തോടെ സ്വീകരിക്കാനും പരസ്പരം കാവലാകാനും കാലം അവരെ പഠിപ്പിക്കുന്നുണ്ട്. ചില ചില വാളനുഭവങ്ങൾ ജീവിതത്തിലുണ്ടാവാതിരിക്കില്ലല്ലോ. ഹൃദയം മുറിയുകയും ചെയ്യും. പക്ഷേ, കുടുംബം പുരട്ടിത്തരുന്ന സ്നേഹലേപനംകൊണ്ട് ആ മുറിവുകളെല്ലാം മെല്ലെമെല്ലെ ഉണങ്ങുകതന്നെ ചെയ്യും." മീബ പറഞ്ഞു നിറുത്തി.

ഒരിക്കൽ ചില ദൗർബല്യങ്ങളിലൂടെ തുഴഞ്ഞുപോയതുകൊണ്ടുമാത്രം കടവത്തു സ്വീകരിക്കപ്പെടാതെ തണുത്തുവിറച്ചു നിൽക്കേണ്ടിവരുന്നവരുണ്ട്. അവരെയും നെഞ്ചോടു ചേർത്തു നിർത്തുന്ന ക്രിസ്തുവിന്റെ തിരുഹൃദയത്തിന്റെ ഊഷ്മളത ആവോളം അനുഭവിക്കുകയാണ് പയസും മീബയും മക്കളും പ്രത്യാശയോടെ. ■

# പ്രലോഭനങ്ങളുടെ പ്രളയകാലം



ഫാ. ജോസഫ്
പുത്തൻപുരയ്ക്കൽ
കപ്പൂച്ചിൻ

പ്രലോഭിതരാവുക എന്നതു മനുഷ്യസഹജമാണ്. എന്നാൽ, പ്രലോഭനത്തിനു വിധേയരാകുന്നതാണു പ്രശ്നം. ആദിമപറുദീസയിൽ മൂന്നു പ്രലോഭനങ്ങളുമായി സാത്താൻ കടന്നുവന്നു. ആ പ്രലോഭനത്തിൽ ആദിമാതാപിതാക്കൾ വീണു. കാണാൻ കൊള്ളാവുന്ന പഴം ഹവ്വായ്ക്കു കാണിച്ചു കൊടുത്തു. ഇതിനെ വിളിക്കാവുന്ന പേരാണ് കണ്ണുകളുടെ ദുരാശ. ആ പഴം പറിച്ചു തിന്നാൻ ഹവ്വായ്ക്കു തോന്നി. അതിന്റെ പേരാണ് ജഡത്തിന്റെ ദുരാശ. പഴംതിന്ന് ദൈവത്തെപ്പോലെയാവാൻ മോഹം തോന്നി. ജീവിതത്തിന്റെ അഹന്തയെന്ന് ഈ വികാരത്തെ വിളിക്കാം. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ രണ്ടാമധ്യായത്തിൽ മനുഷ്യന്റെ പാപങ്ങളെ മൂന്നു തലക്കെട്ടുകളുടെ കീഴിൽ ചുരുക്കിയിരിക്കുന്നു. അവ കണ്ണുകളുടെ ദുരാശ, ജഡത്തിന്റ ദുരാശ, ജീവിതത്തിന്റെ അഹന്ത എന്നിവയാണെന്ന് യോഹന്നാൻ വിവരിക്കുന്നു. അമ്പതുനോമ്പിന്റെ തുടക്കത്തിൽ യേശുവിനുണ്ടായ മൂന്നു പ്രലോഭനങ്ങൾ നാം ധ്യാനിച്ചു. കാണാവുന്ന ദേശംമുഴുവൻ കാണിച്ചുകൊടുത്തുകൊണ്ട് കണ്ണുകളുടെ ദുരാശയിലേക്കു നയിക്കാൻ ശ്രമിക്കുന്നു. കല്ലിനെ അപ്പമാക്കി മാറ്റിക്കൊണ്ടു ജഡത്തിന്റെ ദുരാശയിലേക്കു വശീകരിക്കാൻ ശ്രമിക്കുന്നു. താൻ ദൈവപുത്രനല്ലേയെന്ന ചിന്ത ഉണർത്തിക്കൊണ്ട് ജീവിതത്തിന്റെ അഹന്തയിലേക്കു വല വിരിക്കുന്നു.

മൂന്നു വിധത്തിലുള്ള പ്രലോഭനങ്ങൾ ഓരോ മനുഷ്യനിലും സംഭവിക്കാം. അതിന്റെ സൂചനയാണ് യേശുവിന്റെ പ്രലോഭനങ്ങളിൽ നാം കാണുന്നത്. ശരീരത്തിലുണ്ടാവുന്ന പ്രലോഭനമാണ് ആദ്യത്തേത്. കല്ലുകളെ അപ്പമാക്കി മാറ്റിക്കൊണ്ട് ജഡത്തിന്റെ ദാഹത്തെ ശമിപ്പിക്കാൻ സാത്താൻ പ്രലോഭിപ്പിക്കുന്നു. വിശന്നു നിൽക്കുന്നവന്റെ ബലഹീനതയാണ് അപ്പം. കല്ലിനെ ഒരു നിമിഷംകൊണ്ട് അപ്പമാക്കി മാറ്റാനാണു പ്രലോഭനം. കല്ലു പൊടിഞ്ഞു മണ്ണായിത്തീരണം. ആ മണ്ണ് വളംകൊണ്ടു നിറയണം. അതിൽ വിത്തു വിതയ്ക്കണം. അതു മുളയ്ക്കണം. അതിൽ ഗോതമ്പു വിളയണം. ആ ഗോതമ്പ് അപ്പമായി മാറണം. ഇതൊന്നും കൂടാതെ ഒരു നിമിഷംകൊണ്ടു മാന്ത്രികനെപ്പോലെ കല്ലിനെ അപ്പമാക്കി ഭക്ഷിക്കാൻ സാത്താൻ പ്രലോഭിപ്പിക്കുന്നു.

ജഡികമായ സന്തോഷങ്ങൾക്കുവേണ്ടി ഓടിനടക്കുന്നവനാണ് മനുഷ്യൻ. നോമ്പുകാലം ജഡത്തിന്റെ വാസനകളെ നിയന്ത്രിക്കുവാൻ സ്വയം പരിശീലിക്കുന്ന ദിവസങ്ങളാണ്. ഭക്ഷണത്തിൽ നിയന്ത്രണം വരുത്തിയും കുരിശിന്റെ വഴി നടത്തിയും കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിച്ചും മുട്ടിൽനിന്ന് നൊമ്പരമനുഭവിച്ചു പ്രാർത്ഥിച്ചും പരിഹാരത്തിന്റെ വഴികൾ നാം തേടുന്നു. സുഖമോഹങ്ങളുടെ ശാശ്വതഭൂമികളിൽ അലയുന്ന നമ്മെ അനുതാപത്തിലേക്കും മാനസാന്തരചിന്തകളിലേക്കും നോമ്പുകാല ത്യാഗങ്ങൾ നയിക്കുന്നു.



ദൈവാലയഗോപുരത്തിൽനിന്നു താഴത്തേക്കുചാടി ലോകത്തിന്റെ കൈയടി വാങ്ങാനുള്ള പ്രലോഭനമായിരുന്നു രണ്ടാമത്തേത്. മനസ്സിലുണ്ടാവുന്ന ഒരു പ്രലോഭനമാണിത്. മനുഷ്യരുടെ പ്രശംസയും ഭംഗിവാക്കും പ്രതീക്ഷിച്ചുള്ള പ്രവൃത്തികളിലേക്ക് ഈ പ്രലോഭനം വിരൽ ചൂണ്ടുന്നു. മാനസികമായ ഈ പ്രലോഭനത്തെ അതിജീവിക്കാൻ നോമ്പുകാലത്തു നാം ശ്രദ്ധിക്കുന്നു. ഒരാൾ നമ്മെ താഴ്ത്തിപ്പറയുമ്പോഴും പരിഹസിക്കുമ്പോഴും തളരാതെ നിൽക്കാൻ പഠിക്കണം. അവൻ വളരുകയും താൻ ചെറുതാകുകയും ചെയ്യണമെന്ന സ്നാപക യോഹന്നാന്റെ വചനത്തെ ധ്യാനിക്കണം. അനാവശ്യമായി നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ ആഹ്ലാദിക്കുവിൻ എന്ന യേശുവിന്റെ ഓർമപ്പെടുത്തൽ നാം തള്ളിക്കളയരുത്. സ്വയം താഴുന്നതിലും മറ്റുള്ളവരാൽ തിരസ്കൃതനാകുന്നതിലും നാം അർത്ഥം കണ്ടെത്തണം. മനുഷ്യന്റെ പ്രശംസയ്ക്കുവേണ്ടിയുള്ള മോഹത്തെ ഇതുവഴി നാം അതിജീവിക്കും.

ഒരു നിമിഷം കുമ്പിട്ട് ആരാധിക്കാനുള്ള പ്രലോഭനമായിരുന്നു മൂന്നാമത്തേത്. 'ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്' എന്ന മറുപടി യേശു നൽകുന്നു. ലോകത്തിലുണ്ടായ എല്ലാ പാപങ്ങളും ഒരു നിമിഷത്തിന്റെ പാപമാണ്. കായേൻ ആബേലിനെ കൊന്നത് ഒരു നിമിഷംകൊണ്ടാണ്. വികാരത്തിനടിമപ്പെട്ട് ഒരു നിമിഷംകൊണ്ടു ചെയ്യുന്ന പ്രവൃത്തികളെ നാം ഓർക്കണം. ദാവീദ് രാജാവ് ഉറിയാവിന്റെ ഭാര്യയെ പ്രാപിച്ചത് ഒരു നിമിഷംകൊണ്ടാണ്. 'പാപത്തിന് ഒരു നിമിഷം, പരിഹാരത്തിന് ഒരു ജന്മം' എന്നു പറയാറുമുണ്ടല്ലോ. വൈകാരികമായ ക്ഷോഭംകൊണ്ടു പ്രകടിപ്പിക്കുന്ന കോപവും ചീത്തപറച്ചിലും എല്ലാം ഈ പ്രലോഭനത്തിൽ ഉൾപ്പെടുന്നു. ഒരു കാര്യസാധ്യത്തിനുവേണ്ടി ചെറിയ കള്ളം പറയുന്നതും കൈക്കൂലി കൊടുക്കുന്നതുമെല്ലാം ഇതിൽപ്പെടുന്നു. ദീർഘസമയം കണ്ണുതുറന്നിരുന്നു വാഹനം ഓടിച്ചിട്ട് ഒരു നിമിഷം കണ്ണടച്ചാൽ നാം അപകടത്തിലാവും. ആത്മീയജീവിതത്തിലെ ചെറിയ അശ്രദ്ധകൾ നമ്മെ തകർക്കാം. നോമ്പുകാലം ജാഗരൂകരായി ജീവിക്കണമെന്ന് നമ്മെ ഓർമിപ്പിക്കുന്നു. ■

---

കവിത

ജോസ് പോളയ്ക്കൽ



## നീതി

ഇടതടവില്ലാതുയരുവതൊന്നേ
മുറവിളിയെവിടെയുമേവരിൽനിന്നും:
"അവികലനീതിയൊരിറ്റുമൊരാൾക്കും
കരഗതമാകുന്നീല ജഗത്തിൽ."

അബലജനത്തിനു നീതി ലഭിപ്പതു
തടയാൻ പഴുതുകൾ നിരവധിയല്ലേ!
അതിരുകവിഞ്ഞു തഴയ്ക്കുമനീതിയിൽ
വലയും നമ്മുടെ തലവിധി കഠിനം.

പദവിയിലേറിയിരിക്കുന്നവരും
ഭരണത്തേരു തെളിക്കുന്നവരും
ന്യായം തൂക്കിയളക്കുന്നവരും
മായം ചേർപ്പൂ നീതിയിൽ മുറപോൽ

ഉയരത്തിൽ പിടിയില്ലാത്തവരും
ധനധാടികളിൽ കുറവുള്ളവരും
തിരിമറി കാട്ടാനറിയാത്തവരും
പെരുവഴി പൂകി നശിക്കുകയല്ലേ!

ഭൂവിലണഞ്ഞ പരാപരസുതനായ്
ക്രൂശുപണിഞ്ഞൊരു ചരിതമതിന്നും
ഭേദമെഴാതിഹ തുടരുകയല്ലേ!
ക്രൂശുകൾ വീണ്ടും പണിയുകയല്ലേ!

മർത്ത്യനു മർത്ത്യൻ നീതി വിധിക്കുകി-
ലവ്വിധി നിജമവനെതിരായ് മാറും;
അർഹനു നീതിനിഷേധം! പകരമ-
നർഹനതെവിടെയുമെന്നും സുലഭം!

കിട്ടണമാർക്കും നീതിയൊരേവിധ-
മല്പവുമിളവതിനുണ്ടായിടൊലാ;
ഇക്ഷിതി സാധ്യതയില്ലതിനെങ്കിൽ
കിട്ടണമതു പരലോകേ കണിശം

അല്ലായ്കിൽ നരജന്മം ധരണിയി-
ലമ്പേ ദുർഭഗ,മർത്ഥനിശൂന്യം;
സത്യ, മഹിംസ, സനാതനമൂല്യമി-
തൊക്കെയൊഴുക്കാമറബിക്കടലിൽ.

തർക്കമെഴാത്തൊരുപാധി തിരഞ്ഞാൽ
തക്കതൊരെണ്ണമിതേയിതിനുള്ളൂ
നമ്മുടെ വരഗുരു ഗിരിമുകളിൽവ-
ച്ചൻപൊടു നൽകിയതാണതു കേൾക്കാം:

"നീതിക്കായിഹ പീഡനമേല്പവർ
ദാഹത്തോടതു തേടി നടപ്പവർ
നേടുമതൊടുവി, ലവർക്കാണനുപമ
നാകം, അവികലനീതി നികേതം."

ദുർവിധി കണ്ടിനി മനമിടിയേണ്ട, ജ-
ഗന്മയനരുളും നീതി യഥാർഹം;
ഇമ്മഹി നീതി ലഭിച്ചില്ലെങ്കിലു-
മങ്ങു പരത്തിലതുണ്ടു സുഭദ്രം.

# ഇതു മിശിഹായുടെ പൗരോഹിത്യമല്ലാതെ മറ്റൊന്നുമല്ല



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യ ചിന്തകളുടെ ഒരു അവലോകനം***

**VI**

കർദിനാൾ ഴാൻ മരീ ലുസ്തിഴേ (Jean - Marie Lustiger) ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പത്രോസിനടുത്ത ശുശ്രൂഷയുടെ രജതജൂബിലിക്ക്, 2003 ഒക്ടോബർ 15-ാം തീയതി റോമിൽ കർദിനാൾമാരും ആഗോളസഭയിലെ നാഷണൽ ബിഷപ്സ് കോൺഫെറൻസുകളുടെ അധ്യക്ഷന്മാരും അടങ്ങുന്ന സദസ്സിൽ 'പൗരോഹിത്യദൈവവിളിയെ' സംബന്ധിച്ചു ചെയ്ത പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ കർദിനാൾ സറാ ഉദ്ധരിക്കുകയും തുടർന്ന് തന്റെ ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.

കർദിനാൾ ലുസ്തിഴേ 1981 മുതൽ 2005 വരെ പാരീസ് അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്നു. 1926 ൽ യഹൂദ മാതാപിതാക്കൾക്കു ജനിച്ച അദ്ദേഹം പതിന്നാലാം വയസ്സിലാണു ക്രിസ്തുമതം ആശ്ലേഷിക്കുന്നത്.

1954 ൽ വൈദികനായി. 1979 ൽ Orle'ans രൂപതയുടെ മെത്രാനായി. 2007 ലാണ് കർദിനാൾ ലുസ്തിഴേ നിര്യാതനായത്. പാരീസിലെ നോത്രദാം കത്തീഡ്രലിലെ അദ്ദേഹത്തിന്റെ കല്ലറയ്ക്കു സമീപം, 'ഞാൻ യഹൂദനായി ജനിച്ചു. എന്റെ പിതാമഹന്റെ പേരായ ആരോൺ എന്ന് എന്നെ വിളിച്ചു. വിശ്വാസവും മാമ്മോദീസായുംവഴി ഞാൻ ക്രിസ്ത്യാനിയായി. അപ്പസ്തോലന്മാരെപ്പോലെ ഞാനും യഹൂദനായിത്തുടർന്നു' എന്നെഴുതിയ ഒരു ഫലകം സ്ഥാപിച്ചിട്ടുണ്ട്.

കർദിനാൾ ലുസ്തിഴേ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പ്രബോധനങ്ങളാണു പ്രസ്തുത പ്രസംഗത്തിൽ പ്രതിപാദിക്കുന്നത്. രക്ഷാകരപദ്ധതിയിൽ മാമ്മോദീസാ സ്വീകരിച്ചവരുടെ പൊതുപൗരോഹിത്യത്തെപ്പറ്റിയും ശുശ്രൂഷാപൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും സവിശേഷതയെയും പ്രാധാന്യത്തെയും കുറിച്ചും സമഗ്രമായ പ്രബോധനം ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ നല്കുകയുണ്ടായി.

1971 ൽ പോൾ ആറാമൻ മാർപാപ്പാ 'പൗരോഹിത്യശുശ്രൂഷയും ലോകത്തിലെ നീതിയും' എന്ന വിഷയം ചർച്ച ചെയ്യാനായി മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടി. രണ്ടാം വത്തിക്കാൻ സൂനഹദോസ് ശരിയായ കാഴ്ചപ്പാടുകൾ നിർദേശിച്ചിരുന്നെങ്കിലും പാശ്ചാത്യമീഡിയായിൽ പൗരോഹിത്യത്തെക്കുറിച്ച് അന്നാളുകളിൽ വലിയ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. ആധുനികപരിഷ്കൃതലോകത്തിൽ മേധാവിത്വത്തിന്റെ ആധാരമായ പൗരോഹിത്യത്തെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രപ്രകാ

> **അല്മായരും വൈദികരും ഒരേപോലെ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുകയും മിശിഹാരഹസ്യത്തിൽ പങ്കുചേരുകയും ചെയ്യുന്നു. ദിവ്യരഹസ്യങ്ങളുടെ കാര്യസ്ഥൻ എന്ന നിലയിൽ പുരോഹിതൻ ദൈവജനത്തിന്റെ പൊതുപൗരോഹിത്യത്തിന്റെ ശുശ്രൂഷകനാണ്.**

രവും സാമൂഹികശാസ്ത്രത്തിനനുസരിച്ചും വിശകലനം ചെയ്യാനും ചിലരെല്ലാം മുന്നോട്ടുവന്നു. മനഃശാസ്ത്രപഠനങ്ങളുടെ വെളിച്ചത്തിൽ പൗരോഹിത്യബ്രഹ്മചര്യവും ചോദ്യം ചെയ്യപ്പെട്ടു. ആധ്യാത്മികവും ദൈവികവുമായ ചിന്തകളെ മാറ്റിനിറുത്തുന്ന ലൗകികാധിഷ്ഠിതചിന്തയുടെ കാലമായിരുന്നു അതെന്ന് കർദിനാൾ ലുസ്തിഴേ പ്രസ്താവിക്കുന്നു. ഇതിന്റെയെല്ലാം പരിണതഫലമെന്നപോലെ പൗരോഹിത്യം ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയും വൈദികസെമിനാരിയിൽ ചേരുന്നവരുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തു.

ഈ പ്രതിസന്ധിയിൽ പോൾ ആറാമൻ പാപ്പാ എല്ലാ സമ്മർദങ്ങളെയും സധൈര്യം നേരിട്ടു. അദ്ദേഹത്തിന്റെ മറുപടി പ്രതീകാത്മകമായിരുന്നു എന്ന് കർദിനാൾ ഴാൻ മരീ ലുസ്തിഴേ പറയുന്നു. ഔഷ്വിറ്റ്സിലെ നാസി തടങ്കൽ പാളയത്തിൽ, ഭാര്യയെയും മക്കളെയും ഓർത്ത് നിലവിളിച്ചു കരയുന്ന ഒരു കുടുംബനാഥനു പകരക്കാരനായി, 'ഞാൻ ഒരു കത്തോലിക്കാ പുരോഹിതനാണ്' എന്നു പറഞ്ഞുകൊണ്ട് മുന്നോട്ടുവന്ന് വധശിക്ഷ ഏറ്റുവാങ്ങിയ ഫാ. മാക്സ്മില്യൻ കോൾബെയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ടാണ് പോൾ ആറാമൻ തന്റെ നിലപാട് വ്യക്തമാക്കിയത്.



ഏഴു വർഷങ്ങൾക്കുശേഷം 1978 ഒക്ടോബർ 16-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പാ, 'ഭയപ്പെടേണ്ട, മിശിഹായ്ക്ക് നിങ്ങളുടെ വാതിലുകൾ മുഴുവനായി തുറക്കുവിൻ' എന്ന് ആശംസിച്ചുകൊണ്ട് സഭാനേതൃത്വം ഏറ്റെടുത്തു. ക്രാക്കോവിലെ മെത്രാപ്പോലീത്താ എന്ന നിലയിൽ 1971 ലെ സിനഡിൽ പങ്കെടുത്ത അദ്ദേഹത്തിന് സഭയിലെ പ്രതിസന്ധികളെ സംബന്ധിച്ചു വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. പാശ്ചാത്യസഭയിൽ അരങ്ങേറിക്കൊണ്ടിരുന്ന പ്രത്യയശാസ്ത്രപരമായ ചർച്ചകൾ അവസാനിപ്പിച്ച് മിശിഹാകേന്ദ്രീകൃതമായി അല്മായന്റെയും വൈദികന്റെയും സമർപ്പിതരുടെയും ജീവിതം പടുത്തുയർത്തുവാനാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ ശ്രമിച്ചത്.

അദ്ദേഹത്തിന്റെ പ്രഥമ ചാക്രികലേഖനം 'മനുഷ്യരക്ഷകൻ' ഈ ദിശയിലുള്ള ആദ്യചുവടുവയ്പായിരുന്നു. രക്ഷകനായതുകൊണ്ട് മിശിഹാ പുരോഹിതനുമാണെന്ന് അവിടെ പ്രസ്താവിക്കുന്നു. ഈ സിനഡനന്തര അപ്പസ്തോലികപ്രബോധനമായ 'നിങ്ങൾക്ക് ഞാൻ ഇടയന്മാരെ നല്കും'(Pastores Dabo Vobis) എന്ന സുദീർഘമായ (226 പേജുകൾ) പ്രമാണരേഖ 1992 ലാണ് പ്രസിദ്ധീകരിക്കുന്നത്.

അല്മായരും വൈദികരും ഒരേപോലെ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുകയും മിശിഹാരഹസ്യത്തിൽ പങ്കുചേരുകയും ചെയ്യുന്നു. ദിവ്യരഹസ്യങ്ങളുടെ കാര്യസ്ഥൻ എന്ന നിലയിൽ പുരോഹിതൻ ദൈവജനത്തിന്റെ പൊതുപൗരോഹിത്യത്തിന്റെ ശുശ്രൂഷകനാണ്. കർദിനാൾ ലുസ്തിഴേ, ജോൺപോൾ രണ്ടാമന്റെ പ്രബോധനങ്ങളെ വിലയിരുത്തിക്കൊണ്ടു പറയുന്നു: "അദ്ദേഹത്തിന്റെ ഓരോ വാക്കിനും പ്രാധാന്യമുണ്ട്. വൈദികന്റെ പൗരോഹിത്യത്തിന്റെ ഉറവിടം അല്മായരുടെ പൊതു പൗരോഹിത്യമല്ല. വൈദികൻ ദൈവജനത്തിനു ശുശ്രൂഷ ചെയ്യുന്നു എങ്കിലും തന്റെ പൗരോഹിത്യം ദൈവജനത്തിൽ നിന്നല്ല ഉരുത്തിരിയുന്നത്. അതിനു കാരണം ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 'ദാനവും രഹസ്യവും' (Gift and Mystery) എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ, 'വൈദികന്റെ പൗരോഹിത്യം അതിന്റെ ഉദ്ഭവത്തിൽത്തന്നെ മിശിഹായുടെ പൗരോഹിത്യമാണ് - അല്ലാതെ മറ്റൊന്നുമല്ല.'

എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. പുരോഹിതൻ പ്രത്യേകമാംവിധം വിളിക്കപ്പെട്ടിരിക്കുന്നവെന്നും ലോകത്തിനാവശ്യം കർത്താവിന്റെ സുവിശേഷത്തിനു സുതാര്യമായി സാക്ഷ്യം വഹിക്കുന്ന വിശുദ്ധരായ വൈദികരെയാണെന്നും വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ പ്രസ്താവിച്ചിട്ടുണ്ട്.

തിരുപ്പട്ടസ്വീകരണത്തിനു നിലത്തു കൈകൾ വിരിച്ച് സാഷ്ടാംഗം കമിഴ്ന്നുകിടക്കുന്നത്, കർത്താവിനോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുന്നതിന് ഒരുക്കമാണെന്നു പ്രകടമാക്കുന്ന പ്രവൃത്തിയാണെന്നു പരിശുദ്ധ പിതാവ് പ്രസ്താവിച്ചിട്ടുള്ള കാര്യവും കർദിനാൾ ലുസ്തിഴേ എടുത്തുപറയുന്നുണ്ട്. ഗ്രന്ഥകാരനായ കർദിനാൾ സറായ്ക്ക് ഓർമിപ്പിക്കാനുള്ളത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്.

ഒന്നാമതായി, ദൈവമാണ് ഒരാളെ പൗരോഹിത്യത്തിലേക്കു വിളിക്കുന്നത്. അതിന് ഉത്തരം നല്കിയ വൈദികൻ ഈ മഹാദാനത്തിനു നന്ദി പറയുകയും ഈ വിളിയുടെ സൗഭാഗ്യവും സൗന്ദര്യവും ജീവിതത്തിൽ നിരന്തരം അനുഭവിക്കുകയും വേണം. നിന്നെ വിളിച്ച ദൈവത്തെ നീ ഒരിക്കലും നിരാശപ്പെടുത്തരുതെന്നും കർദിനാൾ സറാ എഴുതുന്നു.

രണ്ടാമത്തെ കാര്യം, പുരോഹിതരും അല്മായരും തമ്മിലുള്ള മാത്സര്യത്തെക്കുറിച്ചാണ്. ഒരുവശേ, വൈദികൻ അല്മായന്റെ ജീവിതരീതിയിൽ അസൂയപ്പെടുകയും വസ്ത്രധാരണത്തിലും മറ്റും അവനെ അനുകരിക്കുകയും ചെയ്യുന്നു. മറുവശേ, അല്മായൻ വൈദികനെപ്പോലെ ആകാൻ മത്സരിക്കുന്നു. സ്ഥാനമാനങ്ങൾക്കായി വഴക്കടിക്കുകയും സ്ത്രീകൾക്കു പൗരോഹിത്യം വേണമെന്നു വാദിക്കുകയും ചെയ്യുന്നു.

ഇതെല്ലാം കണ്ടിട്ടാകാം വി. പോൾ ആറാമൻ മാർപാപ്പാ 'സഭാസൗധത്തിൽ ഏതോ വിള്ളലിലൂടെ സാത്താന്റെ ധൂമപടലം വ്യാപിച്ചെന്നു' പറയാൻ ഇടയായത് എന്ന് കർദിനാൾ പ്രസ്താവിക്കുന്നുണ്ട്.

■

**കവിത**

അഡ്വ. എ.റ്റി. തോമസ് വാളനാട്ട്

## എന്തുകൊണ്ട് ?

എഴുതാത്തതെന്തെന്നോ?
വായിക്കട്ടല്പമാദ്യമേ

ഉണരാത്തതെന്തെന്നോ?
ഉറങ്ങട്ടല്പമാദ്യം ഞാൻ

പഠിപ്പിക്കാത്തതെന്തെന്നോ?
പഠിക്കട്ടാദ്യമൊരിത്തിരി


പിണങ്ങാത്തതെന്തെന്നോ?
ഇണങ്ങുംമുമ്പെങ്ങനെ?

ശിക്ഷിക്കാത്തതെന്തെന്നോ?
രക്ഷിച്ചീല ഞാനാരെയും.

ഹിംസിച്ചീടാത്തതെന്തെന്നോ?
ജീവൻ നൽകുവാനാകുമോ?

കുറ്റം സ്ഥാപിക്കാത്തതെന്തെന്നോ?
കുറ്റക്കാരനാകയാൽ.

വേദനിപ്പിക്കാത്തതെന്തെന്നോ?
വേദനിച്ചിട്ടുണ്ടൊത്തിരി.



# പുടിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കൂ

## യുക്രെയ്ൻ മെത്രാപ്പോലീത്ത

ഫിലാഡെൽഫിയ: യുക്രെയ്നിലെ റഷ്യൻ കടന്നുകയറ്റം വീണ്ടും യുക്രെയ്ൻ കത്തോലിക്കാസഭയെ അടിച്ചമർത്തുന്നതിലേക്കു നയിക്കുമോ എന്ന ആശങ്കയുമായി അമേരിക്കയിലെ ഫിലാഡെൽഫിയായിലെ യുക്രെയ്ൻ മെത്രാപ്പോലീത്ത ബോറിസ് ഗുഡ്സിയാക്ക്. ഇക്കഴിഞ്ഞ മാർച്ച് 5 ന് പൊന്തിഫിക്കൽ സന്നദ്ധസംഘടനയായ 'എയിഡ് റ്റു ദി ചർച്ച് ഇൻ നീഡ്'ന്റെ ചെയർമാൻ ജോർജ് മാലിനു നൽകിയ ഓൺലൈൻ അഭിമുഖത്തിലൂടെ റഷ്യൻ അധിനിവേശത്തിനെതിരേ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.



യുക്രെയ്നിലെ പ്രമുഖ കത്തോലിക്കാവ്യക്തിത്വങ്ങളെല്ലാം റഷ്യയുടെ ഹിറ്റ്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടാവാമെന്ന ആശങ്കയും മെത്രാപ്പോലീത്ത പങ്കുവെച്ചു.

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ റഷ്യൻ ചാരസംഘടനയായിരുന്ന കെ.ജി.ബിയാണ് രൂപപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ഓർമിപ്പിച്ചുകൊണ്ടായിരുന്നു പുടിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന മെത്രാപ്പോലീത്തയുടെ അഭ്യർത്ഥന. യുക്രെയ്നിലെ റഷ്യൻ ഇടപെടലിന്റെ ചരിത്രത്തെക്കുറിച്ചും മെത്രാപ്പോലീത്ത വിവരിച്ചു. കഴിഞ്ഞ 250 വർഷങ്ങളായി കത്തോലിക്കാസഭയുടെ സാന്നിധ്യമുള്ള യുക്രെയ്ൻപ്രദേശങ്ങളിൽ റഷ്യൻ അധിനിവേശം ഉണ്ടായപ്പോഴൊക്കെ റഷ്യ കത്തോലിക്കാസഭയെ അടിച്ചമർത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടുണ്ടെന്നു പറഞ്ഞ മെത്രാപ്പോലീത്ത, 2014 മുതൽ കിഴക്കൻ യുക്രെയ്നിലെയും ക്രീമിയയിലെയും റഷ്യൻ അധിനിവേശം അവിടത്തെ ക്രിസ്ത്യൻ സഭകളെയും മറ്റു മതങ്ങളെയും ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണെന്ന കാര്യവും ഓർമിപ്പിച്ചു.

യുക്രെയ്നിലെ റഷ്യൻ അധിനിവേശം മറ്റ് ആശങ്കകൾക്കുകൂടി കാരണമാകുന്നുണ്ടെന്നും മെത്രാപ്പോലീത്ത പറയുന്നു. ഒരു ഓർത്തഡോക്സ് പുരോഹിതൻ കൊല്ലപ്പെട്ടിട്ടുണ്ടെന്നും, യുക്രെയ്ൻ കത്തോലിക്കാസഭാതലവൻ സ്വ്യാട്ടോസ്ലോവ് ഷെഫ്ചുക്കും റഷ്യയുടെ ഹിറ്റ്ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുമെന്നത് തീർച്ചയാണെന്നും മെത്രാപ്പോലീത്ത പറഞ്ഞു. ഗുഹാശ്രമങ്ങൾ, തിരുശേഷിപ്പുകൾ തുടങ്ങിയവയ്ക്കു ഭീഷണിയുണ്ടോ എന്ന ചോദ്യത്തിന്, റോക്കറ്റ് ഫയറിങ്ങിനു വിവേകമില്ലാത്തതിനാൽ എന്തും സംഭവിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. കീവിലെ ആയിരം വർഷം പഴക്കമുള്ള സെന്റ് സോഫിയ ദൈവാലയം തകർക്കാൻ റഷ്യ പദ്ധതിയിടുന്നുണ്ടെന്ന വാർത്തയും അദ്ദേഹം ചൂണ്ടിക്കാട്ടി.

'നാറ്റോ'യല്ല മറിച്ച്, യുക്രെയ്നിലെ ജനാധിപത്യം റഷ്യയിലേക്കു പടർന്നാൽ തന്റെ സ്വേച്ഛാധിപത്യത്തിനു ഭീഷണിയാകുമോ എന്ന പുടിന്റെ ഭയമാണ് യുദ്ധത്തിനു കാരണമെന്ന് ചൈന, വെനിസ്വേല, ബ്രസീൽ അടക്കമുള്ള രാജ്യങ്ങളിലെ സമാനമനസ്കരായ ഭരണകൂടങ്ങളുമായുള്ള പുടിന്റെ സൗഹൃദം ചൂണ്ടിക്കാട്ടിക്കൊണ്ട് മെത്രാപ്പോലീത്ത വിവരിച്ചു. കഷ്ടതയനുഭവിക്കുന്ന യുക്രെയ്ൻജനതയെ സഹായിച്ചുകൊണ്ടിരിക്കുന്ന എ.സി.എൻ. പോലെയുള്ള സംഘടനകൾക്കും, പോളണ്ട് അടക്കമുള്ള രാഷ്ട്രങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ടാണ് മെത്രാപ്പോലീത്ത അഭിമുഖം അവസാനിപ്പിച്ചത്.






ഡോ. ജെ. കട്ടയ്ക്കൽ

## ദൈവദാനമല്ലാതെന്തുണ്ട്?

**ഭദ്രം കർണേഭി**

ഭദ്രം കർണേഭിഃ ശൃണുയാമ ദേവാഃ
ഭദ്രം പശ്യേമ-അക്ഷഭിർ യജത്രാഃ
സ്ഥിരൈർ അംഗൈസ് തുഷ്ടുവാംസസ്
തനൂഭിർ,
വ്യശേമ ദേവഹിതം യദ് ആയുസ്സ്!

**വിവർത്തനം**

ദൈവമേ, ഞങ്ങളുടെ കർണങ്ങൾ (ചെവികൾ)കൊണ്ട് ഞങ്ങൾ നല്ല കാര്യങ്ങൾ കേൾക്കട്ടെ!

കണ്ണുകൾകൊണ്ട് ഞങ്ങൾ നല്ല കാര്യങ്ങൾ കാണട്ടെ!

അരോഗ-ദൃഢഗാത്രരായി, ദൈവദാനമായ ആയുസ്സ് ഞങ്ങൾ ആസ്വദിക്കട്ടെ!

**ഹ്രസ്വവ്യാഖ്യാനം**

**ഭദ്രം കർണേഭിഃ ശൃണുയാമ**

നമ്മുടെ കണ്ണും കാതും ബുദ്ധിയും മറ്റെല്ലാ കഴിവുകളും ദൈവദാനമാണ് എന്ന വിനീതമായ അംഗീകാരമാണ് ഈ പ്രാർഥനയിൽ അന്തർഭവിച്ചിരിക്കുന്നത്. തൊണ്ണൂറ്റിമൂന്നു ദശലക്ഷം (9.3 കോടി) മൈലുകൾ അകലെയുള്ള സൂര്യനെപ്പോലും ഒരൊറ്റ നിമിഷനേരംകൊണ്ട് നോക്കിക്കാണാൻ നമുക്കു കഴിയുന്നത്, ദൈവാനുഗ്രഹംമൂലമല്ലേ?

അതുപോലെതന്നെ ചെവിയുടെ ആശ്ചര്യകരമായ ശ്രവണശക്തിയും, മറ്റു സിദ്ധികളും! ഇവയുടെ പേരിൽ ഗുരുവിനോടൊത്ത് വിദ്യാർത്ഥികൾ ദൈവത്തെ പാടിപ്പുകഴ്ത്തുന്നു!

അരോഗദൃഢഗാത്രരായി, ദൈവദാനമായ ആയുഷ്കാലം മുഴുവൻ, ദൈവസ്തുതിക്കായി സസന്തോഷം ആസ്വദിക്കാൻ അനുഗ്രഹിക്കണമേ, ദൈവമേ! എന്ന് ഗുരുസഹിതം വിദ്യാർത്ഥികൾ അഞ്ജലീബദ്ധരായി പ്രാർഥിച്ചുകൊണ്ടു ക്ലാസുകൾ സമാരംഭിക്കുന്നത് എത്ര പ്രശംസനീയം!

# മാൽഗുഡിദിനങ്ങൾ







ജോയിഷ് ജോസ്

**സാ**ങ്കല്പികമായ ഒരു ഗ്രാമമാണെന്ന് എഴുത്തുകാരൻ തന്നെ പറയുമ്പോഴും നമുക്കു ചിരപരിചിതമാണെന്ന തോന്നലുളവാക്കുന്ന സ്ഥലമാണ് മാൽഗുഡി. ഈ ഗ്രാമത്തെയും അവിടുത്തെ ജനങ്ങളെയും വായനക്കാർ യാഥാർത്ഥ്യമെന്നു കരുതി സ്നേഹിച്ചു. ഈ അപൂർവമായ ഭാഗ്യം സിദ്ധിച്ച സാഹിത്യകാരനാണ് ആർ.കെ. നാരായൺ. മാൽഗുഡിയെ പശ്ചാത്തലമാക്കി അദ്ദേഹം എഴുതിയ കഥകളുടെ സമാഹാരമാണ് മാൽഗുഡി ഡേയ്സ്.

1943 ന്റെ തുടക്കത്തിൽ പുറത്തുവന്ന മാൽഗുഡി ഡേയ്സിന്റെ തുടർച്ചയായി ആർ.കെ. നാരായൺ എഴുതിയ പല രചനകളിലും മാൽഗുഡി കടന്നുവന്നു. പ്രസിദ്ധീകരിച്ച് 70 വർഷങ്ങളിലധികം പിന്നിട്ടിട്ടും ഈ കഥകൾ മനുഷ്യമനസ്സുകളിൽനിന്ന് മായാതെ നിൽക്കുന്നത് നമ്മുടെയൊക്കെ ജീവിതങ്ങളിൽ വന്നേക്കാവുന്ന അസാധാരണങ്ങളായ സംഭവങ്ങൾ പ്രമേയങ്ങളായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു മാത്രമാണ്. ജീവിതത്തിൽ നമ്മൾ നേരിടേണ്ടിവരുന്ന പ്രതിസന്ധികളും വിഷമതകളും നർമത്തിൽ ചാലിച്ച ഭാഷയിലാണ് ഈ കഥകളിൽ ആർ.കെ. നാരായൺ അവതരിപ്പിച്ചിരിക്കുന്നത്.

വിവിധ ഇന്ത്യൻ ഭാഷകളിലും വിദേശഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ട മാൽഗുഡിയുടെ കഥകൾ 2009 ൽ മാൽഗുഡിദിനങ്ങൾ എന്ന പേരിൽ മലയാളത്തിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. സാധാരണക്കാരുടെ ജീവിതത്തിലെ അസാധാരണസംഭവങ്ങളെ കേന്ദ്രമാക്കി ജീവിതത്തിന്റെ അനിശ്ചിതത്വങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന 32 കഥകളാണ് മാൽഗുഡി ദിനങ്ങൾ എന്ന പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. ഗൃഹാതുരത്വത്തിന്റെ സുഖമുള്ള നോവുമായി വായനക്കാരനെ അലട്ടുന്ന ഈ കഥകൾ വിവർത്തനമെന്നു തോന്നിക്കാത്ത വിധത്തിൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത് റോയ് കുരുവിളയാണ്.




ആർ.കെ. നാരായൺ ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസിൽ (ഇപ്പോൾ ചെന്നൈ, തമിഴ്നാട്) ഒരു അയ്യർ വടാമ തമിഴ് ബ്രാഹ്മണകുടുംബത്തിൽ 1906 ഒക്ടോബർ 10-നാണ് ജനിച്ചത്. ആറ് ആൺമക്കളും രണ്ടു പെൺമക്കളുമുള്ള കുടുംബത്തിലെ ഒരാളായിരുന്നു അദ്ദേഹം. ആൺകുട്ടികളിൽ രണ്ടാമനായിരുന്ന നാരായൺന്റെ ഇളയസഹോദരൻ രാമചന്ദ്രൻ പിന്നീട് ജെമിനി സ്റ്റുഡിയോയിൽ പത്രാധിപരായി. പ്രശസ്ത കാർട്ടൂണിസ്റ്റായ ആർ.കെ. ലക്ഷ്മൺ ഇളയ സഹോദരനാണ്. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പിതാവിന്റെ സ്കൂളിലാണ് വിദ്യാഭ്യാസം നിർവഹിച്ചത്.

ആർ.കെ. നാരായണന്റെ ആദ്യനോവൽ 1935 ൽ പ്രസിദ്ധീകരിച്ച സ്വാമി ആൻഡ് ഹിസ് ഫ്രണ്ട്സ് ആണ്. നോവൽ, ചെറുകഥ, സ്മരണ, യാത്രാവിവരണം, ഇതിഹാസ - പുരാണകഥകളുടെ പുനരാഖ്യാനം എന്നീ വിഭാഗങ്ങളിലായി ഇരുപത്തഞ്ചിലധികം കൃതികൾ പ്രസിദ്ധീകരിച്ചു. ദി ഗൈഡിന് 1960 ലെ സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. ഇത് വഴികാട്ടി എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1964 ൽ പദ്മഭൂഷൺ, 2000 ൽ പദ്മവിഭൂഷൺ എന്നിവ നേടി. നിരവധി തവണ നോബൽ സമ്മാനം നൽകുന്നതിനായുള്ള പട്ടികയിൽ നാരായൺ ഇടം നേടിയിട്ടുണ്ടെങ്കിലും നോബൽ സമ്മാനം ഒരിക്കലും ലഭിച്ചിരുന്നില്ല. നോബൽ സമ്മാനസമിതി നാരായൺന്റെ കൃതികളെ അവഗണിച്ചതായും സാഹിത്യവൃത്തങ്ങളിൽ സംസാരമുണ്ട്.




**മാർച്ച് 27**
**നോമ്പുകാലം**
**അഞ്ചാം ഞായർ**

**ഉത്പ 4 : 8-16**
**1 സാമു 24 : 1-8**
**1 യോഹ 1 : 5-10**
**യോഹ 8 : 1-11**

# കരുണയുടെ വാതിൽ അടയുന്നില്ല



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

**നോ**മ്പുകാലത്ത് സഭ നമ്മിൽനിന്നാവശ്യപ്പെടുന്ന ഒരു സുപ്രധാന കാര്യമാണു പാപത്തെക്കുറിച്ചുള്ള അനുതാപം. ആത്മാർത്ഥമായി അനുതപിക്കുന്നവർക്കാണു കർത്താവ് രക്ഷ പ്രദാനം ചെയ്യുന്നത്. ഇവിടെ ഒന്നാം പ്രഘോഷണത്തിൽ (ഉത്പ. 4:8-16) കാണുന്ന നിന്റെ സഹോദരൻ ആബേൽ എവിടെ? എന്ന ദൈവത്തിന്റെ ചോദ്യം ഇന്നും നമ്മുടെ ഓരോരുത്തരുടെയും കർണപുടങ്ങളിൽ മുഴങ്ങേണ്ടതാണ്. തന്റെ തെറ്റുകളെക്കുറിച്ചു മനസ്തപിച്ച് അവ ഏറ്റുപറഞ്ഞപ്പോൾ ദൈവം കായേനു സംരക്ഷണമുദ്ര നല്കുന്നു.

തന്നെ വധിക്കാൻ സന്നാഹവുമായി എത്തിയ സാവൂളിനെ തന്റെ കൈയിൽ കിട്ടിയിട്ടും ഉപദ്രവിക്കാതെ ക്ഷമിച്ചു വെറുതെ വിടുന്ന ദാവീദിനെയാണ് രണ്ടാം പ്രഘോഷണത്തിൽ (1 സാമു. 24:1-6) നാം കണ്ടുമുട്ടുന്നത്. പാപികളോടു ദൈവത്തിനുള്ള കരുണയും അനുകമ്പയുമാണ് ഇതു പ്രകടമാക്കുന്നത്.



പാപമില്ലാത്ത മനുഷ്യരില്ല. അതുകൊണ്ടാണ്, നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകുമെന്നു മൂന്നാം പ്രഘോഷണത്തിൽ (1 യോഹ. 1:5-10) യോഹന്നാൻ ശ്ലീഹാ പറയുന്നത്. നാം പാപങ്ങൾ ഏറ്റുപറഞ്ഞാൽ, അവൻ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലുംനിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.

വ്യഭിചാരം വലിയ തിന്മയായി യഹൂദർ പരിഗണിച്ചിരുന്നു. ആരെങ്കിലും വ്യഭിചാരത്തിൽ പിടിക്കപ്പെട്ടാൽ അവരെ കല്ലെറിഞ്ഞുകൊല്ലണമെന്നാണ് മോശയുടെ നിയമം അനുശാസിച്ചിരുന്നത് (ലേവ്യ. 20:10; നിയ. 12:22). ഇപ്രകാരമുള്ള ഒരു കൃത്യത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരുംകൂടി ഈശോയുടെ പക്കലെത്തിക്കുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് യോഹ. 8:1-11 വിവരിക്കുന്നത്. പാപിനിയായ സ്ത്രീയെ വിധിക്കുകയെന്നതിലുപരി ഈശോയെ കെണിയിൽപ്പെടുത്തുകയെന്നതായിരുന്നു ഫരിസേയരുടെയും നിയമജ്ഞരുടെയും ലക്ഷ്യം. അനുതാപത്തോടെ തന്നെ സമീപിക്കുന്നവരുടെ പാപങ്ങൾ ക്ഷമിച്ചു പാപികളോടുള്ള സവിശേഷസ്നേഹം ഈശോ പ്രകടിപ്പിച്ചിരുന്നതുകൊണ്ട്, അവിടത്തെ പ്രതികരണം അറിയാനായി നിയമജ്ഞരും ഫരിസേയരും അവിടെ വന്നെത്തിയിരിക്കുകയാണ്. അവൾ കല്ലെറിയപ്പെടണം എന്ന് ഈശോ തീരുമാനിച്ചിരുന്നെങ്കിൽ, നീ നിരന്തരം പ്രസംഗിക്കുന്ന കരുണയെവിടെയെന്ന് അവർ ചോദിക്കുമായിരുന്നു. കരുണ കാണിച്ച് അവളെ വെറുതെ വിട്ടിരുന്നെങ്കിൽ, മോശയുടെ നിയമം പാലിക്കാത്തവൻ എന്നും വിധിക്കുമായിരുന്നു (വിശുദ്ധ ബീഡ്). അവളെ വിധിച്ചാലും അവളോടു കരുണ കാണിച്ചാലും ഈശോയെ കുറ്റക്കാരനായി വിധിക്കാമെന്ന് അവർ കണക്കുകൂട്ടി. എന്നാൽ, അവരുടെ കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ട് 'നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ആദ്യം കല്ലെറിയട്ടെ'യെന്ന് ഈശോ പ്രസ്താവിക്കുന്നു. ഇതു പറഞ്ഞിട്ട് ഈശോ കുനിഞ്ഞ് നിലത്ത് എന്തോ എഴുതിക്കൊണ്ടിരുന്നു. വിശുദ്ധ ജറോമിന്റെ വ്യാഖ്യാനമനുസരിച്ച്, അവൻ എഴുതിക്കൊണ്ടിരുന്നത് കുറ്റമാരോപിച്ചവരുടെയും മറ്റെല്ലാവരുടെയും പാപങ്ങളാണ്. അപ്പോൾ, മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലംവിട്ടു. സ്രഷ്ടാവിനെ അറിഞ്ഞിരുന്നില്ലെങ്കിലും തങ്ങളുടെ മനസ്സാക്ഷിയെ അറിഞ്ഞിരുന്നതുകൊണ്ടാണ് അവർ വിട്ടുപോയതെന്നു വിശുദ്ധ ആഗസ്തീനോസ് അഭിപ്രായപ്പെടുന്നു. ഈശോയുടെ മറുപടി അവരിൽ കുറ്റബോധവും പാപിനിയായ സ്ത്രീയിൽ പാപബോധവും ജനിപ്പിച്ചുവെന്നതാണു വാസ്തവം.

കുറ്റബോധത്താൽ നിറഞ്ഞ ഫരിസേയപ്രമാണികൾ കല്ലുകൾ താഴെയിട്ടു പിന്തിരിഞ്ഞുപോയി. ഒടുവിൽ കരുണയും കരുണാർഹയും മാത്രം അവിടെ അവശേഷിച്ചതായി ഈ സുവിശേഷഭാഗത്തെ വ്യാഖ്യാനിച്ചുകൊണ്ട് വി. ആഗസ്തീനോസ് പ്രസ്താവിക്കുന്നു. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ഈശോ അവൾക്കു പാപമോചനവും രക്ഷയും നല്കുന്നു. മേലിൽ പാപം ചെയ്യരുതെന്ന നിർദേശവും നല്കി ഈശോ അവളെ പറഞ്ഞയയ്ക്കുന്നു.


പിടിക്കപ്പെട്ട വ്യഭിചാരിണി നിയമത്തിന്റെമുമ്പിൽ കല്ലെറിയപ്പെടേണ്ടവളാണ്. എന്നാൽ, ഈശോ പാപിനിയായ സ്ത്രീയെ വിധിക്കാതെ മോശയുടെ നിയമത്തെ അതിന്റെ യഥാർത്ഥ ചൈതന്യത്തിലേക്കു തിരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. തന്മൂലം ഈ സുവിശേഷഭാഗമെന്നതു പാപിനിയും വിധികർത്താവും തമ്മിലുള്ള കണ്ടുമുട്ടലല്ല; മറിച്ച്, രക്ഷകനും പാപിനിയും അഥവാ, കരുണയും കരുണാർഹയും തമ്മിലുള്ള കണ്ടുമുട്ടലാണ്. പാപത്തിന്റെ ദീനതയെ സ്നേഹത്തിന്റെ കരുണയാൽ ഈശോ ഉടുപ്പിക്കുന്നു. അവളുടെ മനസ്സാക്ഷിയിൽ ദൈവസ്വരം കേൾക്കാൻ ഈശോ ഇടവരുത്തുന്നു. തുടർന്ന്, ഈശോ അവളെ സമാധാനത്തിൽ പറഞ്ഞയയ്ക്കുകയും പുതുജീവിതം ആരംഭിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കരുണയുടെ വസ്ത്രം ധരിച്ച അവൾ പുതുവ്യക്തിയാകുന്നു. പാപത്തിന്റെ ചെളിപുരണ്ട പുറങ്കുപ്പായം ഊരി ദൂരെയെറിഞ്ഞ് മിശിഹായുടെ കരുണാർദ്രസ്നേഹത്തിൽ നമുക്ക് ആശ്രയിക്കാം.

കരുണയുടെ കവാടങ്ങൾ അടയ്ക്കപ്പെടുകയോ കരുണയുടെ നദി വറ്റുകയോ കരുണയുടെ ചക്രവാളങ്ങൾ അസ്തമിക്കുകയോ ചെയ്യുകയില്ലായെന്നതിന്റെ നേർസാക്ഷ്യമാണു പാപിനിക്കു മോചനം നല്കുന്ന ഈ സുവിശേഷഭാഗം. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിൽ നിന്നും കരുതലിൽനിന്നും നമ്മളാരും വിച്ഛേദിക്കപ്പെട്ടിട്ടില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കി കരുണയുടെ ഉറവയായ ഈശോയുടെ പക്കലേക്ക് ഈ നോമ്പുകാലത്തു നമുക്കു തിരിച്ചുവരാം. കരുണയുടെ മുഖം നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും നമുക്കു പ്രകാശിപ്പിക്കാം.

## വായന

### ജീവിതംകൊണ്ട് പാഠപുസ്തകം നിർമിക്കുന്നത്

ഗ്രന്ഥകർത്താ : വി.പി. ജോൺസ്
പ്രസാധനം : എച്ച് & സി പബ്ലിഷിങ് ഹൗസ്, തൃശൂർ
വിതരണം : എച്ച് & സി സ്റ്റോഴ്സ്
വില : 140 രൂപ



ക്രോധത്തിന്റെ മുള്ളുകൾകൊണ്ട് നമ്മുടെ സമൂഹഗാത്രത്തെ വരഞ്ഞുകീറുകയാണ് ഈ കഥാകൃത്ത്. കീഴ്മേൽ മറിഞ്ഞ ഒരു ലോകത്തിന്റെ ദുർബലപഞ്ജരത്തിലേക്കു നൂഴ്ന്നുകിടക്കുന്ന 'സ്മൃതിയുടെ കിളി' ഇവിടെ അതിന്റെ അപഹാസ്യമായ പതനത്തിൽ തപിക്കുകയാണ്.

---

### മാർ തോമാശ്ലീഹായും കേരളവും

ഗ്രന്ഥകർത്താ : ജയിംസ് പുലിയുറുമ്പിൽ
പ്രസാധനം : എൽ.ആർ.സി. പബ്ലിക്കേഷൻസ്, കാക്കനാട്
വിതരണം : എൽ.ആർ.സി. മൗണ്ട് സെന്റ് തോമസ്, കാക്കനാട്
സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 300 രൂപ



മാർത്തോമാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാഹചര്യങ്ങളും സാധ്യതകളും സവിശേഷതകളും സമ്യക്കായി പ്രതിപാദിക്കുന്ന ഗ്രന്ഥം. പൂർവികർ വലിയ വില കൊടുത്തു സംരക്ഷിച്ചു കൈമാറിത്തന്ന നസ്രാണി സുറിയാനിപാരമ്പര്യത്തിൽ അഭിമാനം കൊള്ളാനും മാർത്തോമ്മാമാർഗത്തിലൂടെ ജീവിച്ചു കാണിക്കാനും സാധിക്കണമെന്നു ഗ്രന്ഥം പഠിപ്പിക്കുന്നു.

---

### കടലിനെ മഷിപ്പാത്രമാക്കുമ്പോൾ

ഗ്രന്ഥകർത്താ : സിജിത അനിൽ
പ്രസാധനവും എഴുത്തുകൂട്ടം ബുക്സ്, തൃശൂർ
വിതരണവും : ഹോൺബിൽ പബ്ലിക്കേഷൻസ്, തൃശൂർ
വില : 100 രൂപ



പ്രണയത്തിന്റെയും പ്രകൃതിയുടെയും ചിത്രശാല തുറന്നുതരുന്ന വാങ്മയങ്ങളാണ് ഈ കടലിലെ മഷിപ്പാത്രത്തിലുള്ളത്. വൈപരീത്യങ്ങളെ കൂട്ടിയിണക്കാൻ കവി നടത്തുന്ന പരിശ്രമം ജീവിതത്തെക്കുറിച്ചുള്ള പുത്തൻ കാഴ്ചപ്പാടുകളിലേക്കു വായനക്കാരെ നയിക്കുന്നു.




ഗിരീഷ് കെ. ശാന്തിപുരം

മഹാരാജാവിന്റെ കുറിമാനവുമായെത്തിയ രാജഭടൻ നീലകണ്ഠനോടു പറഞ്ഞു:

"ഇന്നുതന്നെ കൊട്ടാരത്തിൽ ഹാജരാകാൻ കല്പനയുണ്ട്."

നീലകണ്ഠൻ തറവാട്ടിലുള്ള എല്ലാവരുടെയും അനുഗ്രഹാശിസ്സുകളോടെയാണു പുറപ്പെട്ടത്. കൊട്ടാരത്തിലെത്തിയ നീലകണ്ഠൻ പത്മനാഭപുരം നീലകണ്ഠസ്വാമി ക്ഷേത്രത്തിന്റെ കാര്യവിചാരകനായി ചുമതലയേറ്റു.

പത്മനാഭപുരം ക്ഷേത്രത്തിനടുത്തുതന്നെ നീലകണ്ഠനു താമസിക്കാനുള്ള ഇടവും ഭക്ഷണസൗകര്യവും കൊട്ടാരത്തിൽനിന്നുതന്നെ ഏർപ്പാടു ചെയ്തു.

നീലകണ്ഠൻ ക്ഷേത്രകാര്യങ്ങളിൽ ഒരഴിച്ചുപണിതന്നെ നടത്തി. ക്ഷേത്രംവക സ്വത്തുക്കൾ അനാവശ്യരീതിയിൽ കൈകാര്യം ചെയ്തിരുന്ന യോഗക്കാരെ പിരിച്ചുവിട്ടു. പകരം സ്വാർത്ഥമതികളല്ലാത്തവരും യോഗ്യരുമായ ആളുകളെ തിരഞ്ഞുപിടിച്ചു നിയമിച്ചു.

നീലകണ്ഠന്റെ ക്ഷേത്രഭരണപരിഷ്കാരങ്ങളിൽ അതൃപ്തിപൂണ്ട ചില ബ്രാഹ്മണശ്രേഷ്ഠന്മാർ മഹാരാജാവിനെ മുഖം കാണിച്ച് ഉണർത്തിച്ചു:

"നീലകണ്ഠൻ നമ്മുടെ സുബ്രഹ്മണ്യഭഗവാന്റെ ക്ഷേത്രത്തെ നശിപ്പിക്കും. അയാളുടെ പ്രവൃത്തികൾ ഭഗവാനോ ആചാരങ്ങൾക്കോ നിരക്കുന്നതല്ല. മഹാരാജാവ് എന്തെങ്കിലും പോംവഴികൾ കണ്ടെത്തിയേ മതിയാകൂ."

പക്ഷേ, മഹാരാജാവ് തിരുമനസ്സുകൊണ്ട് അതൊന്നും ചെവിക്കൊണ്ടില്ല. നീലകണ്ഠന്റെ പ്രവർത്തനങ്ങൾക്കു മഹാരാജാവിന്റെ മൗനാനുവാദമുണ്ടായിരുന്നു.

കുറഞ്ഞൊരു കാലംകൊണ്ട് നീലകണ്ഠസ്വാമി ക്ഷേത്രത്തിന്റെ ഭരണം നേരാംവഴിയായി. ക്ഷേത്രത്തിൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടന്നു. പുനഃപ്രതിഷ്ഠ നടന്നു. നിത്യകർമങ്ങളും വിശേഷാൽ പൂജകളും ഉത്സവങ്ങളും ക്ഷേത്രവിധിപ്രകാരം നടത്തപ്പെട്ടു. ഭക്തജനങ്ങളുടെ തിരക്ക് കൂടിക്കൂടിവന്നു. നടവരവ് നാലിരട്ടിയായി.

നീലകണ്ഠന്റെ ഭരണത്തിൽ ക്ഷേത്രത്തിനുണ്ടായ പുരോഗതി മഹാരാജാവിനെ സംപ്രീതനാക്കി. നീലകണ്ഠനിലേക്കു ഭാരിച്ച കൂടുതൽ ഉത്തവാദിത്വങ്ങൾ വന്നുചേർന്നു.

വേനൽക്കാലമായിരുന്നു. മീനമാസം. പത്മനാഭപുരത്തിന്റെ ആകാശത്തിൽ വെയിൽ തിളയ്ക്കുന്നു. നീലകണ്ഠനു നട്ടാലത്തേക്കു മടങ്ങണം. നട്ടാലത്ത് മരുതുകുളങ്ങരത്തറവാടിന്റെ കുടുംബക്ഷേത്രമായ ഭദ്രകാളിക്കോവിലിൽ മീനഭരണിയുത്സവത്തിനു കാലമാകുന്നു. ഒരു കാരണവശാലും ഉത്സവം മുടങ്ങിക്കൂടാ. പൂർവികന്മാരായി ആചരിച്ചുപോരുന്നതാണ്. മരുതുകുളങ്ങരയിലെ കാരണവർ ദീനത്തിൽനിന്നു പൂർണവിമുക്തനുമല്ല.

നീലകണ്ഠൻ മഹാരാജാവിനോടു കാര്യമുണർത്തിച്ചു. ഉത്സവകാര്യമായതിനാൽ മഹാരാജാവ് മടികൂടാതെ അവധിയനുവദിച്ചു. മഹാരാജാവ് പറഞ്ഞു:

"ഉത്സവാദികൾ കഴിഞ്ഞ് എത്രയും പെട്ടെന്നു മടങ്ങിയെത്തുക. നീലകണ്ഠനെക്കൊണ്ട് കൊട്ടാരത്തിന് ഒരുപാട് സംഗതികളുണ്ട്."

നീലകണ്ഠൻ മടങ്ങി. നീലകണ്ഠനു നട്ടാലത്തേക്കു മടങ്ങിപ്പോകാൻ ഒരു കുതിരയെ മഹാരാജാവ് ഏർപ്പാടാക്കിയിരുന്നു. കായംകുളത്തെ ആക്രമിക്കാൻ തിരുനൽവേലിയിൽനിന്നു കുതിരപ്പട്ടാളത്തെ വരുത്തിയ കൂട്ടത്തിൽ കുറെ കുതിരകളെക്കൂടി വാങ്ങിയിരുന്നു. അതിലൊന്നായിരുന്നു നീലകണ്ഠനുവേണ്ടി മഹാരാജാവ് സമ്മാനിച്ചത്. പത്മനാഭപുരത്തെത്തി കുറഞ്ഞകാലംകൊണ്ടുതന്നെ നീലകണ്ഠൻ കുതിരസവാരിയും വശമാക്കിയിരുന്നു.

ഇടവഴികളിലൂടെയുള്ള കുതിരക്കുളമ്പടിശബ്ദം കേട്ടാണ് നട്ടാലം പ്രഭാതത്തിലേക്കു കണ്ണുമിഴിച്ചത്. ആളുകൾ അദ്ഭുതത്തോടെ വഴിയിലേക്കു നോക്കി. വസന്തകാലസൂര്യൻ ഉദിച്ചുവരുന്നതുപോലെയായിരുന്നു നീലകണ്ഠന്റെ വരവ്. പ്രായമായ സ്ത്രീകൾ ആ കാഴ്ച കണ്ടു പറഞ്ഞു:



"സാക്ഷാൽ മണികണ്ഠൻ പുലിപ്പുറത്തേറിവരുന്നതുപോലെ..."

ആലയുടെ മുമ്പിൽ കുളമ്പടിശബ്ദം കേട്ടാണ് മാതേവൻ പുറത്തേക്കു വന്നത്. കുതിരപ്പുറത്തെത്തിയ നീലകണ്ഠനെക്കണ്ട് മാതേവൻ അതിശയിച്ചു.

മാതേവനോടൊപ്പം നട്ടാലത്തിനു ചുറ്റും ഒരു കുതിരപ്രദക്ഷിണം കഴിഞ്ഞാണ് നീലകണ്ഠൻ മരുതുകുളങ്ങരയിലെത്തിയത്. മാതേവനുമൊത്തുള്ള യാത്രയ്ക്കിടയിൽ കണ്ടവരോടൊക്കെ നീലകണ്ഠൻ ക്ഷേമൈശ്വര്യങ്ങൾ തിരക്കി. നട്ടാലത്തമ്മയുടെ കടാക്ഷം കൊണ്ട് എല്ലാവർക്കും സുഖം. അത് നീലകണ്ഠനെ ആഹ്ലാദചിത്തനാക്കി.

നീലകണ്ഠൻ മരുതുകുളങ്ങരയിലെത്തിയപ്പോൾ ഉത്സവപ്രതീതിതന്നെയായിരുന്നു. രാജസന്നിധിയിലെ നീലകണ്ഠന്റെ സ്ഥാനലബ്ധിയിൽ കുടുംബാംഗങ്ങൾക്കെല്ലാം അതിരറ്റ സന്തോഷം.

മരുതുകുളങ്ങരയുടെ കുടുംബദേവതയായ ഭദ്രകാളിയുടെ ക്ഷേത്രത്തിലെ ഉത്സവത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. അതോടൊപ്പംതന്നെ നീലകണ്ഠന്റെ വിവാഹാലോചനകളും. നീലകണ്ഠന്റെ നിശ്ശബ്ദാനുവാദത്തോടെതന്നെയാണ് കുടുംബക്കാർ വിവാഹാലോചനകൾ നടത്തിയത്.

തിരുവിതാംകോട്ടിനു പടിഞ്ഞാറ് അമരാവതിക്കു സമീപമുള്ള മേക്കാട്ട് എന്ന ഗ്രാമത്തിൽനിന്നാണ് വീട്ടുകാർ നീലകണ്ഠനു വധുവിനെ കണ്ടെത്തിയത്.

മേക്കാട്ട് തമിഴ് പേശുന്ന ഗ്രാമമായിരുന്നു. ദ്രാവിഡ സംസ്കാരത്തിന് ആഴത്തിൽ വേരോട്ടമുള്ള ഒരു ചെറിയ ഗ്രാമം. കാലാകാലങ്ങളിൽ വയലുകളിൽ വിളകൾ പൂക്കുന്ന, കഠിനാധ്വാനികളായ കർഷകരുടെ നാട്.

അവിടെ സാമാന്യം ധനശേഷിയുള്ള ഒരു നായർത്തറവാട്ടിൽനിന്നാണ് മരുതുകുളങ്ങര വീട്ടുകാർ നീലകണ്ഠനു വധുവിനെ തിരഞ്ഞുപിടിച്ചത്.

പേര് ഭാർഗവി. ഏക മകൾ. സുന്ദരി. സുശീല. സുഭാഷിണി. അനിതരസാധാരണമായ രൂപലാവണ്യം മരുതുകുളങ്ങരത്തറവാട്ടിലെ അംഗങ്ങൾക്കും ബന്ധുജനങ്ങൾക്കും നന്നേ ബോധിച്ചു. നീലകണ്ഠന് എന്തുകൊണ്ടും ചേരുന്ന പെണ്ണുതന്നെ.

ഭാർഗവി എന്ന പേരിന് മഹാലക്ഷ്മി എന്നൊരർത്ഥം കൂടിയുണ്ട്. തേജസ്സുള്ളവൾ.

നീലകണ്ഠനും ഭാർഗവിയെ ഇഷ്ടമായി. ചേൽക്കണ്ണി. കറ്റവാർക്കുഴലി. കടഞ്ഞെടുത്ത വെണ്ണക്കൽ ശില്പത്തോടൊക്കും ഭാർഗവിയുടെ മേനിയഴക്. ഭാർഗവി മന്ദഹസിക്കുമ്പോൾ രാകാശശി ഉദിക്കുന്നു. മലയജമരങ്ങൾ തളിർക്കുന്നു.

നീലകണ്ഠനു പക്ഷേ, ഭാർഗവിയുടെ മെയ്യഴകിനപ്പുറം സ്വഭാവമഹിമയാണു പ്രിയമായത്. പഠിച്ചുതള്ളിയ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ലക്ഷണശാസ്ത്രവും വശമാക്കിയിരുന്ന നീലകണ്ഠൻ ഭാർഗവിയുടെ മനസ്സളന്നു. മനസ്സിലെ വെളിച്ചം കണ്ടു. അല്ലെങ്കിൽത്തന്നെ ഏതൊരാൾക്കും ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലാകും ഭാർഗവിയുടെ കുലീനത്വം.

ആഡംബരപൂർവംതന്നെയായിരുന്നു പുടവകൊട. നാടറിഞ്ഞ കല്യാണം. നട്ടാലത്തെങ്ങും ഉത്സവപ്രതീതി. ദീനദയാലുവും ധർമതത്പരനുമായ നീലകണ്ഠന്റെ വിവാഹം നാട്ടിലെങ്ങും ആനന്ദം വിതറി. ആബാലവൃദ്ധം ജനങ്ങളും ആഹ്ലാദിച്ചു. പ്രകൃതിപോലും പുളകംകൊണ്ടു എന്നു വേണം പറയാൻ.

പത്മനാഭപുരം കൊട്ടാരത്തിൽനിന്നു നീലകണ്ഠനുള്ള വിവാഹസമ്മാനമായി പട്ടുവസ്ത്രങ്ങളും പണവും പണ്ടങ്ങളുമെത്തി. അങ്ങനെയൊന്ന് മഹാരാജാവിൽനിന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല; നീലകണ്ഠൻപോലും. അത് നീലകണ്ഠനുള്ള വിലമതിക്കാത്ത അംഗീകാരമായി എല്ലാവരും കണ്ടു.

വിവാഹത്തിന്റെ നാലാംനാൾ പത്മനാഭപുരം കൊട്ടാരത്തിലെത്തി നീലകണ്ഠനും പത്നിയും മഹാരാജാവിനെ മുഖം കാണിച്ചു.

മഹാരാജാവിനു സന്തോഷമായി. നീലകണ്ഠന്റെ അറിവിനും തേജസ്സിനും ചേർന്നവൾതന്നെ. ഐശ്വര്യലക്ഷ്മിയെപ്പോലുണ്ട് നീലകണ്ഠന്റെ ഭാര്യ. പോലെയല്ല ലക്ഷ്മിതന്നെ.

വിഭവസമൃദ്ധമായ ഭക്ഷണവും പാരിതോഷികങ്ങളും നല്കിയാണ് മഹാരാജാവ് അവരെ മടക്കിയത്.

അത് നട്ടാലത്ത് മരുതുകുളങ്ങരത്തറവാടിന്റെ കുലദേവതയായ ഭദ്രകാളിയുടെ ക്ഷേത്രോത്സവനാളുകളായിരുന്നു. മീനമാസത്തിലെ ഭരണിനാളിലായിരുന്നു പ്രധാന ഉത്സവം. പൂർവാധികം ഭംഗിയായിത്തന്നെ ഉത്സവം നടന്നു. ഭദ്രകാളീപൂജയാണ് ചടങ്ങുകളിൽ പ്രധാനം. കുളമക്കാടിനടുത്ത് മണക്കരയില്ലത്തു നിന്നുള്ള ബ്രാഹ്മണശ്രേഷ്ഠന്മാരാണു ഭദ്രകാളീപൂജയ്ക്കു നേതൃത്വം നല്കിയത്. മൃഗബലി, അമ്മൻകൊടം, മാടൻകൊട, ഗുരുതി മുതലായവയും നിവർത്തിക്കപ്പെട്ടു. കോമരങ്ങൾ ഉറഞ്ഞുതുള്ളി. കോമരങ്ങളുടെ അരമണിയുടെയും ചിലമ്പിന്റെയും കിലുക്കത്തിലൂടെ ഭദ്രകാളി നട്ടാലത്തിനു മേൽ പ്രസാദം ചൊരിഞ്ഞു.

മരുതുകുളങ്ങരത്തറവാടിന്റെ അകത്തളത്തിൽ കത്തിച്ചുവച്ച തങ്കവിളക്കുപോലെ ഭാർഗവി തിളങ്ങി. ശ്രീപരമേശ്വരനു ശ്രീപാർവതി എങ്ങനെയായിരുന്നോ അങ്ങനെയായിരുന്നു നീലകണ്ഠനു ഭാർഗവിയും. ഭാർഗവിയുടെ വരവോടെ മരുതുകുളങ്ങരത്തറവാട് കൂടുതൽ പ്രസന്നമായി.

തന്റെ ജീവിതത്തിനു മേലും തറവാടിനുമേലും ദേവകളുടെ അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്നതായി നീലകണ്ഠനു തോന്നി. നട്ടാലത്തമ്മ പ്രസാദിച്ചിരിക്കുന്നു. മുപ്പത്തിമുക്കോടി ദേവകളും സംപ്രീതരായിരിക്കുന്നു.

ഒരു ഹിമകവചംപോലെ ഭാർഗവിയുടെ പ്രണയം നീലകണ്ഠനെ പൊതിഞ്ഞുപിടിച്ചു. പൗർണമിച്ചന്ദ്രൻ വെള്ളാമ്പൽപൂക്കളോടെന്നപോലെയാണ് നീലകണ്ഠൻ ഭാർഗവിയോടു പ്രവർത്തിച്ചത്.

ഭർത്താവിന്റെ വളർച്ചയിലും കൊട്ടാരത്തിൽനിന്നും നാട്ടിൽനിന്നും അദ്ദേഹത്തിനു കിട്ടുന്ന സ്നേഹബഹുമാനങ്ങളിലും പ്രാണപ്രേയസിയായ ഭാർഗവി അതിരറ്റു സന്തോഷിച്ചു.

അവൾ ഭർത്താവിനെ പരിചരിക്കുന്നതിലും ഗേഹധർമങ്ങൾ പാലിക്കുന്നതിലും കൂടുതൽ ശ്രദ്ധ വച്ചു. അയൽക്കാരോടും ബന്ധുമിത്രാദികളോടും ഏറെ എളിമയോടും സ്നേഹത്തോടും വർധിച്ചു.

ഏറ്റവും ലാളിത്യമുള്ള ജീവിതമായിരുന്നു ഭാർഗവിയുടേതും. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കപ്പുറം ഭാർഗവി ഒന്നും മോഹിച്ചില്ല.

നട്ടാലത്തുള്ളവർക്കെല്ലാം മാതൃകാപരമായിരുന്നു ആ ദമ്പതികളുടെ ജീവിതം.

(തുടരും)



# വേനലിൽ വെന്തുരുകി കേരളം



സിൽജി ജെ. ടോം

**മീ**നച്ചൂടിലേക്കു കടക്കുമ്പോഴേ കേരളമാകെ വെന്തുരുകുകയാണ്. സംസ്ഥാനത്തിന്റെ പല സ്ഥലങ്ങളിലും കനത്ത ചൂടാണു രേഖപ്പെടുത്തുന്നത്. ചിലയിടങ്ങളിൽ പകൽസമയത്ത് 40 ഡിഗ്രി സെൽഷ്യസിന് അടുത്താണ് അന്തരീക്ഷതാപനില. രാത്രിയും കൊടുംചൂടാണു നേരിടേണ്ടിവരുന്നത്. രണ്ടു വൻപ്രളയങ്ങളെ നേരിട്ട കേരളത്തിന് ഇനി രൂക്ഷവരൾച്ചകളെക്കൂടി നേരിടേണ്ട സാഹചര്യമാണുള്ളതെന്നു കാലാവസ്ഥാവിദഗ്ധർ നൽകുന്ന മുന്നറിയിപ്പിനെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.

കുറച്ചു വർഷങ്ങളായി കാലാവസ്ഥാവ്യതിയാനവും തുടർദുരന്തങ്ങളും കെടുതികളും കേരളത്തെ വേട്ടയാടുന്നു. ഒരുവേള അത്യുഷ്ണവും പിന്നാലെ മേഘവിസ്ഫോടനത്തിനു സമാനമായ പേമാരിയും നാട്ടിലേക്കു മാറിമാറിയെത്തുന്നു. പ്രകൃതിയുടെ നിലനില്പിനെ ഗൗനിക്കാതെ ഭൗതികനേട്ടങ്ങൾക്കു പിന്നാലെ ഓടുന്ന വ്യഗ്രതയിൽ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കു പ്രതികാരമെന്നോണം വൻദുരന്തങ്ങളെയാണു നാട് നേരിട്ടുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലെന്നപോലെ പൊള്ളുന്ന ചൂടും അതിശക്തമായ മഴയും ക്രമരഹിതമായ കാലവർഷവും മണ്ണിടിച്ചിലുമെല്ലാം രാജ്യത്തു ദുരന്തം വിതയ്ക്കുന്നതു പതിവാകുന്നു.

സൂര്യൻ ദക്ഷിണാർധഗോളത്തിൽനിന്ന് ഉത്തരാർധഗോളത്തിലേക്കു കടക്കുന്ന സമയത്ത് ഭൂമധ്യരേഖാപ്രദേശങ്ങളിൽ കടുത്ത ചൂട് അനുഭവപ്പെടാറുണ്ട്. വേനൽമഴ ലഭിക്കാത്തതും മേഘമില്ലാത്ത അന്തരീക്ഷത്തിൽ സൂര്യനിൽനിന്നുള്ള ചൂട് നേരിട്ടു പതിക്കുന്നതും ചുട്ടുപൊള്ളുന്ന അവസ്ഥയുണ്ടാക്കുന്നു.

കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചൂട് ഉയരുമെന്ന് ഈ ദിവസങ്ങളിൽ കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തിന്റെ മുന്നറിയിപ്പുണ്ട്. വരുംദിവസങ്ങളിലും മിക്ക പ്രദേശത്തും 36 ഡിഗ്രി സെൽഷ്യസിനു മുകളിൽ ചൂടു രേഖപ്പെടുത്താൻ സാധ്യതയുണ്ടെന്നാണു കാലാവസ്ഥ ഏജൻസികൾ പ്രവചിക്കുന്നത്.

പകൽ താപനിലയിൽ സംസ്ഥാനത്ത് ഏറ്റവും മുന്നിലാണ് കോട്ടയം. പുനലൂരിനെയും പാലക്കാടിനെയും പിൻതള്ളിയാണ് കഴിഞ്ഞ കുറെനാളായി കോട്ടയം ചുട്ടുപൊള്ളുന്നത്. പ്രളയത്തോളംപോന്ന മഴക്കാലത്തിനു ശേഷമാണ് നാട് വെയിലിൽ ഉരുകുന്നത്. മലവെള്ളപ്പാച്ചിലിൽ ഏറെ നാശനഷ്ടങ്ങൾ ജില്ലയിലുണ്ടായി. നദികളെല്ലാം നിറഞ്ഞുകവിഞ്ഞു. ശക്തമായ മഴ കഴിഞ്ഞ് ആഴ്ചകൾ പിന്നിട്ടപ്പോഴേക്കും കനത്ത ചൂടിലേക്ക് ജില്ലയുടെ അന്തരീക്ഷം വഴിമാറി. വെയിൽ ശക്തമായതോടെ പുഴകളിലെ ജലനിരപ്പ് ക്രമാതീതമായി താഴുകയാണ്. മണിമലയാറ്റിലും മീനച്ചിലാറ്റിലും ജലനിരപ്പ് കുത്തനെ താഴ്ന്നു. പ്രളയജലം പാഞ്ഞുപോയ പുഴകളിൽ കല്ലും മണ്ണും നിറഞ്ഞുകിടക്കുന്നു. വനത്തിനുള്ളിൽ വെള്ളം കിട്ടായതോടെ കാട്ടുമൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങിവന്നു.

ജനജീവിതത്തെ അക്ഷരാർത്ഥത്തിൽ പൊള്ളിച്ചാണ് ഈ വേനലും കടന്നുപോകുന്നത്. കൊടുംചൂട് ഇങ്ങനെ തുടരുന്നത് സൂര്യാതപത്തിനും ഉഷ്ണതരംഗത്തിനും സാധ്യത വർദ്ധിപ്പിക്കുമെന്നും കാലാവസ്ഥാനിരീക്ഷണ കേന്ദ്രം വ്യക്തമാക്കുന്നു. ഫെബ്രുവരിയിൽ തന്നെ വേനൽ അതിന്റെ പാരമ്യത്തിലെത്തിയിരുന്നു, മാർച്ച് എത്തിയപ്പോഴേക്കും ചുട്ടുപൊള്ളുന്ന അവസ്ഥയാണ്. കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ രേഖകൾ പ്രകാരം മാർച്ച് 14 ന് സംസ്ഥാനത്ത് ഏറ്റവും അധികം ചൂട് അനുഭവപ്പെട്ടത് കൊല്ലം ജില്ലയിലെ പുനലൂരിലാണ്, 38.7 ഡിഗ്രി സെൽഷ്യസ്. സൂര്യാഘാതമേൽക്കുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നു. തൃശൂർ വെള്ളാനിക്കരയിൽ 38.4 ഡിഗ്രി സെൽഷ്യസ് ചൂടാണ് ഇതേ ദിവസം രേഖപ്പെടുത്തിയത്. പാലക്കാട് മുണ്ടൂരിൽ ഈ സീസണിൽ പല തവണ 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ചൂടു രേഖപെടുത്തി.



മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ വലിയ കാലാവസ്ഥാവ്യതിയാനമാണ് സംസ്ഥാനത്ത് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ന് കാലാവസ്ഥാമാറ്റവും പരിസ്ഥിതിപ്രശ്നങ്ങളും മലയാളിക്കും പരിചിതമായിരിക്കുന്നു. മുമ്പ് വടക്കേ ഇന്ത്യയിലെ കടുത്ത വേനലും മഞ്ഞും മഴയുമൊക്കെ നമുക്ക് വെറും വാർത്തകളായിരുന്നു. പക്ഷേ, കഴിഞ്ഞ കുറെ വർഷങ്ങളായി തീർത്തും അപരിചിതമായ കാലാവസ്ഥയിലൂടെയാണ് കേരളം കടന്നുപോകുന്നത്. ചരിത്രത്തിലെ ഏറ്റവും കൂടിയ മഴയും ഏറ്റവും കനത്ത മഴയും അതേപോലെ കടുത്ത വേനലുമാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അടുത്ത നാലോ അഞ്ചോ മാസങ്ങൾ വരൾച്ചയുടേതായിരിക്കുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്.

കഠിനമായ കാലാവസ്ഥാമാറ്റങ്ങളോടു ചേർന്നുപോകാൻ നാം എത്രമാത്രം തയ്യാറായി എന്നതാണ് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം. ഒരുകാലത്ത് കാലാവസ്ഥ പ്രകൃതി തന്നെ ക്രമീകരിച്ചിരുന്നു, അതു സ്ഥിരതയോടെ കടന്നുപോയിരുന്നു. പിന്നീട് പ്രകൃതിയുടെ താളം മനുഷ്യൻ തെറ്റിച്ചതോടെ കാലാവസ്ഥ നമുക്ക് എതിരായി. പ്രകൃതിയെ ഇനിയെങ്കിലും നോവിക്കാതിരിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. മാറിയ കാലാവസ്ഥയ്ക്കനുസരിച്ചു നമ്മുടെ ജീവിതത്തെ ക്രമീകരിക്കാനും പഠിക്കേണ്ടിയിരിക്കുന്നു. ■

---

ശ്രേഷ്ഠമലയാളം

# പുഞ്ചിരി

ഡോ. ഡേവിസ് സേവ്യർ



"പുഞ്ചിരി, ഹാ! കുലീനമാം കള്ളം
നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം"
– കുടിയൊഴിക്കൽ

എന്നെഴുതിയത്, ശ്രീ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോനാണ്. സംസ്കൃതത്തിലെ ശ്രീയാവണം മലയാളത്തിൽ ചിരിയായത്.* പ്രാകൃതത്തിൽ സിരി എന്നാണു രൂപം. സിരിയിൽനിന്നാണ് ചിരിയുടെ പിറവി. പുഞ്ചിരി എന്ന പദത്തിലെ വിശേഷണശബ്ദം ഏതാവും? പുൻ? പുഞ്? പൂ? പുൻ+ചിരി സന്ധി ചെയ്യുമ്പോൾ പുഞ്ചിരിയാകും. പുൻ എന്നതിന് ചെറിയ എന്നർത്ഥം. അങ്ങനെ, പുഞ്ചിരി ചെറിയ ചിരിയാകുന്നു. പുഞ്ചിരിക്ക്, മന്ദഹാസം, സ്മിതം, ഇളംചിരി, ചെറുചിരി, ശബ്ദം കേൾക്കാത്ത ചിരി, മനോഹരമായ ചിരി, സന്തോഷംകൊണ്ടുണ്ടാകുന്ന ചിരി, മുഖവികാസം എന്നെല്ലാം വിവക്ഷിതങ്ങൾ ഉണ്ട്.

പുഞ്ചിരിയിലെ പൂർവ്വപദം പുഞ് എന്നോ പൂ എന്നോ ആകുവാൻ സാധ്യതയില്ല. മലയാളത്തിലും സഗോത്രഭാഷകളിലും പുഞ് എന്നൊരു ധാതുവില്ല. പൂ+ചിരി ഞകാരാഗമത്താൽ 'പൂഞ്ചിരി' എന്നേ വരൂ. പൂ എന്നതിലെ ദീർഘസ്വരം എങ്ങനെ ഹ്രസ്വമാകും? നിശ്ചയമില്ല. അങ്ങനെയെങ്കിൽ പുൻ+ചിരിയല്ലേ വാസ്തവത്തിൽ പുഞ്ചിരി? അപ്പോൾ, ചെറുചിരി പുഞ്ചിരിയാകുന്നു. "പുൻ+ചിരി പരസവർണ്ണനം കൊണ്ട് പുഞ്ചിരിയാകും. ൻ വർത്സ്യാനുനാസികമാണല്ലോ. 'ച' താലവ്യഖരവും. താലവ്യഖരത്തിന്റെ പ്രേരണകൊണ്ട് വർത്സ്യാനുനാസികം താലവ്യാനുനാസികമായി മാറുന്നു. മീഞ്ചന്ത (മീൻ+ചന്ത). തേഞ്ചോരും (തേൻ+ചോരും) മുതലായ സന്ധിരൂപങ്ങളും സമാനപ്രവണത വ്യക്തമാക്കുന്നു" ** പുൻ+ചിരി സന്ധി ചെയ്യുമ്പോൾ, പുഞ്ചിരിയാകും എന്ന് ഡോ. നടുവട്ടം ഗോപാലകൃഷ്ണനും രേഖപ്പെടുത്തിയിട്ടുണ്ട്.*** (പുൻ+ചെയ് ആണ് പുഞ്ച പുൻ+ചെയ് പരസവർണ്ണനംകൊണ്ട് പുഞ്ചെയ് എന്നും സ്വരസംവരണം കൊണ്ട് പുഞ്ച എന്നും രൂപം നേടുന്നു. പുൻ+ചെയ് → പുഞ്ചൈ → പുഞ്ച)

* ദേവൻ ശ്രീകുമാരൻ (തേവൻ ചിരികുമാരൻ) ഉണ്ണിയച്ചീചരിതത്തിന്റെ കർത്താവ്; ഏ.ഡി. 13–ാം ശതകം. ജന്മസ്ഥലം വയനാട്. രാമൻ ശ്രീകുമാരൻ (രാമൻ ചിരികുമാരൻ) ഗ്രന്ഥം ഓലയിൽ പകർത്തിയെഴുതിയ ആൾ.

** ലത, വി. നായർ, പ്രൊഫ., സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം രണ്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 42.

*** ഗോപാലകൃഷ്ണൻ, നടുവട്ടം, ഡോ. എൻ.ആർ. ഗോപിനാഥപിള്ള, ഗവേഷണംതന്നെ ജീവിതം (ആമുഖപഠനം) എൻ.ആർ.ഗോപിനാഥപിള്ളയുടെ കൃതികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 13.

30
പ്രകൃതിക്കൊരു പുനർവായന

# പൂഞ്ഞാർ ഭൂമിക

## പരിസരങ്ങൾക്കൊരു മാതൃക



മാത്യു എം. കുര്യാക്കോസ്











നാമാഗ്രഹിക്കുന്ന തരത്തിലുള്ള ഒരു മാറ്റം ലോകത്തിലുണ്ടാകാൻ ആദ്യം ചെയ്യേണ്ടത്, ആ മാറ്റം നമ്മളിൽനിന്നു തുടങ്ങുക എന്നതാണ്. രാഷ്ട്രപിതാവിന്റെ ഈ ആപ്തവാക്യം വളരെ ലളിതമായി തോന്നാമെങ്കിലും, സത്യസന്ധതയോടെ പ്രാവർത്തികമാക്കാൻ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ടെന്താ, ലോകത്തെ നന്നാക്കാൻ നമുക്കാർക്കും കഴിയുന്നില്ല. എന്നാൽ, ഇത്തരം ചില മാറ്റങ്ങൾക്കു വിധേയപ്പെടാൻ സന്നദ്ധരായ ചുരുക്കം ചിലരെങ്കിലും ചരിത്രത്തിലിടം നേടി ലോകത്തെ കീഴ്മേൽ മറിച്ചിട്ടുണ്ട്... ഒരാൾ മാത്രമല്ല! കൂടെച്ചേരാൻ കുറെപ്പേർ കൂടിയുണ്ടെങ്കിലോ? ചരിത്രത്തിനു വഴിമാറാതിരിക്കാൻ പറ്റില്ല. നമ്മുടെ ഈ കൊച്ചുകേരളത്തിൽ, കോട്ടയം ജില്ലയിലെ പൂഞ്ഞാർ എന്ന മലയോരഗ്രാമത്തിൽ കുറെയാളുകൾ – അനുഭവസമ്പത്തുള്ള കുറെ മുതിർന്നവരും, അറിവാർജിക്കാൻ താത്പര്യത്തോടെ കടന്നുവന്ന കുറെ ചെറുപ്പക്കാരും, കൃത്യമായിപ്പറഞ്ഞാൽ 20 വർഷങ്ങൾക്കുമുമ്പു കണ്ടൊരു സ്വപ്നമാണ്... പങ്കുവച്ച ആശയങ്ങളാണ്... എടുത്ത തീരുമാനങ്ങളാണ്... നടന്ന വഴികളാണ്... ഇന്നു കേരളത്തിനു മാത്രമല്ല, ഭാരതത്തിനുതന്നെ മാതൃകയായി നില്ക്കുന്ന ഭൂമിക എന്ന പ്രസ്ഥാനം. പ്രസ്ഥാനം, സംഘടന എന്നൊക്കെ വിളിക്കുന്നതിനെക്കാൾ, പൂഞ്ഞാറിനെ സംബന്ധിച്ച് അത് അവിടുത്തെ ഗ്രാമവാസികളെല്ലാം ഒരേപോലെ നെഞ്ചിലേറ്റുന്ന അവരുടെ 'മുന്നേറ്റ'മാണ്.

ഈ മുന്നേറ്റച്ചങ്ങലയിലെ ആദ്യകണ്ണികളായ 15 പേരാണ് പ്രായവ്യത്യാസങ്ങളെയെല്ലാം അതിജീവിച്ചു തകർക്കാൻ പറ്റാത്ത വിശ്വാസമായി ഇന്നും ഒരുമിച്ചുള്ളത്. അവർ തമ്മിൽത്തമ്മിൽ പങ്കുവയ്ക്കുന്ന സ്നേഹവിനിമയത്തിന്റെ ചാലിന് ഒരു പേരിട്ടാൽ നിറഞ്ഞ ചിരിയുമായി നാട്ടാരുടെ എല്ലാ പ്രശ്നങ്ങളിലും കൂടെയുള്ള എബി പൂണ്ടിക്കുളം എന്ന ചെറുപ്പക്കാരന്റേതായിരിക്കും. തങ്ങളുടെ സുന്ദരമായ ഗ്രാമത്തെയും അവിടുത്തെ അധ്വാനികളായ നാട്ടുകാരെയും ഹൃദയത്തിലേറ്റി, അവരുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും പുരോഗതിക്കുമായി നിലകൊള്ളാനും, നിലപാടുകളെടുക്കാനും ആസ്തികളൊന്നുമവകാശപ്പെടാനില്ലാതെ സീറോ ബഡ്ജറ്റിൽ അവർ ഒരുമിച്ചെടുത്ത തീരുമാനം! ഒരു കൊച്ചു കടമുറിയിലെ തട്ടി നാലു കമ്പിൽ കുത്തിനിർത്തി തുടങ്ങിയ പ്രസ്ഥാനം. പതിനഞ്ചുപേർ ഷെയറിട്ട വാടകമുറി. പിന്നീടങ്ങോട്ടു പ്രവർത്തകരിലൊരാളുടെ വാടകയില്ലാത്ത കടമുറിയിലേക്കു മാറി. മുതൽക്കൂട്ട് കുറെ നല്ല ബന്ധങ്ങളും ആത്മവിശ്വാസവും മാത്രം. പക്ഷേ, കൊച്ചുഗ്രാമത്തിലെ ആ കടമുറിയിൽ പങ്കുവയ്ക്കപ്പെട്ടതെല്ലാം നാടറിയുന്ന പ്രവർത്തനങ്ങളായി മാറി എന്നത് പിൽക്കാലചരിത്രം. ആശയങ്ങൾക്കൊരു ശുദ്ധിയും പ്രവർത്തനങ്ങൾക്കൊരു ശക്തിയുമുണ്ടെങ്കിൽ പണവും സംവിധാനങ്ങളുമില്ലാതെ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യപത്രമാണ് ഭൂമിക. ചങ്ങലയിലേക്കാകൃഷ്ടരായി എത്തിച്ചേർന്നവർ കേരളത്തിൽനിന്നു മാത്രമുള്ളവരല്ല മറ്റു സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നുമുള്ളവർ. വിദ്യാർത്ഥികളും കർഷകരും ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും സർക്കാർ–അർദ്ധസർക്കാർ സർക്കാരിതര സംഘടനകളും സ്ഥാപനങ്ങളും! പലരും അവരുടെ പദ്ധതികൾ നടത്തുന്നതിനുള്ള സംഘശക്തിയായി ഭൂമികയെ തിരഞ്ഞെടുത്തു. പണം അവർ മുടക്കിയപ്പോൾ സംഘാടകരായി ഭൂമിക പറന്നുനിന്നു! ഫലമോ, നിരന്തരമായ പരിശീലനക്ലാസുകളും ബോധവത്കരണപ്രവർത്തനങ്ങളും പഠനയാത്രകളും. ആയിരത്തിലധികം ക്ലാസ്സുകൾ, ക്യാമ്പുകൾ... കൃഷിഡിപ്പാർട്ട്മെന്റ്, ഹോർട്ടികോർപ്, റബർബോർഡ്, നബാർഡ്, കാർഷികവിജ്ഞാനകേന്ദ്രം, ഇക്കോഷൻസ് ബാംഗ്ലൂർ... കേരളത്തിനകത്തും പുറത്തുമുള്ള നിരവധി, സർക്കാർ, സർക്കാരിതരസ്ഥാപനങ്ങൾ സഹായവും പിന്തുണയുമായി ഭൂമികയ്ക്കൊപ്പം നിന്നു. വികാസ് വോളന്റിയർ വാഹിനി (VVV) എന്ന പ്രോജക്ട് നബാർഡ് സംശയലേശമെന്യേ ഭൂമികയെ ഏല്പിച്ചപ്പോൾ വിദ്യാഭ്യാസരംഗത്ത് പിന്നീട് ഒട്ടനവധി പരിവർത്തനങ്ങൾക്കു ചാലകശക്തിയായി മാറിയ റിസോഴ്സ് ഫാക്കൽറ്റികൾക്കു തന്നെ ജന്മം കൊടുക്കാനുള്ള പ്രവർത്തനമായതു മാറി. സീറോ ബഡ്ജറ്റിൽ തന്നെ നാട്ടിലുള്ള ഒരു ക്ലബിന് അന്തർദേശീയനിലവാരത്തിലുള്ള പരിപാടികൾക്കു നേതൃത്വം കൊടുക്കാൻ കഴിയുമെന്നതിന്റെ അടയാളമായി അത്. ഇക്കാലത്ത് അതിജീവനത്തിന്റെ പ്രതീക്ഷാനിർഭരമായ ഒരു വാതിലാണ് ഭൂമിക എന്നറിയണം.

ഇക്കഴിഞ്ഞ കൂട്ടിക്കൽ പ്രളയസമയത്ത് പരിസരങ്ങളെ പരിഗണിക്കുക എന്ന മുദ്രാവാക്യത്തിലൂന്നി ഭൂമിക പ്രവർത്തിച്ചപ്പോൾ ദുരന്തമുഖത്ത് കാര്യമായ സഹായമെത്തിക്കുവാൻ സാധിച്ചു. ഭൂമിക മനുഷ്യന്റെ സമഗ്രതയെ ലക്ഷ്യമാക്കി നിസ്വാർത്ഥമായി പ്രവർത്തിക്കുമ്പോൾ പ്രതീക്ഷകൾക്കപ്പുറത്തുള്ള സഹായവും പിന്തുണയുമെത്തുന്നുണ്ട്. ഒലിവ് തിയോളജിക്കൽ സൊസൈറ്റി ഈയടുത്ത കാലത്ത് ഭൂമികയുടെ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊടുത്തു എന്നത് സന്തോഷകരമായ അനുഭവമാണ്.

പൂർണചന്ദ്രൻ ഉദിച്ചുനില്ക്കുന്ന രാത്രിയാമങ്ങളിൽ, ചക്കിക്കാവിലും, മുതുകോരയിലും, കൈപ്പള്ളിമലയിലും, കാവാലിപ്പുഴത്തീരത്തുമൊക്കെ നിലാവ് കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. മീനനിലാവിലും മിഥുനനിലാവിലുമൊക്കെ പല പ്രദേശങ്ങളിലെ ആൾക്കാർ, കുട്ടികളും സ്ത്രീകളുമായി കുടുംബമായി ഒന്നിച്ചെത്തുകയാണ്. നിലാവ് നനയുക, നിലാപ്പാട്ട്, നിലാഭക്ഷണം, നിലാധ്യാനം... പിന്നെ നിലാവർത്തമാനങ്ങളിലേക്ക്. രാവേറെ പ്രകൃതിയോടൊത്തു പങ്കിടുന്ന സമയം ഓരോരുത്തരും വ്യക്തിപരമായി പരിസരങ്ങളെ അറിയുകയാണ്, സ്നേഹിക്കുകയാണ്. പിന്നീട് നദീസംരക്ഷണപ്രവർത്തനങ്ങൾക്കും, മാലിന്യനിർമാർജനപ്രവർത്തനങ്ങൾക്കുമൊക്കെയുള്ള ഊർജം പകർന്നുകിട്ടിയത് ഇത്തരം കൂട്ടായ്മകളിലെ സജീവചർച്ചകളിലായിരുന്നെന്ന് പലരും പങ്കുവയ്ക്കാറുണ്ട്. ഇത്തരത്തിലുള്ള വിചാരങ്ങളും അനുഭവങ്ങളും മനുഷ്യനോടുള്ള പ്രണയം ജ്വലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

പൂഞ്ഞാർ എന്ന ഗ്രാമത്തിന്റെ മുഴുവൻ സത്തയും പേറുന്ന ഒരു സാംസ്കാരിക ഇടമായി ഭൂമിക മാറണമെന്ന് സംഘാടകർ ആഗ്രഹിക്കുമ്പോൾ – അതുകൊണ്ടവസാനിക്കുന്നില്ല എന്നു നാം തിരിച്ചറിയുന്നു. ഒരുപിടി ആളുകളുടെ ചാരുതയാർന്ന ചിന്തകളും പ്രവർത്തനങ്ങളും ഭൂമിക്കുമേൽ സുഗന്ധമായി പരന്നൊഴുകുകയാണ്... കാലദേശങ്ങൾക്കതീതമായി... നന്ദി ഭൂമികേ. ■



*പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട വനിതാദിനാഘോഷം മുൻസിപ്പൽ കൗൺസിലർ ലിസിക്കുട്ടി മാത്യു കണ്ടത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. രൂപത ഡയറക്ടർ ഡോ. ജോസ് കുറ്റിയാങ്കൽ, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ഡോ.എൽസാ ടോം, പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ, സെക്രട്ടറി മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര, അന്തർദേശീയ മാതൃവേദി സെനറ്റ് അംഗങ്ങളായ മോളിക്കുട്ടി ജേക്കബ്, ബിന്ദു ഷാജി എന്നിവർ മുൻനിരയിൽ.*

# പരീക്ഷയെ നേരിടാം; ആത്മവിശ്വാസത്തോടെ



അഡ്വ. ചാർളി പോൾ

അലക്സാണ്ടർ ഗ്രഹാം ബെൽ പറയുന്നു: "Before anything else, preparation is the key to success". നല്ല ഒരുക്കമാണ് വിജയത്തിന്റെ താക്കോൽ. പരീക്ഷക്കാലമാണിത്. നന്നായി ഒരുങ്ങിയാൽ നല്ല റിസൽട്ട് സമ്പാദിക്കാൻ കഴിയും. നല്ല റിസൽട്ട് നേടിയാൽ ഭാവിപഠനവും ജോലിയും ഉയർച്ചയുമെല്ലാം കൈവരിക്കാൻ എളുപ്പമാണ്. നന്നായി പഠിക്കുക, റിവിഷൻ നടത്തുക, പഠിച്ചതു നന്നായി പ്രകടിപ്പിക്കുക എന്നിവയാണ് ഉന്നതവിജയത്തിനു സഹായകമാകുന്നത്. നന്നായി ഒരുങ്ങിയാൽ ആത്മവിശ്വാസം വർദ്ധിക്കും. പരീക്ഷപ്പേടി മാറും. പരീക്ഷകളെ ഭയപ്പെടേണ്ടതില്ല; മറിച്ച്, അവയെ അഭിമുഖീകരിച്ചു വിജയം നേടുക.

വലിയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് ഇന്നുതന്നെ ഒരു പ്രതിദിന-പ്രതിവാര ടൈംടേബിൾ തയ്യാറാക്കി പഠനം ആരംഭിക്കുക. ദിവസവും 8-10 മണിക്കൂർ പഠിക്കുക. സമയത്തിനു വില കല്പിക്കണം. നഷ്ടപ്പെടുത്തിക്കളയാൻ ഇനി സെക്കന്റുകൾപോലുമില്ല. ചിന്തയും പ്രവൃത്തിയും സമയവും പഠനത്തിനായി പുനഃക്രമീകരിക്കുക. റിവിഷനാകണം പരീക്ഷക്കാലത്തെ ഏറ്റവും പ്രധാന പഠനചര്യ. ഏറ്റവും സാധാരണവും ഫലപ്രദവുമായ പഠനമാർഗം ആവർത്തനമാണ്. ഹ്രസ്വകാല ഓർമയിൽനിന്നു ദീർഘകാല ഓർമയിലേക്കു പഠിച്ചവയെ കൊണ്ടുപോകാൻ റിവിഷൻ സഹായിക്കും. ആവർത്തിച്ച് ഉറക്കെ വായിച്ചാൽ അത് ഓർമയിൽ അടിയുറയ്ക്കും. തലച്ചോറിലെ 'ന്യൂറൽ പാത്വേ'കൾ എന്ന പഠിച്ച കാര്യത്തിലേക്കുള്ള വഴികൾ കൂടുതൽ കൂടുതൽ തെളിഞ്ഞുവരുന്നത് ആവർത്തനങ്ങളിലൂടെയാണ്. ആവർത്തനമാണ് ഓർമയുടെ ശാസ്ത്രം. ആവർത്തിച്ചുള്ള പഠനം ഓർമശക്തി വർദ്ധിപ്പിക്കും.

പഠിച്ചവ മറക്കാതിരിക്കാൻ പല മാർഗങ്ങളുണ്ട്. പഠിച്ച കാര്യം കൂടക്കൂടെ ഓർമിക്കുക. ശ്രദ്ധയോടും ഏകാഗ്രതയോടുംകൂടി പഠിക്കുക, സ്വന്തം ഓർമശക്തിയിൽ വിശ്വസിക്കുക, അർത്ഥമറിഞ്ഞു പഠിക്കുക, മുന്നറിവുമായി ബന്ധിപ്പിച്ചു പഠിക്കുക, പഠിച്ചവ വീണ്ടും കൂടുതൽ പഠിക്കുക, പഠിച്ചവ സ്വന്തം വാക്കുകളിൽ പറഞ്ഞുനോക്കുക, പഠിച്ച പാഠം 24 മണിക്കൂറിനുള്ളിൽ റിവൈസ് ചെയ്യുക, യുക്തിപൂർവം പഠിക്കുക, പ്രധാന പോയിന്റുകൾ മനസ്സിലുറപ്പിക്കുക, ആസ്വദിച്ചു പഠിക്കുക, ചെയ്തു പഠിക്കുക ഇവയെല്ലാം മറവിയെ മറികടക്കാൻ സഹായകമാണ്. കൂടാതെ, സൂത്രവാക്യങ്ങൾ, ഉദ്ധരണികൾ, ഫോർമുലകൾ, രാസനാമങ്ങൾ, വർഷം, പേരുകൾ തുടങ്ങിയവ ചെറിയ കാർഡുകളിൽ എഴുതി, അവ സമയം കിട്ടുമ്പോഴെല്ലാം മറിച്ചുനോക്കുക. പ്രയാസമുള്ള കഠിനപാഠങ്ങൾ ഉറങ്ങുന്നതിനുമുമ്പു പഠിക്കുക, രാവിലെ ഉണരുമ്പോൾ തലേദിവസം രാത്രി പഠിച്ചവ ഓർത്തുനോക്കുക. അതു കൃത്യമായി തെളിഞ്ഞുവരും. ഉപബോധമനസ്സിന്റെ കഴിവാണത്. ബോധമനസ്സിനെക്കാൾ 5000 മടങ്ങ് ശക്തി ഉപബോധമനസ്സിനുണ്ട്. ഉറങ്ങുന്നതിനുമുമ്പുള്ള നമ്മുടെ ചിന്തകളെ ഉപബോധമനസ്സ് ഏറ്റെടുക്കുകയും അതിന്മേൽ ജോലി ചെയ്യുകയും ചെയ്യും. ഉറങ്ങാൻ കിടക്കുമ്പോൾ പഠിച്ച കാര്യങ്ങൾ ഉപബോധമനസ്സ് ലോങ്ടേം മെമ്മറിയിൽ അടുക്കിവയ്ക്കും. പിന്നെ ഓർത്തെടുക്കാൻ എളുപ്പമായിരിക്കും. സ്ഥലകാലപരിധികൾക്കപ്പുറത്ത് എന്തും സാധ്യമാക്കാനുള്ള കഴിവ് ഉപബോധമനസ്സിനുണ്ട്. ഈ വർഷത്തെ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുമെന്ന് ഉറച്ചു വിശ്വസിക്കുക. വിജയം നേടുന്നതും മറ്റുള്ളവർ അഭിനന്ദിക്കുന്നതും അനുമോദനങ്ങൾ ഏറ്റുവാങ്ങുന്നതും ഭാവനയിൽ സങ്കല്പിച്ച് അനുഭവിക്കുക. ആ ലക്ഷ്യം മനസ്സ് സാധിച്ചുതരും.

മനസ്സാണു പഠനത്തിൽ പ്രധാന പങ്കുവഹിക്കുന്നത്. അതുകൊണ്ട് മനസ്സിരുത്തി പഠിക്കുക. ശ്രദ്ധയും ഏകാഗ്രതയും പഠനത്തിൽ പ്രധാനമാണ്. വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ചും പ്രയാസമുള്ള വിഷയങ്ങൾക്കു കൂടുതൽ സമയം നൽകിയും പഠിക്കുക. എസ്.എസ്.എൽ.സി.ക്കാരെ സംബന്ധിച്ച് ഈ വർഷം 70 ശതമാനം ചോദ്യങ്ങൾ ഫോക്കസ് ഏരിയായിൽനിന്നായിരിക്കും. അതിനാൽ, ഈ പാഠഭാഗങ്ങളെല്ലാം നന്നായി പഠിച്ച് തയ്യാറെടുക്കണം. 30 ശതമാനം ചോദ്യങ്ങൾ ബാക്കിഭാഗങ്ങളിൽനിന്നായതിനാൽ പാഠപുസ്തകം മുഴുവനായിത്തന്നെ പഠിക്കണം. രണ്ടു വിഭാഗത്തിലും ഓപ്ഷൻ സാധ്യതയുണ്ട്. പൊതുപരീക്ഷയ്ക്കുമുമ്പുള്ള മോഡൽ പരീക്ഷയും ക്ലാസ് റൂം പ്രവർത്തനങ്ങളും ചോദ്യമാതൃകകൾ പരിചയപ്പെടാൻ സഹായിക്കും.



പ്രധാനപ്പെട്ട ഭാഗങ്ങൾ വായിച്ചുപഠിക്കുന്നതോടൊപ്പം സ്വയം എഴുതിയും വരച്ചും പഠിക്കണം. ബുള്ളറ്റ് നോട്ടുകൾ, ചാർട്ട്, ഡയഗ്രം, പട്ടിക തുടങ്ങിയവ തയ്യാറാക്കാനും വിവരങ്ങൾ വിശകലനം ചെയ്യാനും പരിചയിക്കണം. വാക്കുകൾ തമ്മിൽ അകലം പാലിച്ചും ഖണ്ഡിക തിരിച്ചുമാവണം എഴുത്ത്. ഓരോ വിഷയത്തിലും പഴയ ചോദ്യപ്പേപ്പറുകൾ സംഘടിപ്പിച്ച് ട്രയൽ എക്സാം എഴുതിനോക്കണം. ഓരോ ട്രയൽ കഴിയുമ്പോഴും ആത്മവിശ്വാസം വർദ്ധിക്കും. പരീക്ഷപ്പേടി മാറും. ഭാഷാവിഷയങ്ങൾ പഠിക്കുമ്പോൾ ഓരോ വാക്കിന്റെയും കൃത്യമായ അർത്ഥം, വ്യാകരണം, ശൈലി എന്നിവ ശ്രദ്ധിക്കണം. നിർവചനങ്ങൾ, ഉദ്ധരണികൾ, പഴമൊഴികൾ, കവിതകൾ എന്നിവ കഴിവതും മനഃപാഠമാക്കുക. ശാസ്ത്ര-സാങ്കേതികപദങ്ങൾ പഠിക്കുമ്പോൾ അവയ്ക്കു ഭാഷയിൽ സാധാരണമായുള്ള അർത്ഥവും പഠിക്കുക. ചിത്രങ്ങൾ വരച്ചുപഠിക്കണം. ഫോർമുലകൾ യുക്തിയറിഞ്ഞു പഠിക്കുക. പരീക്ഷയ്ക്കു വരാവുന്ന ചോദ്യങ്ങളെ മുൻകൂട്ടിക്കണ്ടു പഠിക്കണം. വായിക്കുക, ഓർമിക്കുക ചിന്തിക്കുക, പുനരവലോകനം ചെയ്യുക എന്ന രീതിയാണ് അഭികാമ്യം. ആവശ്യത്തിനു പോഷകാഹാരവും അധികം വെള്ളവും കുടിക്കുക. ക്ഷീണമകറ്റാൻ ഡോക്ടറുടെ നിർദേശപ്രകാരം ടോണിക്കുകൾ കഴിക്കാം. ശാന്തതയോടെ, ആത്മവിശ്വാസത്തോടെ, നന്നായി പഠനം തുടരുക. വിജയം സുനിശ്ചിതം.

# ഈശോ

FROM THE BIBLE

11



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## റൂഹാഗമം



ജോർദാനു മുകളിൽ ആത്മാവ് അരിപ്രാവായി അവന്റെമേൽ ഇറങ്ങി. ജോർദാനിലെ ജലത്താലും ആകാശത്തിൽനിന്നുള്ള ആത്മാവാലും അവൻ അവിടെ സ്നാനപ്പെട്ടു. അതുവഴി അവൻ ദിവ്യാത്മാവിന്റെ ഉറവിടവും ദാതാവുമായി. റൂഹാ അവന്റെ ശക്തിയായിരുന്നു. ഈയൊരു അഭിഷേചനമാണു പിന്നീടുള്ള രക്ഷണീയമായ എല്ലാ കർമങ്ങളും ചെയ്യാൻ അവനെ പ്രാപ്തനാക്കിയത്. ക്രിസ്ത്യാനികളായ നാം അരൂപിയുടെ ആലയങ്ങളാണ് എന്നുള്ള ഒരോർമപ്പെടുത്തൽ ജോർദാനിൽ നടക്കുന്നുണ്ട്. നമ്മെയും നമ്മുടെ ജീവിതസാഹചര്യങ്ങളെയും ചൂഴ്ന്നുനില്ക്കുന്നത് ദൈവാത്മാവാണ്, ദുരാത്മാവല്ല. ജീവിതത്തിൽ പരിശുദ്ധ റൂഹായുടെ സ്പർശം അനുഭവിച്ചറിഞ്ഞ നിമിഷങ്ങളെ നന്ദിയോടെ അനുസ്മരിക്കാം. പവിത്രമായ കൂദാശകൾ ഒരുക്കത്തോടെ സ്വീകരിക്കുമ്പോഴും, വിശുദ്ധവചനം വായിക്കുമ്പോഴും, ധ്യാനിക്കുമ്പോഴുമൊക്കെ നാമറിയാതെ ആത്മാവിന്റെ അഭിഷേകം നമുക്കു ലഭ്യമാകുന്നുണ്ട്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന നാം പുറപ്പെടുവിക്കേണ്ടത് അവിടുത്തെ ഫലങ്ങളും സമ്പന്നരാകേണ്ടത് അവിടുത്തെ ദാനവരത്താലുമാണ്.

ആദിയിലെന്നപോലെ അരൂപിയായി നമ്മുടെ ശിരസ്സിനുമീതെ സദാ വട്ടമിട്ടു പറക്കുന്ന ആത്മാവിന്റെ അനുരണനങ്ങൾക്കു നിരന്തരം കാതോർക്കാം. ആ മഹാശക്തിയുടെ ആധിപത്യത്തിനും നിയന്ത്രണത്തിനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. സത്യത്തിന്റെ ആത്മാവിനെ സ്വീകരിച്ചവരായ നമുക്കു സത്യം പറയാനും എന്തു വില കൊടുത്തും ഏതു സാഹചര്യത്തിലും നേരിനുവേണ്ടി നിലകൊള്ളാനും കടമയുണ്ട്. ഓർക്കണം, ക്രിസ്തുവിന്റേത് എന്നപോലെ ക്രിസ്ത്യാനികളായ നമ്മുടെ തോളിന്മേലും ആത്മാവ് കുറുകുന്ന ഒരു വെള്ളരിപ്രാവായി ഇരിപ്പുണ്ട്. അതു പറന്നുപോകാൻ നാം ഒരുനാളും ഇടവരുത്തരുത്. നമ്മുടെ ഉള്ളം അവന്റെ വെള്ളിക്കൂടും, അവന്റെ കുറുകൽ നമ്മുടെ മനസ്സാക്ഷിയുടെ മന്ത്രണങ്ങളുമായി ഭവിക്കണം. ആ നിർമലാത്മാവിന്റെ നിറസാന്നിധ്യം നമ്മുടെ കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും കർമമേഖലകളിലും ഉറപ്പുവരുത്താൻ ശ്രദ്ധിക്കാം. അശുദ്ധാത്മാവിന്റെ സർവവിധത്തിലുള്ള വശീകരണങ്ങളിൽനിന്നും അകന്നുനില്ക്കാം.

ജീവിതത്തിൽ തീർച്ചയായും വ്യതിയാനങ്ങളുണ്ടാകും. ആത്മാഭിഷേകത്തിന്റെ അനുഭവങ്ങൾക്കു നമ്മുടെ ജീവിതത്തിൽ ക്ഷാമമുണ്ടാകാതിരിക്കട്ടെ. അവിടുത്തെ വിശുദ്ധവും വിശാലവുമായ വെൺചിറകുകൾക്കുള്ളിൽ നമ്മുടെ ജീവിതം സദാ സംരക്ഷിക്കപ്പെടട്ടെ. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവ അല്പംകൂടി ജീവിതത്തിലുണ്ടാകട്ടെ. നമ്മുടെ നാളുകൾ പാവനാത്മനിറവിന്റെ കാലമാകട്ടെ. അതിന്റെ ചൈതന്യം നമ്മെ മുന്നോട്ടു നയിക്കട്ടെ. അങ്ങനെ, ആയുഷ്കാലം മുഴുവൻ ആത്മാഭിഷിക്തരാകാം.

# അടിയോടടി – അജഗജാന്തരം!





സിനിമ

ആൻസി സാജൻ



**കൊ**വിഡ്കാലമായതിനാൽ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും പെരുക്കവും ആളനക്കവും ഇല്ലായിരുന്നെങ്കിലും ഈ വർഷം പലയിടത്തും ആൾക്കൂട്ടവും താലപ്പൊലിയും ചെണ്ടമേളവും കൊടിതോരണങ്ങളും തകർത്തുതിമിർത്തു. അതുപോലെ സിനിമയിൽ കൊടിയേറിയ പൊടിപൂരമാണ് അജഗജാന്തരം. നല്ല നാടൻ കൂട്ടത്തല്ലിന്റെ തകർത്താടിയ പൂരം. കൊവിഡ് കാലത്തിനുമുമ്പ് ഷൂട്ടിങ് തീർന്നെങ്കിലും ഇപ്പോഴാണു സിനിമ പ്രേക്ഷകരിലേക്കെത്തിയത്.

'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' എന്ന ചിത്രത്തിന്റെ സംവിധായകൻ ടിനു പാപ്പച്ചന്റെ രണ്ടാമത്തെ സംരംഭമാണ് അജഗജാന്തരം.

കഥയെന്നു പറയാൻ പ്രത്യേകിച്ച് ഒരുപാടൊന്നുമില്ലെങ്കിലും ഒരു രാത്രിയിലെ പൂരപ്പറമ്പും ആനയെഴുന്നള്ളിപ്പും അടിയല്ലാതൊരു പണീമില്ലാത്ത നാട്ടിലെ ചെറുപ്പക്കാരുടെ ചേരിതിരിഞ്ഞ പൊരിഞ്ഞ തല്ലും ഉത്സവമായിക്കാണാം സിനിമ തീരുംവരെ. സത്യം പറഞ്ഞാൽ ഈ അടി മടുക്കുകയേയില്ല. ഇടയിലൂടെയെത്തുന്ന കാഴ്ചകളും കെങ്കേമം. ക്യാമറയ്ക്കും അതിനു നിഴലും വെളിച്ചവുമൊരുക്കിയവർക്കും അഭിമാനിക്കാം. നായികയില്ലെന്നതു ദോഷമേയല്ല ഇപ്പോഴത്തെ സിനിമയ്ക്കൊന്നും. പക്ഷേ, ഇതിലൊരു കല്യാണപ്പെണ്ണുണ്ട്. അപാരം; നോക്കിയിരുന്നുപോകും പ്രകടനം.

കിച്ചു ടെല്ലസിന്റെ കഥയ്ക്കു തിരക്കഥയൊരുക്കാൻ അദ്ദേഹത്തോടൊപ്പം വിനീത് വിശ്വവും ചേർന്നിരിക്കുന്നു.

നാളുകൾക്കുശേഷം നാട്ടിലെ പൂരത്തിന് ആനയെത്തുന്നതാണു കഥ. ആനപ്പാപ്പാൻ അമ്പി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത് കിച്ചു ടെല്ലസ് തന്നെ. പുറകെ അമ്പിയുടെ സുഹൃത്തായ ലാലി (ആന്റണി പെപ്പേ) എത്തുന്നതോടെ അടിമുഴക്കം കേട്ടുതുടങ്ങുന്നു. ചൊറിയാൻ വരുന്നവരെ മാന്തുന്ന പ്രകൃതക്കാരനായ ലാലി നാട്ടുകാരായ യുവാക്കളുമായി അടിയുണ്ടാക്കുന്നിടത്തു ബഹളം തുടങ്ങുന്നു. കണ്ണന്റെ (അർജുൻ അശോകൻ) കൂട്ടത്തിലെ സുധി കോപ്പയുടെ കഥാപാത്രവുമായി കോർത്ത് അയാളെ നെഞ്ചിൽ ചവിട്ടിത്താഴെയിടുന്നു ലാലി. തന്നെ തല്ലിയവനെ തിരിച്ചു തല്ലണമെന്ന സുധിയുടെ വാശിയിൽ ലീഡർ കണ്ണനും കൂട്ടരും ലാലിയെ തല്ലാനെത്തുന്നു. ഒരു വശത്ത് ആനയും അമ്പിയും ലാലിയും. മറ്റുഭാഗത്ത് കണ്ണനും കൂട്ടരും. ആനയ്ക്കു ചുറ്റും ഉഗ്രനടി നടക്കുന്ന സീൻ രസകരവും സത്യസന്ധമെന്നു ഫീൽ ഉണ്ടാക്കുന്നതുമാണ്. ഇങ്ങനെ അടിച്ചും അടിമേടിച്ചും പൂരം കൊഴുപ്പിക്കുന്നവർ ഒരു വശത്ത്.

ഒടുവിൽ, കണ്ണന്റെ ടീമൊരുക്കുന്ന കുരുക്കിൽ വീഴാതെ കുതറിയോടുകയാണ് അമ്പിയും ലാലിയും.

ഉത്സവം ആഘോഷിച്ചു നീങ്ങുന്ന മനുഷ്യരുടെയും അമ്പലക്കാഴ്ചകളുടെയും ദൃശ്യങ്ങൾ തല്ലുമഹോത്സവത്തോടു കൂടിക്കലർന്ന് കാഴ്ചയ്ക്കു പകിട്ടു കൂട്ടുന്നു. രസകരമായ സംഭവങ്ങൾ കോർത്തിണക്കി, കാണുന്നവർക്കു മുഷിപ്പില്ലാതെ ആസ്വദിച്ചുതീർക്കാവുന്ന സിനിമ. ഇതിനിടയിൽ വൈകിയെത്തിയതിന് അമ്പലക്കമ്മറ്റിക്കാർ പിടിച്ചുവച്ച നാടകസംഘം വേറേ. ജാഫർ ഇടുക്കിയുടെ കമ്മറ്റി പ്രസിഡന്റും കലക്കിയെന്നു പറയാം.

നാടൻ കഥാപാത്രങ്ങൾക്കിണങ്ങിയ ഒട്ടേറെ ഭാവങ്ങൾ അർജുൻ അശോകന്റെ ചേഷ്ടകളിൽ വിരിയുന്നുണ്ട്. ഇനിയും ഒരു പാട് സിനിമകളിൽ ഹരിശ്രീ അശോകന്റെ മകൻ എത്തുമെന്നതു തീർച്ചയാണ്.

അവസാനരംഗത്തു കടന്നുവരുന്ന ചെമ്പൻ വിനോദും സിനിമയുടെ വശീകരണമാകുന്നു.

അങ്കമാലി ഡയറീസ് എന്ന സിനിമ ഇഷ്ടപ്പെട്ടാസ്വദിച്ച പ്രേക്ഷകർക്ക് അജഗജാന്തരവും ഉഗ്രനൊരു വിരുന്നാവും.

ഗജം സിനിമയിലുണ്ട്. അജം ആ ഉത്സവരാത്രിയിലെവിടെയും കണ്ടില്ല. ഇപ്പോഴത്തെ സിനിമാപ്പേരുകളൊക്കെ എത്ര അർത്ഥശൂന്യമാണെങ്കിലും പുതുതലമുറ അതിനെയങ്ങേറ്റുവാങ്ങുമെന്നത് ഉറപ്പാണ്. സിനിമാപ്രവർത്തകർ അതു നന്നായി മനസ്സിലാക്കിയിരിക്കുന്നു.

എന്തായാലും, കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമീണ, അസ്സൽ തല്ലുകലാരൂപം ദേഹത്തു പൊടി പോലുമേൽക്കാതെ പ്രേക്ഷകർക്കു കണ്ടുരസിക്കാം എന്ന മേന്മയടങ്ങിയ മുഴുവൻസമയ എന്റർടെയിനറാണ് അജഗജാന്തരം.

ഓരോ കഥാപാത്രവും കാണികളുടെ ഉള്ളിൽ ഇടം പിടിക്കും. സാബുവിന്റെ കച്ചംബർ ദാസ്, രാജേഷ് ശർമയുടെ നാടകനടൻ തുടങ്ങി ന്യൂജനറേഷൻ സിനിമാമുഖങ്ങൾ ഏറെയുണ്ടീ ചിത്രത്തിൽ. നായകന്റെ പിന്നാലെയല്ലാതെ നീങ്ങുന്ന ക്യാമറയിലൂടെ ഉത്സവപ്പറമ്പിലെ കെട്ടുകാഴ്ചകളും ലൈറ്റിങ്ങും വെടിക്കെട്ടും കച്ചവടക്കാരും ആൾക്കൂട്ടവുമെല്ലാം ചേർന്ന് ഒരു വിഷ്വൽ വിരുന്നുതന്നെയാണ് അജഗജാന്തരം. ജിന്റോ എന്ന ഛായാഗ്രാഹകന്റെ കഴിവിന്റെ ഉണർവാണ് ചിത്രത്തിന്റെ മനോഹാരിതയെന്നു പറയാം. ശബ്ദവിന്യാസങ്ങളും ഗംഭീരം. നെയ്ശേരി പാർത്ഥൻ എന്ന ആന ചിത്രത്തിനു കൊമ്പെടുപ്പു കൂട്ടുന്നു.

■

# മരംകൊത്തി




മാത്യൂസ് ആർപ്പൂക്കര

**ലോ**കത്തിൽ മരങ്ങളുള്ള എവിടെയും കണ്ടുവരുന്ന പക്ഷിയാണ് മരംകൊത്തി. നൂറ്റിയെൺപതോളം ഇനം മരംകൊത്തികളുണ്ട്. കേരളത്തിൽ പതിനൊന്നിനങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. നാട്ടുമരംകൊത്തി, തണ്ടാൻ മരംകൊത്തി, പുള്ളിമരംകൊത്തി, കാക്കമരംകൊത്തി, ചെമ്പൻമരംകൊത്തി, പൊന്നിമരംകൊത്തി എന്നിവയാണ് നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട മരംകൊത്തിയിനങ്ങൾ.

കുരുവിയോളം വലിപ്പമുള്ള തണ്ടാൻ മരംകൊത്തിയാണ് കേരളത്തിൽ കാണുന്ന ഏറ്റവും ചെറിയ ഇനം. വയനാട്ടിൽ ഇവയെ ധാരാളമായി കാണാം.



പുല്ലുകൾക്കും പ്രാണികൾക്കുമൊപ്പം പൂന്തേനും പഴച്ചാറും കഴിക്കുന്നവരാണിവർ.

വലിപ്പത്തിൽ ഒന്നാം സ്ഥാനം കാക്കമരംകൊത്തിക്കാണ്. കാക്കയോളം വലിപ്പം വരും. വയറിന്റെ ഭാഗത്തു വെളുപ്പും ബാക്കി ശരീരഭാഗം കറുപ്പുനിറവുമായിരിക്കും. തലയിൽ കാണുന്ന നീളൻതൊപ്പി കടുംചുവപ്പാണ്. കാട്ടിലെ വന്മരങ്ങളാണ് ഇഷ്ടസ്ഥലം. കാട്ടുമരങ്ങളിൽ ഇതു തിരിഞ്ഞിരുന്നു ശക്തമായി കൊത്തുന്ന കാഴ്ച രസകരമാണ്. അതിന്റെ മുഴക്കമുള്ള സ്വരവും താളവും എത്ര അകലെനിന്നും ഇതിന്റെ സാന്നിധ്യമറിയിക്കും. താരതമ്യേന ചെറുതുമാണ്.

സ്വർണനിറം കലർന്ന മഞ്ഞനിറമാണ് നാട്ടുമരംകൊത്തിയുടെ മുകൾഭാഗത്തിന്. അതിനു താഴേക്കു കറുത്ത നിറം. വെളുപ്പോ മങ്ങിയ മഞ്ഞനിറമോ ആയ അടിഭാഗത്തു കറുത്ത വരകൾ കാണാം. കഴുത്തിനു താഴെ വെള്ളപ്പുള്ളികളും ദൃശ്യം. കൺമഷിയിട്ട മാതിരി കണ്ണിനു കുറുകെയുള്ള വരയാണ് ഈ പക്ഷിയുടെ മറ്റൊരു പ്രത്യേകത. ആൺപക്ഷിയുടെ തലയ്ക്കും തലപ്പൂവിനും കടുംചുവപ്പുനിറം.

മറ്റൊരു മരംകൊത്തിയാണ് ചിത്രാംഗൻ മരംകൊത്തി. വലുപ്പംകുറഞ്ഞ പക്ഷിയാണിത്. പശ്ചിമഘട്ടത്തിലെ കാടുകളിലും ചില നാട്ടിൻപുറങ്ങളിലും ഇതിനെ കാണാം. ഇവയുടെ നിറം ഏതാണ്ടു കറുപ്പാണ്. ചെറിയ വാലുള്ള മരംകൊത്തിയാണിത്. കൊക്കിനും കാലിനും നല്ല കറുപ്പുനിറം തന്നെ. ചിറകിൽ ചങ്ങല പോലെ ചെറുവെള്ളപ്പാടുകൾ കാണാം. മരത്തിലൂടെ വേഗം സഞ്ചരിക്കുന്ന പ്രകൃതമാണിതിന്. മരത്തിൽ കൊത്തിയുണ്ടാക്കിയ പൊത്തിലാണു വാസം. മരങ്ങളിലെ ചിതലുകളും പ്രാണികളുമാണ് ഇഷ്ടഭക്ഷണം. വേനൽക്കാലത്താണ് മുട്ടയിടുക. മൂന്നു മുട്ടവരെ ഉണ്ടാകും.

മരംകൊത്തിയുടെ ശാസ്ത്രനാമം Dinopium benghalense എന്നാണ്.

ഭൂരിപക്ഷം മരംകൊത്തികളും പുഴുക്കളെയും കീടങ്ങളെയും തിന്നുന്നവർതന്നെ. നിലത്തിറങ്ങാറില്ല. പലയിനവും തിരശ്ചീനമായി ഇരിക്കാറുപോലുമില്ല. തലയിലുള്ള കൂന്തൻ ചുവന്ന തൊപ്പിയും കടുപ്പമുള്ള തടി കൊത്തിപ്പൊളിക്കാൻ പറ്റുംവിധത്തിലുള്ള കരുത്താർന്ന ചുണ്ടുമാണ് മരംകൊത്തിയുടെ സവിശേഷതകൾ. മരങ്ങളിൽ കുത്തനെ അള്ളിപ്പിടിച്ചിരിക്കാൻ പറ്റിയ നീണ്ടുനിവർന്ന വിരലുകളും കൊളുത്തുപോലെയുള്ള കൂർത്ത നഖങ്ങളും ഇവയെ ഇതരപക്ഷികളിൽനിന്നു വ്യത്യസ്തമാക്കുന്നു.

■

Deepanalam Weekly
RNI No : 16998/68
Vol. 55 No. 4 Date of Publication 17 March 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

33 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി. ഒ., പാലാ
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ് എസ് എൽസി യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.




കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com
● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ-റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ
വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.






Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org